


പരിശുദ്ധ കാതോലിക്കാബാവായുടെ
മെത്രാഭിഷേക സുവർണ്ണ ജൂബിലി
വിശേഷാൽ പതിപ്പ്

# മലങ്കരസഭ

മെയ് 2003
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

ആശംസകൾ................

ആനകൾക്ക് എടുപ്പതു പൊന്നുമായി
ഞങ്ങൾ പത്തനംതിട്ടയിലും......

സിങ്കപ്പൂർ മൾട്ടികളർ സ്വർണ്ണാഭരണങ്ങളുടെ
വിപുലമായ ശേഖരണം

91.6 എക്സ്പോർട്ട് ക്വാളിറ്റി സ്വർണ്ണാഭരണങ്ങൾ
ഏറ്റവും പുതിയ കളക്ഷൻ



ഇടിമണ്ണിക്കൽ

ഫാഷൻ ജ്വല്ലറി

പത്തനംതിട്ട; ഫോൺ: 2270328

ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേഴ്സിന്റെ
ഹാൾമാർക്കഡ്
സ്വർണ്ണാഭരണങ്ങൾ ലഭിക്കുന്ന
പത്തനംതിട്ട ജില്ലയിലെ ഷോറും
കംപ്യൂട്ടർ മുഖേന 22 ct. ഉറപ്പുവരുത്തിയിട്ടുള്ള ആഭരണങ്ങൾ.

*Our Sister concerns:*

ഇടിമണ്ണിക്കൽ ജ്വല്ലറി
റാന്നി, ഫോൺ: 226043

ഇടിമണ്ണിക്കൽ ജ്വല്ലറി
കാഞ്ഞിരപ്പള്ളി. ഫോൺ: 204875, 206690

ഇടിമണ്ണിക്കൽ ജ്വല്ലറി
മുക്കൂട്ടുതറ ഫോൺ: 254245


# മലങ്കരസഭ

ലക്കം 5, പുസ്തകം 59
മെയ് 2003





## പത്രാധിപസമിതി

**പ്രസിഡന്റ്**
ഫീലിപ്പോസ് മാർ യൗസേബിയോസ്
Phone: (Off)0473 - 222243, (Res)325942

**വൈസ് പ്രസിഡന്റ്**
യൂഹാനോൻ മാർ മിലിത്തോസ്

**ചീഫ് എഡിറ്റർ**
ഫാ.ഡോ. ജോൺ പണിക്കർ
ഫോൺ: 0481 - 2568083, 2566526

**അംഗങ്ങൾ**
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. കെ.എം. ജോർജ്
ഫാ.ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
ഡോ. അലക്സാണ്ടർ കാരയ്ക്കൽ
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

**മാനേജിംഗ് എഡിറ്റർ**
ഫാ.റ്റി.എ. ഇടയാടി
ഫോൺ: 04733 - 279348
Mob:-9447300908

**ഓഫീസ് മാനേജർ**
ഫാ. അലക്സി മാത്യൂസ്
ഫോൺ: 0481 - 2471910



**വരിസംഖ്യ**

**2002 സെപ്റ്റംബർ മുതൽ**

| | | |
|---|---|---|
| **ഇന്ത്യയിൽ** | | |
| ഒറ്റ പ്രതി | : | 7 രൂപ |
| ഒരു വർഷം | : | 75 രൂപ |
| 4 വർഷം | : | 300 രൂപ |
| 10 വർഷം | : | 750 രൂപ |
| **വിദേശത്തേക്ക്** | | |
| ഒരു വർഷം | : | 600 രൂപ |

*Cover Design & Type Setting:-*
M.S. Graphics, Devalokam.


CONTENTS

# ഉൾത്തുടിപ്പുകൾ

### എഡിറ്റോറിയൽ


4 പ. കാതോലിക്കാ ബാവാ തിരുമേനി: ആരാധനയിലൂടെ......
- ഫാ. ഡോ. ജോൺ പണിക്കർ


### പുസ്തക ദർശനം


13 ദൈവതേജസ്വിയെക്കുറിച്ച് ഒരു ചന്ദനദർശനം
- പ്രീത് ചന്ദനപ്പള്ളി


### ലേഖനങ്ങൾ


5 പ. മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനിയും........
- ഫാ. ഡോ. കെ. എം. ജോർജ്ജ്

7 തേരോട്ടം തുടരുന്ന തേജസ്വി
- ഫാ. ഡോ. ജേക്കബ് കുര്യൻ

10 അര നൂറ്റാണ്ടു പിന്നിടുന്ന മൂന്നാമൻ
- വർഗീസ് ജോൺ തോട്ടപ്പുഴ

19 ഹാശാ ആഴ്ച ആരാധനാ സമയ മാറ്റം: ചില ചിന്തകൾ
- ഫാ. ഡാർളി മുളന്തുരുത്തി

35 സേല: ഒരു പഠനം
- ഫാ. ഡോ. മാത്യു ബേബി

36 രക്ഷ പ്രാപിക്കാൻ ഞാൻ എന്തു ചെയ്യണം
- ഫാ. കെ. എസ്. ജോർജ്ജ്, ഒമാൻ


### സ്ഥിരം പംക്തികൾ


ധ്യാനപംക്തി, ബൈബിൾ പഠനം,
ബൈബിൾ പദപ്രശ്നം, ബാലസഭ,
ബൈബിൾ കടങ്കഥകൾ, പ്രതിമാസചിന്തകൾ,
വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ.



ദേവലോകം, കോട്ടയം – 686 038. ഫോൺ: 0481 – 2573234
e-mail: malankara@sancharnet.in

എഡിറ്റോറിയൽ

# പ. കാതോലിക്കാ ബാവാ തിരുമേനി : ആരാധനയിലൂടെ ആത്മാവിനെ ബലപ്പെടുത്തുന്ന ശ്രേഷ്ഠ ഇടയൻ

**ഫാ. ഡോ. ജോൺ പണിക്കർ**

പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൻമേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ മെത്രാഭിഷേക സുവർണ്ണ ജൂബിലി സ്മരണികയായി ഈ ലക്കം 'മലങ്കരസഭ' പ്രത്യേകമായി തയ്യാറാക്കിയിരിക്കുന്നു.

1953 മെയ് 15-ന് കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ച് പ. ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ നിന്ന് മാത്യൂസ് മാർ കൂറിലോസ് എന്ന നാമത്തിൽ മേൽപ്പട്ട സ്ഥാനം സ്വീകരിച്ച തിരുമേനി കൊല്ലം ഭദ്രാസനത്തിന്റെ അഞ്ചാമത്തെ മെത്രാപ്പോലീത്തയായി ദീർഘമായ 38 വർഷം ശുശ്രൂഷ.നിർവഹിച്ചു. തുടർന്ന് 1991 മുതൽ മാർത്തോമ്മായുടെ ശ്ലൈഹിക സിംഹാസനത്തിൽ ആരൂഢനായി മലങ്കരയുടെ ആറാമത്തെ കാതോലിക്കാ എന്ന നിലയിൽ പ. സഭയെ സുധീരം നയിച്ചുകൊണ്ടിരിക്കുന്നു.

ഒരു മെത്രാപ്പോലീത്താ എന്ന നിലയിൽ സഹിക്കാവുന്നതും അതിലുപരിയുമായ കഷ്ടതകൾ സഹിച്ചുകൊണ്ട് മാലാഖയുടെ തേജസ്സോടെ കൊല്ലം-തിരുവനന്തപുരം ജില്ലകളിൽ അദ്ദേഹം സഭയെ വളർത്തി. ക്രമീകൃതമായ ഇടവക സന്ദർശനം ഏറെക്കുറെ നഷ്ടമായിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഇടവിടാതെ അദ്ദേഹം നടത്തിയിട്ടുള്ള ഇടവക സന്ദർശനങ്ങൾ വിശ്വാസികളിൽ ഉളവാക്കിയിട്ടുള്ള ആത്മീയ ഉണർവ്വും ആനന്ദവും മുതിർന്ന തലമുറ വിസ്മരിക്കുകയില്ല.

പരിശുദ്ധ സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ എന്ന നിലയിൽ കർമ്മ നിരതനും നയതന്ത്രജ്ഞനും കഠിനാദ്ധ്വാനിയുമായ ശ്രേഷ്ഠ മഹാപുരോഹിതനായി അദ്ദേഹം ദേശീയ-അന്തർദേശീയ തലങ്ങളിൽ നിറഞ്ഞു നിൽക്കുന്നു. സഭയിലും സ്വജീവിതത്തിലും ഉണ്ടാകുന്ന പ്രതിസന്ധികളിൽ പലതും തരണം ചെയ്യുവാൻ ജീവിതത്തിൽ വിനയവും വിജ്ഞാനവും സമന്വയിപ്പിച്ചിരിക്കുന്ന പ. പിതാവിന് തന്റെ സ്നേഹോഷ്മളമായ സമീപനം കൊണ്ട് കഴിയുന്നുണ്ട്. ആരാധനയിലൂടെ ആത്മാവിനെ ബലപ്പെടുത്തുന്ന ഇടയ ശ്രേഷ്ഠനാണ് തിരുമേനി. പ്രാർത്ഥന, നോമ്പ്, ഉപവാസം, കുമ്പിട്ടുള്ള നമസ്ക്കാരം തുടങ്ങിയ അടിസ്ഥാന അനുഷ്ഠാനങ്ങളിൽ ഒരു തരത്തിലും വിട്ടുവീഴ്ച കാണിക്കാത്ത തിരുമേനിയുടെ അജപാലനകർമ്മം ശ്രേഷ്ഠമാണ്.

പരിശുദ്ധ പിതാവിന് സഭയെക്കുറിച്ച് ചില നല്ല സ്വപ്നങ്ങൾ ഉണ്ട്. അവയിൽ ചിലതു മാത്രം ഇവിടെ കുറിക്കുന്നു.

i) മലങ്കര സഭ ഭാരതീയവും പൗരാണികവും ശ്ലൈഹികവുമായ വി. സഭയാകയാൽ അതിന് ഉൾഭരണ സ്വാതന്ത്ര്യവും സ്വയ ശീർഷകത്വവും ഉണ്ടാകണം.

ii) ശ്ലൈഹിക അധികാരമുള്ള സഭാ പാരമ്പര്യങ്ങളെ കാലദേശ സംസ്ക്കാരങ്ങളുടെ ചട്ടക്കൂട്ടിനുള്ളിൽ ഉറപ്പിച്ചു നിർത്തണം. അർത്ഥമില്ലാത്തതും ആകർഷണ ശക്തി നഷ്ടപ്പെട്ടതുമായ ആചാരാനുഷ്ഠാനങ്ങളെ സഭാ ജീവിതത്തിൽ നിന്ന് അടർത്തി മാറ്റിയ ശേഷം കാലോചിതവും ആധികാരികത ഉള്ളതും ആയവയെ പരിപോഷിപ്പിക്കണം.

iii) സഭാ മക്കൾ തികഞ്ഞ സഭാ സ്നേഹികളും സ്വാർത്ഥത കലരാത്ത മനുഷ്യ സ്നേഹികളും ആയി തീരത്തക്ക വിധത്തിലുള്ള കർമ്മ പദ്ധതികൾ സഭയിൽ ആവിഷ്ക്കരിക്കണം. മനുഷ്യ സ്നേഹത്തിന് ജാതി-മതങ്ങളുടെ വേലിക്കെട്ടുകൾ തടസ്സമാകരുത് എന്ന യാഥാർത്ഥ്യം സഭാ മക്കൾ ഉൾക്കൊള്ളണം.

പരിശുദ്ധ പിതാവിന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനു വേണ്ടി പ്രാർത്ഥിക്കുന്നു. തിരുമേനിയെ സഭയ്ക്കു നൽകിയ ത്രീയേക ദൈവത്തെ സഭ ഒന്നായി നിന്നുകൊണ്ട് സ്തുതിക്കുന്നു. അനുപമമായ വ്യക്തി വിലാസത്താൽ അനുഗൃഹിതനായിരിക്കുന്ന പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിക്ക് മലങ്കര സഭയുടെ പ്രാർത്ഥനാ നിർഭരമായ ആശംസകൾ!!



ലേഖനം

ഫാ. ഡോ. കെ. എം. ജോർജ്ജ്

# പ. മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനിയും ചില സമാധാന ചിന്തകളും

പ. കാതോലിക്കാ ബാവാ മർത്തോമ്മാ മാത്യൂസ് രണ്ടാമൻ തിരുമേനി മലങ്കരസഭയുടെ സമാധാനത്തിനുവേണ്ടി നടത്തിയ നിരവധി ശ്രമങ്ങളെക്കുറിച്ച് സഭയിൽ മിക്കവർക്കും അറിഞ്ഞുകൂടാ. അതിനു പ്രധാന കാരണം, വളരെ സൂക്ഷിച്ച് കൈകാര്യം ചെയ്യേണ്ട വിഷയമായതിനാൽ, എല്ലാ സമാധാന ശ്രമങ്ങളും പത്രങ്ങളിൽ പ്രസിദ്ധീകരിക്കാനോ പരസ്യ പ്രസംഗങ്ങളിൽ വ്യക്തമാക്കാനോ സാദ്ധ്യമായില്ല എന്നുള്ളതാണ്. എന്നാൽ വളരെ താഴ്മയോടും ആത്മാർത്ഥതയോടും കൂടി അദ്ദേഹം നടത്തിയ അനുരഞ്ജന ശ്രമങ്ങളെക്കുറിച്ച് അടുത്തറിഞ്ഞവർക്ക്, തിരുമേനിയോട് വളരെ ബഹുമാനവും ആദരവും തോന്നും. മലങ്കര സഭയ്ക്കു പുറത്തുള്ള ചില വൈദിക മേലദ്ധ്യക്ഷന്മാരും അനുരഞ്ജന ശ്രമങ്ങളിൽ പങ്കെടുത്ത ചില സാമൂഹിക നേതാക്കളും തിരുമേനിയോട് ഇക്കാര്യത്തിൽ അകളങ്കമായ ആദരവ് പുലർത്തുന്നതായി അറിയാം.

> **മലങ്കര സഭയിൽ ഐക്യത്തിനുള്ള എല്ലാ വഴികളും അടഞ്ഞിട്ടില്ല. സമാധാനം നടത്തുന്നവർ ഭാഗ്യവാന്മാർ എന്ന കർത്തൃവചനം തീർത്തും നിഷ്ഫലമാണെന്ന് വരാതിരിക്കാൻ, കർത്താവു സമാധാന ദൂതന്മാരെ നമുക്കയച്ചുതരും. മലങ്കരസഭയുടെ അപ്പൊസ്തോലികവും ഭാരതീയവും പൗരസ്ത്യവുമായ സ്വഭാവത്തെയും ദൗത്യത്തെയും തെളിഞ്ഞ മനസ്സോടെ അംഗീകരിക്കുന്ന ധീരനും വിശുദ്ധനും ആയ ഒരു പാത്രിയർക്കീസ് ഉണ്ടായാൽ ഇവിടെ സമാധാനം കൈവരും. അല്ലെങ്കിൽ, മലങ്കര സഭയുടെ മക്കൾ ഒറ്റക്കെട്ടായി നിന്ന് അവരുടെ അപ്പോസ്തോലിക പൈതൃകവും തനിമയും ഭാരതത്തിലെ ക്രിസ്തീയ ദൗത്യവും തിരിച്ചറിഞ്ഞ്, പ്രവർത്തിക്കയും മറ്റു പുരാതന സഭകളോട് സത്യവിശ്വാസത്തിലും പരസ്പര ബഹുമാനത്തിലും യഥാർത്ഥ സ്നേഹത്തിലും വി. കൂദാശകളിലും പരസ്പര സഹകരണത്തിലും ഊന്നിയതുമായ ബന്ധം നിലനിർത്തുകയും ചെയ്താൽ ഇവിടെ സമാധാനമുണ്ടാകും.**

പാത്രിയർക്കീസ് ബാവായോട് നേരിട്ടും, മലങ്കരസഭയിൽ "പാത്രിയർക്കീസ് വിഭാഗ"ത്തിന്റെ നേതാവിനോടും മറ്റു പല പ്രമുഖ നേതാക്കളോടും നേരിട്ടു പലവട്ടം പ. ബാവാതിരുമേനി സംസാരിക്കയും ക്രിസ്തീയ സമാധാനത്തിന് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കയും ചെയ്തു. തിരുമേനിയുടെ ത്യാഗസന്നദ്ധതയെയും വിനയത്തെയും ചിലരെങ്കിലും ഇക്കാര്യത്തിൽ മുതലെടുത്തതായും അറിയാം. നിർഭാഗ്യവശാൽ, അകത്തും പുറത്തുമുള്ള ചില ശക്തികൾ നീതിപൂർവ്വകവും മലങ്കരസഭയ്ക്കും അന്ത്യോഖ്യൻ സുറിയാനി സഭയ്ക്കും പ്രയോജനകരവുമായ സമാധാന നിർദേശങ്ങളെ എപ്പോഴും അട്ടിമറിച്ചുകൊണ്ടിരുന്നു.

സമാധാന ശ്രമങ്ങളിൽ, മലങ്കര സഭയുടെ അടിസ്ഥാന പ്രമാണങ്ങൾ ഒഴിച്ച്, ബാക്കി കാര്യങ്ങളിൽ ഏതറ്റം വരെ പോകുന്നതിനും തിരുമേനി തയ്യാറായിരുന്നു. മലങ്കര അസോസ്യേഷനിൽ ഭൂരിപക്ഷമില്ലെങ്കിൽ താൻ രാജിവെച്ചുകൊള്ളാമെന്ന് ആത്മാർത്ഥതയോടെ അദ്ദേഹം സുപ്രീംകോടതിയെ അറിയിച്ചത്, കോടതിയിൽ എത്രമാത്രം ആദരവ് തിരുമേനിയെക്കുറിച്ച് സൃഷ്ടിച്ചു എന്ന് അവിടെയുണ്ടായിരുന്നവർ സാക്ഷിക്കുന്നു.

ഇപ്പോഴും ഇരുഭാഗത്തുമുള്ള പല നല്ല ആളുകളും സമാധാന സാദ്ധ്യതയെക്കുറിച്ച് ആകാംക്ഷയോടെ ചോദിക്കാറുണ്ട്. സമാധാനത്തിനുവേണ്ടി ഇപ്പോഴും കണ്ണീരോടെ പ്രാർത്ഥിക്കുന്നവർ ധാരാളമുണ്ട്. ഒരേ വിശ്വാസവും ഒരേ രക്തവുമായ മലങ്കരസഭാ കുടുംബം എന്തിനുവേണ്ടിയാണ് രണ്ടായി നിലകൊണ്ട്, അതി നിന്ദ്യമായ പരസ്പര യുദ്ധത്തിൽ ഏർപ്പെടുന്നത് എന്ന് ആത്മാർത്ഥമായി ചോദിക്കുന്നവർ ഇരുഭാഗത്തുമുണ്ട്.

സമാധാന പുനഃസ്ഥാപനത്തിന് തടസ്സമായിരിക്കുന്ന ചില ഘടകങ്ങളെങ്കിലും നമുക്ക് ഇന്ന് വ്യക്തമാണ്.

1. അന്ത്യോഖ്യൻ സുറിയാനി സഭയിലെ പാത്രിയർക്കീസന്മാർ പൊതുവെ പറഞ്ഞാൽ, ഇവിടെ സമാധാനമുണ്ടാക്കുന്നതിന് തൽപ്പരർ അല്ല. ചിലർ വ്യക്തിപരമായി അതിനു തയ്യാറായാലും, അവരുടെ മേൽ സ്വാധീനം ചെലുത്തുന്ന വ്യക്തികൾ, സിറിയയിലും മലങ്കരയിലും, അവരെ സമാധാന ശ്രമങ്ങളിൽ നിന്ന് പിൻതിരിപ്പിക്കും, കാരണം, മദ്ധ്യപൗരസ്ത്യ ദേശത്ത് വളരെ ചെറിയ ഒരു സഭയായ സുറിയാനിസഭ അതിന്റെ ഒരു കോളനിപോലെയാണ് മലങ്കരസഭയെ കരുതുന്നത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ, ഇൻഡ്യയിലേക്കു വരുന്നതിനു മുൻപ് ലണ്ടനിൽപ്പോയി ബ്രിട്ടീഷ് അധികാരികളെ കണ്ട പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ മനസ്സിൽ ഒരു സാമ്രാജ്യത്വ മാതൃക ഉണ്ടായിരുന്നു. വെള്ളക്കാരായ ഇംഗ്ലീഷുകാർ കറുത്തവരായ ഇൻഡ്യക്കാരെ ചെറുവിരൽ കൊണ്ട് ഭരിച്ച് നിയന്ത്രിക്കുന്നതുപോലെ, താരതമ്യേന വെളുത്തവരായ സുറിയാനിക്കാർക്ക് നിഷ്പ്രയാസം കറുത്തവരായ ഭാരതീയ.നസ്രാണികളെ ഭരിക്കാൻ കഴിയും എന്ന ആത്മ വിശ്വാസമാണ് ആ സാമ്രാജ്യത്വമാതൃകയ്ക്കു പുറകിലുണ്ടായിരുന്നത്. ഇൻഡ്യാക്കാർ കറുത്തവരും അപരിഷ്കൃതരുമാണെന്ന് മദ്ധ്യകാല സുറിയാനി ഗ്രന്ഥങ്ങളിലും പ്രാർത്ഥനകളിലും പ്രസ്താവിക്കുന്നുണ്ട്. വർണ്ണവിവേചനവും അധീശത്വ മനോഭാവവും ഇവയിൽ തെളിഞ്ഞു നിൽക്കുന്നു. സുറിയാനി ഭാഷയിലും

ദൈവശാസ്ത്ര പാരമ്പര്യത്തിലും അഗാധപണ്ഡിതനും തപോനിഷ്ഠനുമായിരുന്ന ഔഗേൻ പ്രഥമൻ കാതോലിക്കാ. ബാവാ അഞ്ച് പാത്രിയർക്കീസന്മാരുമായി ഇടപഴകയിട്ടുണ്ട്. അവരിൽ, ഇവിടെ കാതോലിക്കേറ്റ് സ്ഥാപിക്കാൻ സഹായിച്ച അബ്ദൽ മശിഹാ, മഞ്ഞനിക്കരെ കബറടക്കിയിരിക്കുന്ന ഏലിയാസ് തൃതീയൻ എന്നീ പാത്രിയർക്കീസന്മാരോട് മാത്രമേ യഥാർത്ഥ ബഹുമാനം തനിക്കുണ്ടായിട്ടുള്ളു എന്ന് പറഞ്ഞിരുന്നതായി ശിഷ്യന്മാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇൻഡ്യയിൽ ലഭിക്കുന്നതുപോലെയുള്ള രാജകീയ സ്വീകരണവും കൈമുത്തുമൊന്നും പാത്രിയർക്കീസന്മാർക്കും സുറിയാനിക്കാരായ മെത്രാന്മാർക്കും മറ്റൊരിടത്തും ലഭിക്കയില്ല. ദാസ്യമനോഭാവത്തോടെ അവരെ ശുശ്രൂഷിക്കാൻ തയാറാകുന്ന ഒരു ജനതയെ സ്വാതന്ത്ര്യത്തിന്റെ മാധുര്യം അനുഭവിക്കാൻ സ്വാഭാവികമായും അവർ അനുവദിക്കയില്ല. ഇപ്പോഴും ഇൻഡ്യയിലെ പാത്രിയർക്കീസ് വിഭാഗത്തിൽ നിന്ന് ശീമയിൽ ചെല്ലുന്ന മെത്രാന്മാരോടും വൈദികരോടും, അധികാരത്തോടും ഉന്നത ഭാവത്തോടും കൂടി പെരുമാറുന്ന സുറിയാനിക്കാരായ മെത്രാന്മാരുണ്ട്. അന്ത്യോഖ്യാ മലങ്കര ബന്ധത്തെ ഒരു കോളനി വാഴ്ചയായി മാത്രം നിലനിർത്താൻ ആഗ്രഹിക്കുന്ന പാത്രിയർക്കീസന്മാരിൽ നിന്ന് സമാധാന നീക്കങ്ങൾ സാധാരണ ഗതിയിൽ ഉണ്ടാകുകയില്ല. വ്യക്തിപരമായി ലളിതമനസ്ക്കനെന്ന് പലരും വിശേഷിപ്പിക്കുന്ന സക്കാ പ്രഥമൻ പാത്രിയർക്കീസിനോട് സമാധാനത്തെക്കുറിച്ച് ആരെങ്കിലും ചോദിച്ചാൽ സ്ഥിരമായ മറുപടി "മലങ്കരയിൽ നിങ്ങൾ തമ്മിൽ സമാധാനം ഉണ്ടാക്കിയാൽ, ഞാൻ അക്കൂടെ നിൽക്കാം" എന്നാണ് എന്നാൽ മലങ്കരയിൽ സമാധാനം ഉണ്ടാക്കുന്നതിനുള്ള താക്കോൽ പാത്രിയർക്കീസിന്റെ കൈയിലാണെന്നുള്ളത് അദ്ദേഹം വിസ്മരിച്ചിട്ടില്ല. സമ്മർദ്ദങ്ങൾക്കും ഭീഷണികൾക്കും വഴങ്ങിപ്പോകുന്നു എന്നു മാത്രം. കൊളോണിയൽ അധീശത്വ സംസ്ക്കാരത്തെക്കുറിച്ച് ധാരാളം പഠനങ്ങളും വിശകലനങ്ങളും ഇപ്പോൾ ലഭ്യമാണ്. അവയുടെ വെളിച്ചത്തിൽ മലങ്കര അന്ത്യോഖ്യാ ബന്ധത്തെ ആരെങ്കിലും ഒരു നല്ല ഗവേഷക വിദ്യാർത്ഥി, വിശകലനം ചെയ്തു പഠിച്ചാൽ മനസ്സിലാകും കോളനിവൽക്കരണത്തിന്റെ സർവ്വലക്ഷണങ്ങളും തികഞ്ഞ ഒരു ബന്ധമാണ് അതെന്ന്. ആത്മീയതയുടെ പരിവേഷവും അധീശത്വഘടനയെ സഹായിക്കുന്ന തെറ്റായ ചില വേദശാസ്ത്ര സങ്കൽപ്പങ്ങളും ആ ബന്ധത്തെ പൊതിഞ്ഞു നിൽക്കുന്നതും മനസ്സിലാക്കാം.

2. മലങ്കരയിൽ "പാത്രിയർക്കീസ് വിഭാഗ"ത്തിലുള്ള ആളുകളെ നയിക്കുന്നവർ മിക്കവരും ഒരിക്കലും മലങ്കര സഭയും അന്ത്യോഖ്യൻ സുറിയാനി സഭയും തമ്മിലുള്ള കാനോനികവും ചരിത്രപരവും ദൈവശാസ്ത്ര പരവുമായ ബന്ധത്തെ അതിന്റെ ശരിയായ കാഴ്ചപ്പാടിൽ ജനങ്ങളെ പഠിപ്പിക്കാൻ ശ്രമിച്ചിട്ടില്ല. പകരം, ജനങ്ങളിൽ എതിർപക്ഷത്തോടുള്ള ശത്രുതയും വിദ്വേഷവും വളർത്തുകയും മലങ്കര-അന്ത്യോഖ്യാ ബന്ധത്തിന്റെ യഥാർത്ഥ സ്വഭാവത്തെ തമസ്ക്കരിക്കയും ചെയ്തു. സുറിയാനിയിലും പൗരസ്ത്യ സഭാ വിജ്ഞാനീയത്തിലും ആരാധനാവിഷയങ്ങളിലും അത്യഗാധമായ ജ്ഞാനം നേടിയ ഔഗേൻ പ്രഥമൻ കാതോലിക്കാബാവാ, ഫാ. വി. സി. സാമുവേൽ തുടങ്ങിയ നിരവധി പ്രഗൽഭ ഗുരുക്കന്മാർ, ആ ബന്ധത്തെ സുറിയാനി ഓർത്തഡോക്സ് പാരമ്പര്യത്തിന്റെ തന്നെ വെളിച്ചത്തിൽ കാണുകയും, മലങ്കരസഭയുടെ ഐക്യം, തനിമ, സ്വാതന്ത്ര്യം എന്നീ തത്വങ്ങൾ മുൻ നിർത്തി ഒരു നിലപാട് എടുക്കുകയും ചെയ്തു. പാത്രിയർക്കീസ് വിഭാഗത്തിൽ ജനിച്ചു വളർന്ന്, പഠിച്ചു വന്ന ഈ ഗുരുക്കന്മാരുടെയും അവരെപ്പോലെയുള്ള മറ്റ് നേതാക്കളുടെയും നിലപാട് ഒരിക്കലും അന്ത്യോഖ്യാ പാത്രിയർക്കീസിനോടോ സുറിയാനി പാരമ്പര്യത്തോടോ എതിരായിരുന്നില്ല. മലങ്കര സഭയും അന്ത്യോഖ്യൻ സുറിയാനി സഭയും തമ്മിലുള്ള സമഞ്ജസവും ഇരുകൂട്ടർക്കും പ്രയോജനകരവും പൗരസ്ത്യ സഭാ തത്വങ്ങൾക്ക് അനുയോജ്യവും പരസ്പര ബഹുമാനത്തിൽ ഊന്നിയതുമായ ഒരു ബന്ധമാണ് അവർ വിഭാവനം ചെയ്തത്. ഇന്നും സഭാ സമാധാനം ആഗ്രഹിക്കുന്നവർ ആ രീതിയിൽ ആണ് ചിന്തിക്കുന്നത്. എന്നാൽ ജനങ്ങളിൽ കക്ഷി വിഷം കുത്തിവയ്ക്കുന്നവർ അവരെ നിർബന്ധപൂർവ്വം ഇരുപാളയങ്ങളിലാക്കുന്നു. 'നിങ്ങൾ കാതോലിക്കായുടെ കൂടെയാണെങ്കിൽ, പാത്രിയർക്കീസിന് എതിരാണ്. പാത്രിയർക്കീസിന്റെ കൂടെയാണെങ്കിൽ കാതോലിക്കായ്ക്ക് എതിരാണ്' എന്ന മട്ടിലുള്ള വിഭജനമാണിത്. പൊതു നന്മയെക്കുറിച്ചും സഭയുടെ മഹത്തായ ദൗത്യത്തെക്കുറിച്ചും ചിന്തിക്കാതെ സ്വന്തം സ്ഥാനങ്ങളിലും അധികാരത്തിലും മാത്രം വിശ്വസിക്കുന്ന നേതാക്കൾ എപ്പോഴും ഈ ധ്രുവീകരണ തന്ത്രം ജനങ്ങൾക്കിടയിൽ പ്രയോഗിക്കും. ഇരുപതാം നൂറ്റാണ്ടിൽ അഡോൾഫ് ഹിറ്റ്ലറും മുഹമ്മദാലിജിന്നയും അടുത്തയിടെ പ്രസിഡന്റ് ജോർജ്ജ് ബുഷും ഇൻഡ്യയിൽ മതതീവ്രവാദികളും എല്ലാം രാഷ്ട്രീയത്തിൽ ഉപയോഗിച്ചത് ഈ തന്ത്രമാണ്'.

3. മലങ്കരസഭയിൽ നിന്ന് യാതൊരു നിയമവും തിരഞ്ഞെടുപ്പുമില്ലാതെ അനർഹരായ സ്ഥാന കാംക്ഷികൾ പാത്രിയർക്കീസിന്റെ അടുത്തുപോയി മെത്രാൻ സ്ഥാനം പ്രാപിച്ചു തിരിച്ചു വന്ന് ഇവിടെ കലഹമുണ്ടാക്കുന്ന ദയനീയ സ്ഥിതിക്കു മാറ്റം വരുത്താൻ ഇവിടെ ഭരണഘടനയും, അസോസ്യേഷൻ തെരഞ്ഞെടുപ്പും, സുന്നഹദോസും, മാനേജിംഗ് കമ്മറ്റിയുമെല്ലാം പ്രവർത്തന നിരതമായിരുന്നു. കഴിഞ്ഞ സഭാസമാധാനക്കാലത്ത് അത് നടപ്പാക്കുകയും ചെയ്തു. അങ്ങനെ കാനോനികവും സൗഹൃദപൂർണ്ണവും അതീവ ഫലപ്രദവുമായ ഒരു ബന്ധത്തിൽ മലങ്കര സഭയും അന്ത്യോഖ്യൻ സുറിയാനി സഭയും പ്രവേശിച്ചു കഴിഞ്ഞപ്പോഴാണ് തിന്മയുടെ ശക്തി വീണ്ടും അതിനെതിരേ ആഞ്ഞടിച്ചത്. അനൈക്യത്തിന്റെയും അരാജകത്വത്തിന്റെയും വാതിൽ വീണ്ടും തുറന്നു. ആഗോള സഭയുടെ ചരിത്രം ഒന്നാം നൂറ്റാണ്ടു മുതൽ നോക്കിയാൽ, അനർഹരായ വ്യക്തികൾ അദ്ധ്യക്ഷസ്ഥാനം (എപ്പിസ്ക്കോപ്പാ) മോഹിച്ചുകൊണ്ട് ചെയ്തുകൂട്ടുന്ന വിക്രിയകളാണ് സഭയിലെ ഭിന്നതകളുടെ ഒരു സുപ്രധാന കാരണം എന്നു മനസ്സിലാകും. ഇന്ന് അത് വളരെ പ്രസക്തമാണ്. മെത്രാൻ സ്ഥാനം കാംക്ഷിച്ച്, അതിന് യാതൊരു യോഗ്യതയും വിളിയും ഇല്ലാത്തവർ പാത്രിയർക്കീസിന്റെ അടുക്കൽ നിന്ന് ഏതു മാർഗ്ഗം ഉപയോഗിച്ചും അത് നേടിയെടുക്കാനുള്ള തത്രപ്പാടിൽ, ബലിയാടുകളാകുന്നത് സഭയിലെ സാധാരണക്കാരായ ജനങ്ങളാണ്. അവരുടെ ക്രിസ്തീയ ദർശനവും പരസ്പര സ്നേഹവും നശി





ഫാ. ഡോ. ജേക്കബ് കുര്യൻ

# തേരോട്ടം തുടരുന്ന തേജസ്വി



ശാന്തി രഥത്തിന്റെ നായകന് ധർമ്മയുദ്ധത്തിന്റെയും നായകത്വം വഹിക്കേണ്ടിവരുന്നത് വിരോധാഭാസമായിരിക്കാം. പക്ഷെ അതു സംഭവിച്ചിട്ടും ദൈവതേജസിന്റെ മന്ദഹാസം കൈവിടാതെ തേരോട്ടം തുടരുന്ന തേജസ്വിയാണ് മലങ്കരയുടെ ആറാം കാതോലിക്കായായ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ. 1953 മെയ് 15-ന് കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ച് 38-ാം വയസിൽ, മാത്യൂസ് മാർ കൂറിലോസ് എന്ന പേരിൽ മെത്രാൻ സ്ഥാനത്തേക്ക് മറ്റു നാലു പേരൊടൊപ്പം പ്രവേശിച്ചതിനെ അമ്പതു വർഷത്തിന്റെ കർമ്മസാഫല്യത്തോടെ പ. പിതാവ് അനുസ്മരിക്കുമ്പോൾ ഒരു പ്രകാശഗോപുരത്തിന്റെ കഥയായിരിക്കും അനാവരണം ചെയ്യപ്പെടുന്നത്.

കൊല്ലം പെരിനാട് പുതുശ്ശേരഴികത്ത് പുത്തൻവീട്ടിൽ ഇടിക്കുളയുടെയും അന്നമ്മയുടെയും എട്ടുമക്കളിൽ സീമന്തനായി 1915 ജനുവരി 30-ന് ജനിച്ചു. ജന്മനാട്ടിൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിക്കഴിഞ്ഞ്, കോട്ടയം പഴയ സെമിനാരി, പത്തനംതിട്ട ബേസിൽ ദയറ, കൽക്കട്ട ബിഷപ്സ് കോളജ്, ന്യൂയോർക്ക് ജനറൽ തിയോളജിക്കൽ സെമിനാരി എന്നിവിടങ്ങളിൽ വൈദിക പരിശീലനവും, വേദശാസ്ത്രാഭ്യസനവും പൂർത്തിയാക്കിയെങ്കിലും ഓതറ സെന്റ് ജോർജ്ജ് ദയറായുടെ അന്തരീക്ഷമാണ് അദ്ദേഹത്തെ ഏവർക്കും പ്രിയങ്കരനായ "എയ്ഞ്ചൽ" അച്ചനാക്കി മാറ്റിയത്. 1953-ൽ കൊല്ലം ഭദ്രാസന സഹായ മെത്രാപ്പോലീത്തായായും ചുമതലയേറ്റതോടെ ധ്യാനയോഗവും കർമ്മയോഗവും സമന്വയിപ്പിക്കുന്ന സുപ്രധാന ദൗത്യമാണദ്ദേഹം ഏറ്റെടുത്തത്. അന്നു മുതൽ 1991 ഏപ്രിൽ 29-ാം തീയതി പരുമലയിൽ വച്ച് മലങ്കരയുടെ ആറാം കാതോലിക്കായായി അവരോധിക്കപ്പെടുന്നതുവരെയുള്ള മുപ്പത്തെട്ടു വർഷങ്ങൾ പ്രത്യേകമായും ഒരു ഭദ്രാസനത്തിന്റെയും ഒരു ജനതയുടെയും ആധ്യാത്മികവും, വിദ്യാഭ്യാസപരവും, സാമൂഹ്യവുമായ ഉന്നമനത്തിനുഴിഞ്ഞു വച്ചതായിരുന്നു. അതോടൊപ്പം സഭയ്ക്കു മുഴുവനായും സജീവ നേതൃത്വം നൽകുന്ന ഒരു മെത്രാപ്പോലീത്തായുടെയും ആത്മീയ പിതാവിന്റെയും മനോഹരചിത്രം അദ്ദേഹം സഭാംഗങ്ങളുടെ ഹൃദയങ്ങളിൽ പ്രതിഷ്ഠിച്ചു.

കൊട്ടാരക്കര സെന്റ് ഗ്രീഗോറിയോസ് കോളേജ്, അടൂർ സെന്റ് സിറിൾസ് കോളേജ്, കൊട്ടാരക്കര ട്രെയിനിംഗ് കോളേജ് എന്നിവ കൂടാതെ ഒന്നര ഡസനോളം സ്ക്കൂളുകളും പത്തോളം സന്യാസി കേന്ദ്രങ്ങളും അദ്ദേഹത്തിന്റെ ആത്മീയ ദർശനത്തിന്റെയും കഠിനാധ്വാനത്തിന്റെയും ഉദാഹരണങ്ങളാണ്. ദീർഘകാലം മലങ്കര ഓർത്തഡോക്സ് സണ്ടേസ്ക്കൂൾ പ്രസ്ഥാനത്തിന്റെ പ്രസിഡന്റായും, നിലയ്കൽ എക്യുമെനിക്കൽ കമ്മറ്റിയുടെ അധ്യക്ഷനായും മലങ്കരസഭാ ഇന്റർ ചർച്ച് റിലേഷൻസ് ഉൾപ്പെടെ നിരവധി കമ്മറ്റികളുടെ സജീവാംഗമായും പ്രവർത്തിച്ചിട്ടുള്ള മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കായായപ്പോൾ സഭയ്ക്കകത്തും, പുറത്തും ഏറ്റം സമാദരണീയ

പ്പിച്ച് ഈ ഇടയന്മാർ അവരെ വിരുദ്ധ ചേരികളിലും ചാവേർപ്പടകളിലും തളച്ചിടുന്നു. ജനങ്ങൾ തമ്മിലുള്ള സ്വാഭാവികമായ സൗഹൃദം, ഔദാര്യം, കൊടുക്കൽ വാങ്ങലുകൾ, പരസ്പരസഹായം, ഐക്യദാർഢ്യം, ഏക കുടുംബബോധം എന്നീ ദിവ്യദാനങ്ങളെ നശിപ്പിച്ച്, അവരിൽ വിദ്വേഷത്തിന്റെയും വേർപാടിന്റെയും ദുർഭൂതങ്ങളെ നിവേശിപ്പിക്കുന്നവരാണ് ഇത്തരം അനർഹരായ ഇടയന്മാർ. കക്ഷി വഴക്കിൽ മാത്രമല്ല, ഓരോ സഭയ്ക്കകത്തും ഇത്തരം എപ്പിസ്ക്കോപ്പൽ സ്ഥാനകാംക്ഷികളെ നാം ഭയപ്പെടുകയും, അവരിൽ നിന്ന് ബഹുദൂരം അകന്നു നിൽക്കുകയും ചെയ്യണം.

മലങ്കര സഭയിൽ ഐക്യത്തിനുള്ള എല്ലാ വഴികളും അടഞ്ഞിട്ടില്ല. സമാധാനം നടത്തുന്നവർ ഭാഗ്യവാന്മാർ എന്ന കർത്തൃവചനം തീർത്തും നിഷ്ഫലമാണെന്ന് വരാതിരിക്കാൻ, കർത്താവു സമാധാന ദൂതന്മാരെ നമുക്കയച്ചുതരും. മലങ്കരസഭയുടെ അപ്പൊസ്തോലികവും ഭാരതീയവും പൗരസ്ത്യവുമായ സ്വഭാവത്തെയും ദൗത്യത്തെയും തെളിഞ്ഞ മനസ്സോടെ അംഗീകരിക്കുന്ന ധീരനും വിശുദ്ധനും ആയ ഒരു പാത്രിയർക്കീസ് ഉണ്ടായാൽ ഇവിടെ സമാധാനം കൈവരും. അല്ലെങ്കിൽ, മലങ്കര സഭയുടെ മക്കൾ ഒറ്റക്കെട്ടായി നിന്ന് അവരുടെ അപ്പോസ്തോലിക പൈതൃകവും തനിമയും ഭാരതത്തിലെ ക്രിസ്തീയ ദൗത്യവും തിരിച്ചറിഞ്ഞ്, പ്രവർത്തിക്കയും മറ്റു പുരാതന സഭകളോട് സത്യവിശ്വാസത്തിലും പരസ്പര ബഹുമാനത്തിലും യഥാർത്ഥ സ്നേഹത്തിലും വി. കൂദാശകളിലും പരസ്പര സഹകരണത്തിലും ഊന്നിയതുമായ ബന്ധം നിലനിർത്തുകയും ചെയ്താൽ ഇവിടെ സമാധാനമുണ്ടാകും.

സവിശേഷമായ താലന്തുകൾ ദൈവം ഏൽപ്പിച്ചിരിക്കുന്ന മലങ്കരസഭ മുഴുവനായി ഉണർന്ന് ഐക്യത്തിന്റെ പാതയിലേക്ക് നീങ്ങുമെന്ന് നമുക്ക് ആശിക്കാം.

രൂപം, സാന്നിദ്ധ്യം, വാക്ക്, പെരുമാറ്റം എന്നിവകൊണ്ട് സമാധാന പുത്രനെന്ന് വിളിക്കപ്പെടാൻ യോഗ്യതയുള്ള പരി. ബാവാതിരുമേനിക്ക് ദൈവം ആ ഭാഗ്യം നൽകട്ടെ.

വ്യക്തിത്വമായി മാറി.

യശഃശരീരനായ ഡോ. സാമുവേൽ ചന്ദനപ്പള്ളി, പ. പിതാവിന്റെ നേട്ടങ്ങളെ സംക്ഷിപ്തമായി രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്.

"ഒരു സഭയുടെ പരമാധ്യക്ഷൻ എന്ന നിലയിൽ വിശ്രമ രഹിതനായി പ്രവർത്തിക്കുന്ന പരി. പിതാവിന്റെ ഭരണകാലത്ത്, സഭയ്ക്കുണ്ടായിട്ടുള്ള നേട്ടങ്ങൾ വിസ്മരിക്കാനാവില്ല. കാതോലിക്കേറ്റ് അരമനയുടെ പുതിയ ബ്ലോക്ക്, കാതോലിക്കേറ്റ് അരമന ഓഡിറ്റോറിയം, കാതോലിക്കേറ്റ് ഓഫീസിന്റെ ആധുനികീകരണം, സിവിൽ സർവീസ് അക്കാദമി, മലങ്കര സഭാ മാനവശേഷി വികസന സമിതി, കോട്ടയത്ത് പുതിയ പബ്ലിക് സ്കൂൾ, മാർ ബസേലിയോസ് എൻജിനീയറിംഗ് കോളജ്, സമൂഹ വിവാഹ പദ്ധതി, ഭവനദാന പദ്ധതി, ബൈബിൾ സ്കൂൾ, പഴയസെമിനാരിയിലെ പുതിയ ബ്ലോക്ക്, വടക്കേ ഇൻഡ്യയിലെ പുതിയ വൈദിക സെമിനാരി, പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഓഫീസ്, എം.ഡി. സെമിനാരി ചർച്ച് സെന്റർ, പരുമല സെമിനാരിയിലെ വൈദിക മന്ദിരം, പരുമലപ്പള്ളി വിപുലീകരണം ഇവയൊക്കെ പരി. പിതാവിന്റെ നിർദ്ദേശാനുസരണം രൂപം കൊണ്ടിട്ടുള്ളവയാണ്. സഭയുടെ സെക്രട്ടേറിയറ്റ് എന്ന സ്വപ്നം, സാക്ഷാത്കരിക്കാനുള്ള പ്രാരംഭ പരിശ്രമങ്ങളുടെ ഭാഗമായി ഇവയെ കണക്കാക്കണം" ("ദൈവതേജസിന്റെ മന്ദഹാസം, പേജ് 16).

അമ്പതു വർഷത്തെ മെത്രാൻ സ്ഥാന കാലത്തെയും, അതിനുള്ളിൽ പന്ത്രണ്ടു വർഷത്തെ സഭാ പരമാധ്യക്ഷകാലത്തെയും സ്മൃതി പഥത്തിൽ തലോടുമ്പോൾ പ. പിതാവിന് ദൈവത്തെ സ്തുതിക്കുവാനും, ചാരിതാർത്ഥ്യമടയുവാനും അനവധി സംഗതികളുണ്ട്. ആഴമേറിയ വ്യക്തിബന്ധങ്ങളുടെ മുഖ്യശില്പി, കണ്ണീർക്കയത്തിലാണ്ടവരെ കൈപിടിച്ചു രക്ഷിച്ച മനുഷ്യസ്നേഹി, മത മൈത്രിയുടെ ആധികാരിക വക്താവ്, എക്യുമെനിക്കൽ മേഖലയുടെ രക്ഷാധികാരി, സഭയ്ക്കുള്ളിൽ അനുരഞ്ജനത്തിന്റെ ഉജ്ജ്വല ശബ്ദം, ഇങ്ങനെയെത്രയെത്ര വിശേഷണങ്ങൾക്ക് അദ്ദേഹം പാത്രീഭൂതനായിട്ടുണ്ട്!

എങ്കിലും പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവയെ ശ്രദ്ധേയനാക്കുന്ന ഏറ്റവും മഹത്തായ സംഗതി അദ്ദേഹത്തിന്റെ വിനയവും ക്ഷമയുമാണ്. തന്നെ വേദനിപ്പിക്കുന്നവരെയും വിനയത്തോടും ദീർഘക്ഷമയോടും അംഗീകരിച്ചുപെരുമാറുവാൻ അദ്ദേഹം ശ്രദ്ധിക്കുന്നത് പലരെയും അത്ഭുതപ്പെടുത്തിയിട്ടുണ്ട്. യാതൊരു തത്വദീക്ഷയുമില്ലാതെ കാതോലിക്കേറ്റിന്റെ അധികാരാവകാശങ്ങളിൽ കൈകടത്തുന്ന പാത്രിയർക്കീസിനെക്കുറിച്ച് പറയുമ്പോൾ പ. പിതാവ് അങ്ങേയറ്റം ആദരവോടെ മാത്രം പറയുന്നത് വികാര ജീവികളായ സ്വന്തം അണികളിൽ ചിലരെയെങ്കിലും അസ്വസ്ഥരാക്കുവാനിടയായിട്ടുണ്ടെന്നുള്ളത് ഒരു പരമാർത്ഥമാണ്.

പ. പിതാവ് മിക്കപ്പോഴും തന്റെ പ്രഭാഷണങ്ങളിൽ ആവർത്തിച്ചു പറയാറുള്ള ഒരു കാര്യമുണ്ട്: "നാം സ്വർഗ്ഗരാജ്യത്തിലേക്ക് യാത്ര ചെയ്യുന്ന തീർത്ഥാടകരാണ്" ഈ തീർത്ഥാടനത്തിന്റെ ഒരുക്കവും ഉണർവും പ. പിതാവിൽ എപ്പോഴുമുണ്ടെന്നുള്ളതാണ് നവതിയിലേക്ക് പ്രവേശിക്കുമ്പോഴും അദ്ദേഹത്തെ കർമ്മോത്സുകനാക്കുന്നത്. തേരോട്ടം തുടരുന്ന തേജസ്വിക്ക് സഭാ മക്കളുടെ പ്രാർത്ഥനാപൂർവ്വമായ മംഗളാശംസകൾ.!!

*With Best Compliments from*

**Vettikatumattom Paints & Hardwares**
**&**
**Vettikatumattom Travels**

(Airbus, Hi-Tech Deluxe Video Coaches)

**Changanacherry**

Ph: 0481 - 2424733, 2427207 (o); 2721403, 2722090 (R)

e-mail; cheriansabu@hotmail.com, www.opengatekerala.com/vettikattumattom

ആശംസകൾ നേർന്നുകൊണ്ട്

**വാഴക്കാലാ സ്റ്റോഴ്സ്**

**കറുകച്ചാൽ**

ഗുണനിലവാരമുള്ള പലചരക്കു സാധനങ്ങൾ മൊത്തമായും ചില്ലറയായും ലഭിക്കുന്ന

കറുകച്ചാലിലെ പ്രമുഖ സ്ഥാപനം

ഫോൺ: 0481 - 2486250 (Store); 9546927821111 (Residence)

*With Best Compliments From*



**THE VICAR, ASST. VICAR,**
**MANAGING COMMITTEE MEMBERS AND**
**THE PARISHIONERS OF ST. MARY'S ORTHODOX SYRIAN CHURCH**

VICAR FR. YAUNAN MULAMOOTTIL,

ASST. VICAR FR. MATHEWS THANNIMOOTTIL

171 NAIGAUM ESTATE
DADAR (E),
MUMBAI-400014

*With Best Compliments From*



**THE VICAR,**
**MANAGING COMMITTEE MEMBERS AND**
**THE PARISHIONERS OF ST. THOMAS ORTHODOX SYRIAN CHURCH,**

S. V. ROAD CHINCHOLI, MALAD (WEST).
MUMBAI-400 064
TEL: 28766677, 28754276



പ്രീത് ചന്ദനപ്പള്ളി

# ദൈവതേജസ്വിയെക്കുറിച്ച് ഒരു ചന്ദനദർശനം

**ദൈവതേജസ്സിന്റെ മന്ദഹാസം**
**ഗ്രന്ഥ കർത്താവ്: ഡോ. സാമുവേൽ ചന്ദനപ്പള്ളി**
**പ്രസിദ്ധീകരണം: സീഡീസ് ബുക്സ്, ചന്ദനപ്പള്ളി**
**വില : 150**




ദൈവതേജസിന്റെ ദിവ്യ അങ്കി അണിയുന്നവർ യുഗപുരുഷന്മാരാണ്. അവർ അഭൗമ സൗന്ദര്യത്തിന്റെ ശോഭയിൽ നിറയുന്ന വരും ആദ്ധ്യാത്മിക സാനുക്കളുടെ നെറുകയിൽ നിൽക്കുന്നവരുമത്രേ. ചരിത്രത്തിൽ ജീവിച്ച് ചരിത്രം സൃഷ്ടിച്ച ഒരു ദൈവപുരുഷന്റെ ജീവിതത്തിലൂടെയുള്ളയാത്രയാണ് 'ദൈവതേജസ്സിന്റെ മന്ദഹാസം' എന്ന പുസ്തകം. മലങ്കര സഭയുടെ അധിപൻ പരിശുദ്ധ മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവായുടെ വിശുദ്ധ ജീവിതവും പ്രവർത്തനങ്ങളും, പ്രസംഗങ്ങളും, കല്പനകളും, ലേഖനങ്ങളും അടങ്ങിയ ഈ പുസ്തകം മലങ്കര സഭയുടെ ഒരു കാലഘട്ടത്തിന്റെ ചരിത്രം തന്നെയാണ്. ഡോ. സാമുവൽ ചന്ദനപ്പള്ളി എന്ന അപൂർവ്വ പ്രതിഭയുടെ ധിഷണാശക്തിയുടേയും, നിരീക്ഷണ പാടവത്തിന്റേയും വാഗ്വിലാസത്തിന്റേയും ഉത്തമ ഉദാഹരണമായും ഇത് ജ്വലിക്കുന്നു. ജീവിതത്തിന്റെ സായംകാലങ്ങളിൽ ചന്ദനപ്പള്ളി സാറിന്റെ തൂലിക ഈ പുസ്തകത്തിന്റെ പൂർത്തീകരണത്തിനായി വ്യഥ അനുഭവിക്കുകയായിരുന്നു. ഡോ. സാമുവൽ ചന്ദനപ്പള്ളിയുടെ ആത്മാവിന് ആനന്ദം വരുവാനുതകുമാറ് അദ്ദേഹത്തിന്റെ സഹധർമ്മിണി ശ്രീമതി ഗ്രേസി സാമുവൽ ചെയർപേഴ്സനായുള്ള സീഡീസ് ബുക്ക്സാണ് ഈ പുസ്തകം പുറത്തിറക്കിയിരിക്കുന്നത്.

രണ്ട് പ്രധാന ഭാഗങ്ങളായാണ് 'ദൈവതേജസ്സിന്റെ മന്ദഹാസം' എന്ന പുസ്തകം രൂപ കല്പന ചെയ്തിരിക്കുന്നത്. ജീവചരിത്ര രേഖ എന്ന ആദ്യഭാഗവും പരിശുദ്ധ ബാവാ തിരുമേനിയുടെ പ്രസംഗങ്ങൾ, കല്പനകൾ, സൂക്തങ്ങൾ എന്നിവ അടങ്ങിയ രണ്ടാം ഭാഗവും. പരിശുദ്ധ ബാവാ തിരുമേനിയുടെ ജീവിതത്തിലേക്ക് തന്റെ ജന്മസിദ്ധമായ നിരീക്ഷണ പാടവമുപയോഗിച്ച് നോക്കുകയാണ് ഗ്രന്ഥകാരൻ. അഷ്ടമുടിക്കായലിന്റെ തീരത്ത് ജനിച്ച് കൊല്ലം നഗരത്തിന്റെ പ്രാന്തഭൂമികളിലും വിവിധ ദയറാകളിലുമായി ബാല്യവും യൗവ്വനവും ചിലവഴിച്ച് മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൻ കിഴക്കിന്റെ കാതോലിക്കായായി ആരൂഢനായിരിക്കുന്ന കഥാപുരുഷന്റെ ജീവിതത്തിലെ സംഭവങ്ങളെല്ലാംതന്നെ ഇതിൽ വിവരിക്കപ്പെടുന്നു.

കഠിനത കുറുകിയ ജീവിതവും ദാരിദ്ര്യം അരിച്ചെടുക്കുന്ന ശരീരവുമായി ദയറാ അന്തരീക്ഷത്തിൽ പ്രാർത്ഥനയുടെ മധുരിമ അനുഭവിക്കുന്ന ചരിത്രപുരുഷൻ പ്രത്യാശാനക്ഷത്രം ദർശിച്ച് യാത്ര ചെയ്ത ദിവ്യ വ്യക്തിയായിരുന്നു എന്ന് ഗ്രന്ഥകാരൻ നമുക്ക് പറഞ്ഞു തരുന്നു. യഥാർത്ഥ ക്രൈസ്തവ ജീവിതത്തിന്റെ മാതൃക ഇവിടെ വ്യാഖ്യാനിക്കുന്നതു കൊണ്ട് ഈ പുസ്തകം വിശുദ്ധ ഗ്രന്ഥങ്ങളുടെ ഗണത്തിലേക്ക് ഉയർത്തപ്പെടും എന്നത് നിസംശയമാണ്.

നിരവധി സ്ക്കൂളുകളും കോളജുകളും സ്ഥാപിക്കുന്നതിന് (അതും ഗ്രാമ പ്രദേശങ്ങളിൽ) കഠിന പ്രയത്നം ചെയ്ത ഒരു വിദ്യാഭ്യാസ വിചക്ഷണനെ ഈ കൃതിയിൽ നാം കണ്ടെത്തുന്നു.

പണ്ഡിതനും ദൈവശാസ്ത്രത്തിൽ അഗ്രഗണ്യനുമാണ് ബാവാ തിരുമേനി. അദ്ദേഹത്തിന്റെ പ്രൗഢ ലേഖനങ്ങളാണ് രണ്ടാം ഭാഗത്തിലാദ്യം.

ക്രൈസ്തവ വിശ്വാസത്തിന്റെയും ഓർത്തഡോക്സ് പാരമ്പര്യത്തിന്റെയും മർമ്മം അറിഞ്ഞ തത്വചിന്തകന്റെ വിശദീകരണങ്ങളായാണ് നാം ഇത് അനുഭവിക്കുന്നത്. വേദവിപരീതത്തിന്റെയും, വിശ്വാസ വിപരീതത്തിന്റെയും കളകളെ വേരോടെ പിഴുതെറിഞ്ഞ് പൗരസ്ത്യ വിശ്വാസത്തിന്റെ ഉത്തമ വിത്തുകളെ അദ്ദേഹം വാരിവിതറുന്നു.

അടുത്ത ഭാഗം കല്പനകളാണ്. കല്പനകളുടെ ആമുഖ പഠനത്തിൽ ഗ്രന്ഥകാരൻ ഇങ്ങനെ രേഖപ്പെടുത്തുന്നു. വിശ്വസാഹിത്യത്തിലെ ഒരു സമ്പന്ന ശാഖ എന്ന നിലക്ക് കത്തുകൾ-കല്പനകൾക്ക് തനതായ മൂല്യങ്ങളുണ്ട്. വ്യക്തിത്വവും ആത്മാർത്ഥതയും കത്തുകളുടെ മുഖമുദ്രയാണ്. മഹാവ്യക്തിത്വത്തിന്റെ ഉടമസ്ഥരും അപൂർവ്വ സിദ്ധികൊണ്ടനുഗൃഹീതരും ആയ ജീനിയസ്സുകളുടെ അചുംബിത ആശയങ്ങൾ നിറഞ്ഞു നിൽക്കുന്ന കത്തുകളും കല്പനകളും സർഗാത്മക സാഹിത്യത്തിന്റെ സുവർണ്ണമണ്ഡലത്തിലേക്ക് ഉദ്ധ്യയനം ചെയ്യുന്നു. ചിന്തോദ്ദീപകങ്ങളും ദൈവസ്നേഹ പ്രചോദിതങ്ങളും ആണ് പ. ബാവാതിരുമേനിയുടെ കല്പനകൾ. എല്ലാ കല്പനകളിലും ഒരു ആത്മീയ ഗുരുവിന്റെ ശാന്തമോഹനമായ സ്വരം മുഴങ്ങുന്നു. ദൈവം, കുടുംബം, പൂർവ്വിക സ്മരണ, ശിക്ഷണം, വിദ്യാഭ്യാസം, ഭക്തി, പ്രാർത്ഥന, രോഗം, സമാധാനം, ദയ എന്നിങ്ങനെ വിപുലവും വിവിധവുമാണ് കല്പനകളിൽ സ്പർശിതമാവുന്ന വിഷയങ്ങൾ. പ്രാതിനിധ്യസ്വഭാവത്തോടു കൂടിയ ഏതാനും കല്പനകൾ ഇവിടെ സമാഹരിച്ചിരിക്കുന്നു.

സുവിശേഷ പ്രസംഗകന്റെ വചനങ്ങൾ ദൈവീകമാണ്. ദൈവം വെളിപ്പെടുത്തുന്നത് പ്രഭാഷകൻ ഉദ്ഘോഷിക്കുന്നു. കാതോലിക്കാബാവായുടെ പ്രസംഗങ്ങൾ തികച്ചും ഇതിനുദാഹരണങ്ങളാണ്. പുലർകാലെ ധ്യാനങ്ങളിൽ പ്രഭാത സൂര്യനെപ്പോലെ മനസ്സിൽ തെളിഞ്ഞുവന്ന ആത്മീയ സത്യങ്ങളാണ് തന്റെ പ്രസംഗവിഷയങ്ങളെന്ന് തിരുമേനിതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

റവ. ഡോ. കെ. എം. ജോർജ്ജിന്റെ ആമുഖ പഠനത്തിലെ അഭിപ്രായം കടമെടുത്തുകൊണ്ട് ഈ കുറിപ്പ് ഉപസംഹരിക്കട്ടെ 'അവികലമായ തപോനിഷ്ഠയുടെയും വിനയാന്വിതമായ ബ്രഹ്മതേജസ്സിന്റെയും ദൃശ്യരൂപമായ പ. കാതോലിക്കാബാവാ മാർത്തോമ്മാ മാത്യൂസ് ദ്വിതീയന്റെ ജീവചരിത്ര രചനയിലൂടെ സുരഭിലമായ ഒരു ചന്ദനക്കൂട്ടാണ് ചന്ദനപ്പള്ളി തയ്യാറാക്കിയിരിക്കുന്നത്.'

# നിത്യതയിലിവർക്കും മെത്രാഭിഷേക സുവർണ്ണ ജൂബിലി

### പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ



തൃപ്പൂണിത്തറ മുക്കഞ്ചേരിൽ ചെറിയാൻ പരുവത്തിന്റെയും കുഞ്ഞുമറിയാമ്മയുടെയും മകനായി 1886 ജൂൺ 20-ന് ജനിച്ചു. ബി.എ., എൻ. ടി., ബി. ഡി. എന്നീ ബിരുദങ്ങൾ നേടി. യുയാക്കീം മാർ ഈവാനിയോസിൽ നിന്ന് 1926 മെയ് 4-ന് വൈദികപ്പട്ടം സ്വീകരിച്ചു. 1943-ൽ പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ റമ്പാൻ സ്ഥാനം നൽകി.

1953 മെയ് 15-നു പത്രോസ് മാർ ഒസ്താത്തിയോസ് എന്ന നാമധേയത്തിൽ പ. ബാവ മെത്രാപ്പോലീത്തായാക്കി. മലബാർ ഭദ്രാസനാധിപനായി. 1924 സെപ്റ്റംബർ 14-ന് സ്ലീബാദാസ സമൂഹം സ്ഥാപിച്ച് മിഷനറി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. 1968 ഫെബ്രുവരി 2-ന് കാലം ചെയ്തു. കർമ്മേൽ ദയറായിൽ കബറടക്കി. ഓർമ്മ: ഫെബ്രുവരി 2-ന്.

### മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ



പുതുപ്പള്ളി വലിയ പാറേട്ട് മാത്തുവിന്റെയും അച്ചാമ്മയുടെയും. പുത്രനായി 1889 ജനുവരി 19-ന് ജനിച്ചു. പഴയ സെമിനാരിയിലും കൽക്കട്ടാ ബിഷപ്പ്സ് കോളജിലുമായി വൈദികാഭ്യസനം നടത്തി. 1920 ജൂൺ 7-ന് പരുമല സെമിനാരിയിൽ വച്ച് വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിൽ നിന്ന് കശ്ശീശാപട്ടം സ്വീകരിച്ചു. 33 വർഷം പുതുപ്പള്ളി വലിയപള്ളി വികാരിയായി സേവനമനുഷ്ഠിച്ചു.

1953 മെയ് 11-ന് പഴയസെമിനാരിയിൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവാ റമ്പാൻ സ്ഥാനം നൽകി. 1953 മെയ് 15-ന് കോട്ടയം ഏലിയാ ചാപ്പലിൽ 'മാത്യൂസ് മാർ ഈവാനിയോസ്' എന്ന നാമധേയത്തിൽ മെത്രാപ്പോലീത്തായാക്കി. 1965 മുതൽ കോട്ടയം ഭദ്രാസനാധിപൻ. 1980 ആഗസ്റ്റ് 31-ന് കാലം ചെയ്തു. പാമ്പാടി ദയറായിൽ കബറടക്കി. ഓർമ്മ: ആഗസ്റ്റ് 31-ന്.

### ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ



ഓമല്ലൂർ വടുതല പി.ഇ. ഈശോ കത്തനാരുടെ ദ്വിതീയ പുത്രനായി 1910 മെയ് 10-ന് ജനിച്ചു. ബി.എ., ബി. ഡി. ബിരുദങ്ങൾ കരസ്ഥമാക്കി. 12-ാം വയസ്സിൽ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് കോറൂയോ പട്ടവും 1938 ഡിസംബർ 11-ന് പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ ശെമ്മാശുപട്ടവും 1944 ജൂൺ 9-ന് വൈദിക പട്ടവും നല്കി.

1937-ൽ പുത്തൻ കാവിൽ കൊച്ചു തിരുമേനിയുടെ സെക്രട്ടറിയായി ബേസിൽ അരമനയിൽ താമസം ആരംഭിച്ചു. 1951-ൽ മേല്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1951 സെപ്റ്റംബർ 21-ന് പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവായിൽ നിന്ന് റമ്പാൻ സ്ഥാനം സ്വീകരിച്ചു. 1953 മേയ് 15-ന് കോട്ടയം, മാർ ഏലിയാ കത്തീഡ്രലിൽ ദാനിയേൽ മാർ പീലക്സിനോസ് എന്ന നാമത്തിൽ മെത്രാപ്പോലീത്തായാക്കി. തുടർന്ന് തുമ്പമൺ ഭദ്രാസനാധിപനായി. വേദശാസ്ത്ര പാണ്ഡിത്യവും പ്രഭാഷണ നൈപുണ്യവും വിശ്വാസ സുസ്ഥിരതയും പരിരക്ഷിച്ചു. ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെ പുരോഗതിയും ഭദ്രാസനത്തിന്റെ നവോത്ഥാനവും ആത്മീയ വളർച്ചയും ഭദ്രാസനത്തെ മാതൃകാപരമാക്കി. പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയായിരുന്നു. 1900 ഡിസംബർ 13-ന് കാലം ചെയ്തു. പത്തനംതിട്ട ബേസിൽ അമനയിൽ കബറടക്കി. ഓർമ്മ: ഡിസംബർ 13-ന്.

### പ. ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ കാതോലിക്കാ



(മലങ്കരയിലെ അഞ്ചാം കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും)

കോട്ടയം വട്ടക്കുന്നേൽ കുര്യൻ കത്തനാരുടെയും ഒളശ്ശ പുളിക്കപ്പറമ്പിൽ മറിയാമ്മയുടെയും ഇളയ മകനായി 1907 മാർച്ച് 27-ന് ജനിച്ചു. ബി.എ., ബി. ഡി. ബിരുദങ്ങൾ കരസ്ഥമാക്കി. ദൈവശാസ്ത്ര വിജ്ഞാനീയത്തിലും' സഭാ പാരമ്പര്യശാസ്ത്രത്തിലും കാനോനിലും അനുപമ വ്യക്തിത്വം സ്ഥാപിച്ചെടുത്ത ഇദ്ദേഹം അവൈദികനായിരിക്കുമ്പോൾ, 1944-ൽ മാനേജിംഗ് കമ്മറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 1945 ഓഗസ്റ്റ് 18-ന് പഴയ സെമിനാരിയിൽ വച്ച് മ്സമ്രോനോപട്ടവും ആഗസ്റ്റ് 19-ന് മാർ ഏലിയാ ചാപ്പലിൽ പൂർണ്ണ ശെമ്മാശുപട്ടവും 1946 ഒക്ടോബർ 27-ന് കശ്ശീശാപട്ടവും പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ നിന്നും സ്വീകരിച്ചു. 1951 സെപ്റ്റംബർ 21-നു പ. ഗീവർഗീസ് ദ്വിതീയൻ ബാവാ റമ്പാൻ സ്ഥാനം നൽകി. 1953 മെയ് 15-ന് കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ച് മാത്യൂസ് മാർ അത്താനാസിയോസ് എന്ന നാമധേയത്തിൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവ എപ്പിസ്ക്കോപ്പാ ആയി വാഴിച്ചു. 1959 ജൂലൈ 12-ന് മെത്രാപ്പോലീത്തായായി ഉയർത്തപ്പെട്ടു. 1960 ൽ ബാഹ്യ കേരള ഭദ്രാസനത്തിന്റെ അധിപനായി.

1970 ഡിസംബർ 31-ന് കോട്ടയം എം. ഡി. സെമിനാരിയിൽ ചേർന്ന മലങ്കര അസോസിയേഷൻ മലങ്കര സഭയുടെ പരമാധികാരിയായി പ. കാതോലിക്കാബാവായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി ഏകകണ്ഠമായി തെരഞ്ഞെടുത്തു. 1975 സെപ്റ്റംബർ 24-ന് മലങ്കര മെത്രാപ്പോലീത്തായായി. 1975 ഒക്ടോബർ 27-ാം തീയതി പഴയ സെമിനാരിയിൽ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ എന്ന പേരിൽ കാതോലിക്കായായി അവരോധിക്കപ്പെട്ടു. മലങ്കര ഓർത്തഡോക്സ് സഭയുടെ സ്വാതന്ത്ര്യവും സ്വയം ശീർഷകത്വവും അരക്കിട്ടുറപ്പിക്കുന്നതിനും നൂതനങ്ങളായ ഭരണ പരിഷ്കാരങ്ങൾ നടപ്പാക്കി പേരും പ്രശസ്തിയും ആഗോള തലത്തിൽ എത്തിക്കുന്നതിനും കഴിഞ്ഞു. 1991 ഏപ്രിൽ 27-ന് ദേഹാസ്വാസ്ഥ്യം മൂലം സ്ഥാന ത്യാഗം ചെയ്തു. 1996 നവംബർ 8-ന് കാലം ചെയ്തു. ദേവലോകം അരമനയിൽ കബറടക്കി. ഓർമ്മ: നവംബർ 8.

## ബൈബിൾ കടങ്കഥകൾ

**പി.വി. വർഗ്ഗീസ്, കരയാംപറമ്പ്**

അന്നൊരു നാളിൽ ബാലന്മാരൊരു ദിവ്യനെ നിന്ദിച്ചു
വന്ദിക്കേണ്ടവരെ നിന്ദിച്ചാൽ ദുർഗതി വരുമല്ലോ
അരിശം കൊണ്ടാ ദിവ്യനുമുടനെ ശാപം വർഷിച്ചു
കരടികൾ വന്നാ ബാലരെയെല്ലാം കൊന്നു കളഞ്ഞല്ലോ!
കണ്ടുപിടിച്ചാലുത്തരമോതുക ശാപം നൽകിയതാർ?
രണ്ടാം രാജാ രണ്ടിന്റിരുപതു നാലിൽ നോക്കിടുവിൻ

വൈരികൾ ചതിവാലൊരുവനെ രാജശാസനമതിലൂടെ
പൊരിഞ്ഞു വലഞ്ഞൊരു കേസരി തന്നുടെ മുമ്പിലെറിഞ്ഞല്ലോ!
ദൈവത്തിന്നുടെ ദൂതൻ വന്നാമൃഗരാജൻ തന്റെ
നാവും വായു മടച്ചതിനാലവൻ രക്ഷിതനായല്ലോ
മന്നവനാര്? കേസരി മുമ്പിൽ വീണവനാരാണ്?
ദാനിയേലിന്റാറിൽ നോക്കുക പതിനാറാം വാക്യം.


**178-ാം ഓർമ്മപ്പെരുന്നാൾ**

**20-05-2003**



**പുന്നത്ര മാർ ദിവന്നാസ്യോസ് തൃതീയൻ മലങ്കര മെത്രാപ്പോലീത്ത**

**കോട്ടയം ചെറിയപള്ളി (1817-1825)**

പ്രോഗ്രാം: 178-ാം ഓർമ്മപ്പെരുന്നാൾ കോട്ടയം ചെറിയ പള്ളിയിൽ പ. കാതോലിക്കാ ബാവാ തിരുമനസ്സിന്റെ പ്രധാന കാർമികത്വത്തിൽ. വി. മൂന്നിന്മേൽ കുർബ്ബാന, പുന്നത്ര കുടുംബ സംഗമവും, പുന്നത്ര മാർ ദിവന്നാസിയോസ് തൃതീയൻ എൻഡോവ്മെന്റ് സൺഡേ സ്ക്കൂൾ ഡയറക്ടർ ഫാ. ജോഷ്വാ അച്ചന് നൽകികൊണ്ട് ഉദ്ഘാടനവും പ. കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട്. കോട്ടയം ചെറിയ പള്ളി ഹാളിൽ 19-5-03 തിങ്കളാഴ്ച 10.30 സഭാ സെക്രട്ടറി പ്രൊഫ. ഡോ. അലക്സാണ്ടർ കാരയ്ക്കൽ മുഖ്യ പ്രഭാഷണം നടത്തുന്നു. കുടുംബാംഗങ്ങൾ ഏവർക്കും സ്വാഗതം.

P. Jacob Thomas
Purackal, Convenor & Trustee
Punnathra Mar Dianysius Endowment Fund

**13th ANNIVERSARY**

**16.05.2003**



K.P. THOMAS, SUSY
SYPY, SUNIL, SUSHEEL
**Vazhakala, Edmonton**
**Canada**

# ADMISSION NOTICE – 2003-2004

(The Following Institutions are under the Management of
CHRISTIAN EDUCATION HEALTH & DEVELOPMENT SOCIETY & CHRISTIAN FELLOWSHIP COMMUNITY HEALTH CENTRE, AMBILIKKAI–624 612)

DETAILS OF THE COURSES / DURATION / AFFILIATION / ELIGIBILITY Etc.,

| Sl. No | Name of the Course | Duration | Subjects Offered | Eligibility | Affiliation | Application fee | Institution |
|---|---|---|---|---|---|---|---|
| 1. | B.E (Bachelor of Engineering) B.Tech | 4 Years | 01. Computer Science<br>02. Electronic & Communication<br>03. Information Technology<br>04. Civil *<br>05. Mechanical *<br>06. Electrical & Electronics * | Pre-degree or +2 Pass | Anna University / AICTE | Rs. 250/- | Christian College of Engineering & Technology, Oddanchatram. |
| 2. | B.Com / B. Sc / B.B.A | 3 Years | 01. B.Com<br>02. B.B.A<br>03. B.E.S<br>04. Biochemistry, Maths<br>05. Computer Science<br>06. Electronics | Pre-degree or +2 Pass | Madurai Kamaraj University | Rs. 60/- | Rev. Jacob Memorial Christian College, Ambilikkai. |
| | M.F.C (Master of Finance Control) | 2 Years | 07. Finance | Any Graduate | | Rs. 100/- | |
| | P.G.D.C.A | 1 Year | 08. Computer application | Any Graduate | | Rs. 100/- | |
| 3. | B.Sc., Nursing | 4 Years | Nursing | Pre-degree or +2 Pass | Tamilnadu Dr.M.G.R. Medical University, Chennai | Rs. 250/- | Christian College of Nursing, Ambilikkai. |
| | M.Sc. Nursing | 2 Years | Nursing | B.Sc., Nursing | | Rs. 350/- | |
| 4. | P.G. Diploma in Applied Nutrition & Dietetics | 1 Year | Nutrition, Dietetics & Catering | B.A/ B.Sc., | Tamilnadu Dr.M.G.R. Medical University, Chennai | Rs. 100/- | Christian Training Institute<br>Christian Fellowship Community Health Centre, Ambilikkai. |
| 5. | Polytechnic Diploma<br>D.C.E.<br>D.M.E<br>D.E.E.E<br>D.C.T<br>D.E.C.E<br>D.I.T | 3 Years | 01. Civil<br>02. Mechanical<br>03. Electrical & Electronics<br>04. Computer Science<br>05. Electronics & Communication<br>06. Information Technology | S.S.L.C | Dept. of Technical Education AICTE | Rs. 100/- | Christian Polytechnic College, Oddanchatram. |


**FOR FURTHER DETAILS:**
**Mr. THOMAS IDUCULLA**
*Academic Officer*

**CHRISTIAN CAREER COUNSELING CENTRE**
**C.M.Hr. Sec.School Building, ODDANCHATRAM – 624 619, Dindigul District, Tamil Nadu, South India.**
*Phone: 04553-240581, 243838, 243829* *Fax: 04553-240229* *Mobile: 98421 82324*

* SUBJECT TO APPROVAL
NB: WAITING FOR THE RESULT CAN ALSO APPLY.

**PADMA BUSHAN Dr. JACOB CHERIAN,
CHAIRMAN.**

# ബൈബിൾ പദപ്രശ്നം 4



### വലത്തോട്ട്

1. മെത്രാഭിഷിക്തനായിട്ട് 50 വർഷം (9)
6. ഏദെനിലെ രണ്ടാം നദി (3)
7. തിരുരക്തം എന്നർത്ഥം (2)
9. മുമ്പ് മലങ്കര മെത്രാപ്പോലീത്തായുടെ അഭിധാനം (5)
10. '12' പ്രഭുക്കൻമാരിൽ ഏഴാമൻ (3)
11. ഏഴു സഭകളിൽ അഞ്ചാമത്തേത് (4)
12. മകനെ തിരിച്ചുകിട്ടിയ വിധവയുടെ പട്ടണം (3)
13. ശലോമോനെ അഭിഷേകം ചെയ്ത സ്ഥലം (3)
14. മീഖായുടെ സ്വദേശം (6)
16. പൗലോസ് മൂലം മാനസാന്തരപ്പെട്ട പള്ളിപ്രമാണി (4)
17. റോമയുടെ തൊട്ടടുത്ത നഗരം (4)
19. പാപ്പായുടെ ഈ അവകാശവാദം മറ്റു സഭകൾ അംഗീകരിക്കുന്നില്ല (5)
20. സ്വതന്ത്രയായി നടക്കുന്ന പേടമാൻ (4)
21. ബാബേലിൽ കരുണ ലഭിച്ച യെഹൂദ രാജാവ് (5)
22. കേന്യനായ ഹേബേരിന്റെ ഭാര്യ (3)
23. ശെഖേം സ്നേഹിച്ചവൾ (2)
24. സില്ലയുടെ മകൾ (3)
25. ദൂതനോട് പേരു ചോദിച്ചവൻ (3)
27. ഫെലിസ്ത്യർ പെട്ടകം വച്ച സ്ഥലം (5)
28. ഒരുക്ക ശുശ്രൂഷ (3)

### താഴോട്ട്

1. ആദ്യ കൂദാശ (4)
2. ക്രേത്തയിൽ സഭയുടെ ചുമതലക്കാരൻ (3)
3. 'മോറിയാ'യ്ക്ക് അബ്രഹാം ഇട്ട പേര് (5)
4. ഏശാവിന്റെ ഒരു ഭാര്യ (4)
5. അസൂബായുടെ മകൻ (5)
6. വാക്കത്താനത്ത് കബറടങ്ങി (9)
7. ക്രൈസ്തവ നിയമ സംഹിത (3)
8. ഏലിയാവിന്റെ സ്വദേശം (3)
11. ക്രൈസ്തവ കൂട്ടായ്മ (2)
15. ശൗലിന്റെ ഗുരു (5)
17. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് (2)
18. പെഥൂവേലിന്റെ മകനായ പ്രവാചകൻ (3)
19. മറയപ്പെട്ടവ (4)
21. യോശീയാ രാജാവിന്റെ അമ്മ (3)
26. പിതാവ് എന്നർത്ഥം (2)

### പദപ്രശ്നം – 2 (ശരിയുത്തരം അയച്ചവർ)

വിജയികൾ:
1. എലിസബത്ത് ചെറിയാൻ, കളപ്പുരയിൽ, നിരണം
2. ഏലിയാമ്മ പൗലോസ്, ചെല്ലങ്കോട്, വയനാട്.
3. മാത്യു തോമസ്, ടി. ടി. നഗർ, ഭോപ്പാൽ

പ്രോൽസാഹന സമ്മാനം
4. മറിയാമ്മ ജേക്കബ്, നെടുമൺകാവ്, കൂടൽ
5. ആലീസ് ഏബ്രഹാം, കോയമ്പത്തൂർ.

6. റെയ്ച്ചൽ മത്തായിക്കുട്ടി, ബിലാസ്പൂർ; 7. ഏലിയാമ്മ ജോർജ്ജ്, ആവണീശ്വരം; 8. എ. ഫിലിപ്പ്, മയൂർവിഹാർ, ന്യൂഡെൽഹി; 9. രഞ്ജിനി റജി, കളമശേരി; 10. ഏലിയാമ്മ ഏബ്രഹാം, നോർത്ത് കളമശേരി; 11. സാബു ജോർജ്, ആലുവ ഈസ്റ്റ്; 12.സാറാമ്മ തമ്പി, കുറിച്ചി, കോയമ്പത്തൂർ; 13. ലിനി ഡാനിയേൽ, ചെന്നൈ–118; 14. ജോളി അലക്സാണ്ടർ, കടപ്ര, കുമ്പനാട്; 15. ലിസിയമ്മ വർഗീസ്, കാൺപൂർ; 16. കെ. സി. വിൽസൺ, കുന്നംകുളം, തൃശൂർ; 17. മോളി മാത്യു, നാരങ്ങാനം; 18. കെ. ജോസഫ്, താഴത്തുവടക്ക്, ഏനാത്ത്; 19. ഓമന ഫിലിപ്പ് സർവധരം കോളനി, ഭോപാൽ –26 20. അന്നമ്മ എബ്രഹാം, ന്യൂഡെൽഹി–25; 21. ജെയ്നമ്മ മാത്യു, തോലശേരി, തിരുവില്ല; 22. ഏ. കെ. വർഗീസ്, അറുന്നൂറ്റിമംഗലം, മാവേലിക്കര; 23. മേരിക്കുട്ടി പാപ്പച്ചൻ, ഹോസ്ക്യാമ്പ്, ന്യൂഡെൽഹി; 24. കുമാരി കെ. ചാക്കോ, നാനാക്പുര, ന്യൂഡെൽഹി; 25. വൽസമ്മ ജേക്കബ്, മയൂർവിഹാർ, ന്യൂഡെൽഹി; 26. സൂസമ്മ രാജൻ, കൊൽക്കത്ത–23; 27. അന്നമ്മ നൈനാൻ, കുന്നം, മാവേലിക്കര; 28. ജോൺ ബി. ജോർജ്, ആവണീശ്വരം; (പദപ്രശ്നത്തെപ്പറ്റിയുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുക.)

ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം
ജോഷി ബി. ജോൺ മണപ്പള്ളി
S.R.P. മാർക്കറ്റ് പി.ഒ.
കൊല്ലം ജില്ല–690539

ഉത്തരങ്ങൾ അയയ്ക്കേണ്ട അവസാന തീയതി : 10-6-2003

### പദപ്രശ്നം – 2, ശരിയുത്തരം

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 പ | രു | മ | 2 ല | തി | രു | മേ | നി | 3 ഹാ | 4 പ |
| 5 ത്രോ | 6 വാ | സ് | പ്പീ | 7 മൊ | ർ | ദ്ദെ | ഖാ | 8 യി | ത്രോ |
| സി | നം | 9 അ | ദോ | നീ | യാ | വ് | 10 ലൂ | ക്കോ | സ് |
| ന്റെ | 11 ഗൊ | ല്യാ | ത്ത് | 12 ഫി | 13 നെ | ഹാ | സ് | 14 ഏ | 15 രെ |
| 16 അ | 17 രാ | രാ | ത്ത് | ലി | സ് | 18 അ | ത്തി | ശാ | ഹ |
| മ്മാ | 19 മോ | വാ | ബ് | പ്പി | 20 തോ | ബി | യാ | വ് | ബെ |
| വി | ത്ത് | 21 നാ | ഥാ | ന്റെ | റി | 22 യോ | രോ | ബെ | യാം |
| 23 അ | രി | 24 മ | ത്യ | കൈ | 25 യ | ജ | മാ | ന | ൻ |
| മ്മ | 26 ഹ | ന്നാ | വ് | 27 സ | ൻ | ഹേ | രീ | ബ് | 28 ബാ |
| 29 ബെ | യെ | 30 ശ | മ | ര്യ | 31 സെ | രു | ബ്ബാ | ബേ | ൽ |

## കുവൈറ്റ് സെന്റ് ഗ്രീഗോറിയോസ് ഇൻഡ്യൻ ഓർത്തഡോക്സ് സിറിയൻ ചർച്ചിന്റെ 2003-04-ലെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി

# ഭവനദാന പദ്ധതിയിലേക്ക്

### അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു

സഹായം അർഹിക്കുന്നവർ അപേക്ഷകന്റെ പൂർണ വിവരം, വാർഷിക വരുമാനം, കുടുംബത്തിലെ അംഗ സംഖ്യ, സ്വന്തമായുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ എന്നിവ അടങ്ങുന്ന അപേക്ഷ, നിലവിൽ അംഗമായിരിക്കുന്ന ഇടവക വികാരിയുടേയും ഭരണസമിതിയുടേയും ശുപാർശയോടുകൂടി 2003 ജൂൺ മാസം 15-ാം തീയതിയ്ക്ക് മുമ്പ് താഴെ ചേർത്തിരിക്കുന്ന മേൽവിലാസത്തിൽ അയച്ചുതരണമെന്ന് താൽപര്യപ്പെടുന്നു.

**The Vicar**
**St. Gregorios Indian Orthodox Church**
**P.O. Box. 5825, Safat - 13059**
**KUWAIT**

## കുവൈറ്റ് സെന്റ് ഗ്രീഗോറിയോസ് ഇൻഡ്യൻ ഓർത്തഡോക്സ് സിറിയൻ ചർച്ചിന്റെ 2003-04-ലെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി

# വിവാഹധനസഹായ പദ്ധതിയിലേക്ക്

### അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു

സഹായം അർഹിക്കുന്നവർ അപേക്ഷകന്റെ പൂർണ വിവരം, വാർഷിക വരുമാനം, കുടുംബാംഗങ്ങളുടെ വിവരം എന്നിവ അടങ്ങുന്ന അപേക്ഷ, നിലവിൽ അംഗമായിരിക്കുന്ന ഇടവക വികാരിയുടേയും ഭരണസമിതിയുടേയും ശുപാർശയോടുകൂടി 2003 ജൂൺ മാസം 15-ാം തീയതിയ്ക്ക് മുമ്പ് താഴെ ചേർത്തിരിക്കുന്ന മേൽവിലാസത്തിൽ അയച്ചുതരണമെന്ന് താൽപര്യപ്പെടുന്നു.

**The Vicar**
**St. Gregorios Indian Orthodox Church**
**P.O. Box. 5825, Safat - 13059**
**KUWAIT**

*2004 മാർച്ച് മാസം 31-ാം തീയതിയ്ക്ക് മുമ്പ് നടക്കുന്ന വിവാഹത്തിനുള്ള ധനസഹായഭ്യർത്ഥനകൾ മാത്രമേ പരിഗണനാർഹമാകൂ.*



ഫാ. ഡാർളി മുളന്തുരുത്തി

# ഹാശാ ആഴ്ച ആരാധനാ സമയ മാറ്റം ; ചില ചിന്തകൾ

ആത്മീയതയെക്കുറിച്ചുള്ള പഴയ തലമുറയുടെ കാഴ്ചപ്പാടുകൾ പലതും കാലോചിതമായി തിരുത്തിക്കുറിക്കുന്നതാണ് കോട്ടയം ഭദ്രാസനാധിപന്റെ കല്പന. പഴയ തലമുറ-പുതിയ തലമുറകൾക്കിടയിൽ പെട്ടെന്നുണ്ടായ ഒരഭിനിവേശമല്ല പുതിയ സംവിധാനം. ക്രിസ്സ്മസ്, ഈസ്റ്റർ, പെസഹായുമായി ബന്ധപ്പെട്ട രാത്രി ശുശ്രൂഷകൾ വിശ്വാസികളുടെ ആത്മാവിനെ തൊട്ടുണർത്തിയില്ല എന്ന തിരിച്ചറിവാകുകയാണ് മാറ്റത്തിന്റെ ശംഖൊലി മുഴക്കുന്ന പുതിയ ക്രമീകരണം. കാലത്തിന്റെ ചുവരെഴുത്ത് വായിക്കുന്നവർക്ക് മാത്രമേ പുതിയ സമയ ക്രമീകരണത്തിന്റെ അർത്ഥം പിടികിട്ടുകയുള്ളു.

> **ജീവിതത്തിനു നേരേ പിടിച്ച കണ്ണാടിയെന്നും ജീവിതത്തിന്റെ പരിച്ഛേദമെന്നുമൊക്കെ പറയുമ്പോഴും ജീവിതവുമായുള്ള ബന്ധം നമ്മുടെ രാത്രി ശുശ്രൂഷകൾക്ക് ഉണ്ടായിരുന്നില്ല. അല്ലെങ്കിൽ ഉണ്ടാവാറേയില്ല. കോട്ടയം ഭദ്രാസനത്തിന്റെ സമയമാറ്റ നടപടി കൂദാശാപരമായ ജീവിതത്തോട് ഏറെ സത്യസന്ധത പുലർത്തുന്ന ഒരു നല്ല മാറ്റമാണ്. അടുത്ത കാലത്തൊന്നും സ്വന്തം ആത്മീയ ദാഹത്തെ കൈയെത്തിച്ചു തൊടാവുന്ന അത്രയും തൊട്ടു മുന്നിൽ കണ്ട് വിശ്വാസികൾ ഇത്ര മേൽ ആകാംക്ഷാഭരിതരാകുകയും ആഹ്ലാദിക്കുകയും ചെയ്തിട്ടുണ്ടാവില്ല. പാരമ്പര്യങ്ങളിൽ നിന്നും വ്യതിചലിക്കാനുള്ള വിമുഖതയാണ് സഭയുടെ പ്രധാന ശാപം.**

കോട്ടയം ഭദ്രാസനത്തിലെ എല്ലാ പള്ളികളിലും പെസഹ, ഈസ്റ്റർ ശുശ്രൂഷ പ്രാദേശികമായി അല്പ സ്വല്പ വ്യത്യാസങ്ങളോടെ ഈ വർഷം വൈകിട്ട് സന്ധ്യാപ്രാർത്ഥനയെ തുടർന്ന് ആരംഭിച്ചു. കോട്ടയം ഭദ്രാസനം നിലവിലുള്ള ജീവിത പരിസരങ്ങളെ മനസ്സിലാക്കി അറിഞ്ഞും ആദരിച്ചും വിശ്വാസികളുടെ സാന്നിദ്ധ്യം പള്ളികളിൽ ഉറപ്പു വരുത്തി. വെളുപ്പിന് 2 മണിക്ക് തുടങ്ങിയിരുന്ന ശുശ്രൂഷകളിൽ ഇടവകയുടെ നാലിലൊന്ന് വിശ്വാസികളുടെ സാന്നിദ്ധ്യം പോലും ലഭ്യമല്ലാതിരുന്ന സ്ഥാനത്ത് വൈകിട്ട് ആറ് മണിയോടെ ഭദ്രാസനത്തിലെ മിക്കവാറും പള്ളികളിൽ വിശ്വാസികൾ നിറഞ്ഞ് കവിഞ്ഞു. തികഞ്ഞ സന്തോഷത്തോടെ ജനം പുതിയതിനെ ഹൃദയത്തിൽ ആവേശത്തോടെ സ്വീകരിച്ച കാഴ്ചയാണ് ഭദ്രാസനത്തിൽ എല്ലാ പള്ളികളിലും കാണാൻ കഴിഞ്ഞത്. ആത്മീയത ഒരു ജനകീയ രൂപമായതുകൊണ്ട് സഭയ്ക്കുള്ളിൽ ഗുണപരമായ മോഡലുകളെ സൃഷ്ടിക്കാനുള്ള ബാദ്ധ്യത ഓരോ ഇടയനും ഉണ്ട്. ആ ബാദ്ധ്യത നിറവേറ്റുന്ന വന്ദ്യ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനി ആധുനിക തലമുറയ്ക്ക് ആത്മീയ ജീവിതത്തെക്കുറിച്ചുള്ള ദർശനത്തിൽ പുതിയൊരു അവബോധം സമ്മാനിക്കുന്നു.

ജീവിതത്തിനു നേരേ പിടിച്ച കണ്ണാടിയെന്നും ജീവിതത്തിന്റെ പരിച്ഛേദമെന്നുമൊക്കെ പറയുമ്പോഴും ജീവിതവുമായുള്ള ബന്ധം നമ്മുടെ രാത്രി ശുശ്രൂഷകൾക്ക് ഉണ്ടായിരുന്നില്ല. അല്ലെങ്കിൽ ഉണ്ടാവാറേയില്ല. കോട്ടയം ഭദ്രാസനത്തിന്റെ സമയമാറ്റ നടപടി കൂദാശാപരമായ ജീവിതത്തോട് ഏറെ സത്യസന്ധത പുലർത്തുന്ന ഒരു നല്ല മാറ്റമാണ്. അടുത്ത കാലത്തൊന്നും സ്വന്തം ആത്മീയ ദാഹത്തെ കൈയെത്തിച്ചു തൊടാവുന്ന അത്രയും തൊട്ടു മുന്നിൽ കണ്ട് വിശ്വാസികൾ ഇത്ര മേൽ ആകാംക്ഷാഭരിതരാകുകയും ആഹ്ലാദിക്കുകയും ചെയ്തിട്ടുണ്ടാവില്ല. പാരമ്പര്യങ്ങളിൽ നിന്നും വ്യതിചലിക്കാനുള്ള വിമുഖതയാണ് സഭയുടെ പ്രധാന ശാപം.

ശില്പി കുഴച്ച കളിമണ്ണുകൊണ്ടു രൂപങ്ങൾ സൃഷ്ടിക്കുന്നപോലെ, വിശ്വാസികളെ ആത്മീയതയുടെ ഉന്നത സോപാനങ്ങളിലെത്തിക്കുവാൻ തക്കവണ്ണം ഉള്ള അഭിവന്ദ്യ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ കല്പന പ്രശംസിക്കപ്പെടേണ്ടതുതന്നെയാണ്. മലങ്കര സഭയെുറിച്ച് വർഷങ്ങളായി നിലനിൽക്കുന്ന ഒരു പരാതി, അല്ലെങ്കിൽ പരിഭവം എന്ന് പറയുന്നത് സഭ പാരമ്പര്യങ്ങളിൽ കുടുങ്ങിപോയി, വിശ്വാസികളുടെ ജീവിതത്തിൽ നിന്ന് അകന്നുപോയി എന്നതാണ്. ജീവിതത്തോടു കൂടുതൽ അടുത്തു നില്ക്കുന്ന പുതിയ തലമുറയ്ക്ക് ആത്മീയ-കൂദാശപരമായ ഗുണപരമായ ദർശനങ്ങൾ ഈ വർഷത്തെ പെസഹായും, ഈസ്റ്ററും നൽകുന്നു എന്ന സവിശേഷതകളാണ് ഇന്നത്തെ പരിതോവസ്ഥയിൽ വന്ദ്യ കോട്ടയം ഭദ്രാസനാധിപന്റെ കല്പനയെ പ്രസക്തമാക്കുന്നത്. ഇതര ഭദ്രാസനങ്ങളിലെ പൗരോഹിത്യ സ്ഥാനികൾ മടിച്ചു നില്ക്കുമ്പോൾ, കോട്ടയം ഭദ്രാസനത്തിലെ സമയമാറ്റം സമസ്ത വിശ്വാസികളും നെഞ്ചിലേറ്റി സ്വീകരിച്ചുവെന്നത് ശുഭകരമായ ഒരു കാര്യമാണ്. ഒരർത്ഥത്തിൽ ഏറ്റവും വലിയ ആത്മീയ മൂലധനമുള്ള മലങ്കര സഭ കാലികമായ നവീകരണം എന്നേ സാധ്യമാക്കേണ്ടതായിരുന്നു!

മതസംബന്ധിയായ കാര്യങ്ങളിൽ സഭയുടെ ഭരണഘടന ഒന്നും, വിശ്വാസികളുടെ മനസ്സിന്റെ ഭരണഘടന മറ്റൊന്നും ആകരുത്. മതകാര്യങ്ങളിൽ അനാവശ്യ കാർക്കശ്യങ്ങൾ ഒഴിവാക്കാനുള്ള സാമൂഹിക ബോധത്തിലെത്തി

# ബാലസഭ

## നടവഴികൾ...

### മാങ്ങാപ്പഴം

"നീ ചാണ്ടി വക്കീൽ സാറിന്റെ മാവിലെറിഞ്ഞ് ഓടു പൊട്ടിക്കും അല്ലേടാ... വക്കീൽ സാർ ഇവിടെ വന്നാ പരാതി പറഞ്ഞത്." സാം കുട്ടന്റെ തടിച്ച ശരീരത്തിലേക്ക് അമ്മ തലങ്ങും വിലങ്ങും അടിക്കുകയാണ്. ആ നാലാം ക്ലാസ്സുകാരന്റെ കണ്ണിൽ നിന്നും ഒരു തുള്ളി കണ്ണീർ പോലും തുളുമ്പിയില്ല. ദൃഢമായ കണ്ണുകൾ എന്തോ തീരുമാനിച്ചുറച്ചിരുന്നു.

അര മണിക്കൂർ കഴിയുമ്മുമ്പേ ചാണ്ടി വക്കീൽ വെള്ളി കെട്ടിയ വടിയും കുത്തി രണ്ടാമതും വീട്ടുമുറ്റത്തു വന്നു. സാം കുട്ടന്റെ അമ്മ അന്നാമ്മ അമ്പരപ്പോടും ഭവ്യതയോടും പുറത്തിറങ്ങി വന്നു നിന്നു.

"അവനെ ഇനി അടിക്കരുത് കാര്യം പറഞ്ഞു മനസിലാക്കിയാൽ മതി. നേരത്തെ അടിച്ചു പൊട്ടിച്ചതു കൊണ്ടായിരിക്കാം വീണ്ടും വന്ന് ഓടിലെറിഞ്ഞത്. ആദ്യത്തെ എറിയിൽ കുഴപ്പമൊന്നും പറ്റിയിരുന്നില്ല ഇപ്പോഴാണെങ്കിൽ രണ്ട് ഓട് പൊട്ടുക കൂടി ചെയ്തു അന്നാമ്മച്ചേട്ടത്തി അക്കാര്യമൊന്ന് ശ്രദ്ധിക്കണം."

വക്കീൽസാർ വടിയും കുത്തി നടന്നു പോകുന്നതും നോക്കി അന്നാമ്മ കൈകൊടുത്ത് തളർന്നിരുന്നു.

"ഇവനെ എന്തോ ചെയ്യും മാതാവേ...? വക്കീൽ സാർ രണ്ടാമതാണ് പരാതി പറയുന്നത്. ഇനി ഉപദേശിച്ചിട്ട് കാര്യമില്ല"

അല്പ സമയത്തിനുശേഷം അന്നാമ്മ ഉത്തരത്തിൽ നിന്നും ചൂരൽ വലിച്ചെടുത്ത് വക്കീൽ സാറിന്റെ പരിസരത്തുള്ള റോഡിലേക്ക് നടന്നു. വക്കീൽ സാറിന്റെ വീടിന്റെ വരാന്തയിരുന്ന സാം കുട്ടനെ കണ്ട് അന്നാമ്മ ആദ്യമൊന്ന് അമ്പരന്നുപോയി. ദൂരെ ഒരു ചാരു കസാലയിൽ വക്കീൽ സാർ ഇരിക്കുന്നു. വരാന്തയിൽ മറ്റു രണ്ടു കൂട്ടുകാരോടൊപ്പമിരുന്ന് പഴമാങ്ങാ തിന്നുകയാണ് സാം കുട്ടൻ

"ഇവിടെ വാ...." അന്നാമ്മച്ചേട്ടത്തിക്ക് ദേഷ്യം അടക്കാനായില്ല

"വേണ്ട ചേട്ടത്തിയേ... ആ വടിയങ്ങ് കളഞ്ഞേരെ ഞാൻ കാര്യങ്ങളൊക്കെ പറഞ്ഞ് അവന് മനസ്സിലാക്കിക്കൊടുത്തിട്ടുണ്ട" വക്കീൽ സാർ ചിരിച്ചുകൊണ്ട് പറഞ്ഞു.

സാം കുട്ടൻ വിജയശ്രീലാളിതനേപ്പോലെ വരാന്തയിൽ നിന്ന് നാല് പഴമാങ്ങൾ കൂടി എടുത്ത് പോക്കറ്റിലിട്ട് അമ്മയുടെ അരികിലേക്ക് നടന്നു.

*തോമസ് പി. കൊട്ടാരക്കര*

**പ്രിയപ്പെട്ട കൊച്ചുകൂട്ടുകാരേ,**

ഒരു മദ്ധ്യവേനലവധിക്കാലം കൂടി നമ്മെ തേടിയെത്തിയിരിക്കയാണ്. മാമ്പഴം പെറുക്കി, അണ്ണാറക്കണ്ണനോടു കിന്നാരം ചൊല്ലി ഓടി നടക്കാൻ ഒരു അവസരം. എന്നാൽ ആധുനിക കാലത്ത് ഇത് വെറും ഒരു ഓർമ്മയാകുന്നു. കാരണം, അവധി തുടങ്ങുമ്പോൾത്തന്നെ വേറെ എന്തെങ്കിലും പഠിക്കാൻ കുട്ടികൾ നിർബന്ധിതരാകുന്നു. എങ്കിലും അവധിക്കാലം രസമുള്ളതാക്കി തീർക്കാൻ എല്ലാവരും ശ്രമിക്കണം. പിന്നെ മെയ് മാസത്തിലാണല്ലോ നമ്മുടെ പരീക്ഷകളുടെ ഫലം നമ്മെ തേടിയെത്തുന്നത്. കൂട്ടുകാരെ എല്ലാവർഷവും ചേട്ടൻ ഓർപ്പിക്കുന്നതുപോലെ പരീക്ഷയുടെ ഫലം എന്തുതന്നെയായാലും അതിനെ അതിന്റെ ഗൗരവത്തോടുകൂടി കാണുക. പ്രതീക്ഷിക്കുന്നതിനു. വിപരീതമായി അതായത് ജയത്തിനു പകരം തോൽവി നമ്മെ തേടിയെത്തിയാൽ അതിൽ തകർന്നു പോകരുത്. പ്രതിസന്ധികളും, പരാജയങ്ങളുമൊക്കെ ഉണ്ടായാൽ മാത്രമെ ഒരു ജീവിതമാകുകയുള്ളു. ഈ പ്രാവശ്യം എനിക്കു പരാജയം സംഭവിച്ചു എന്നാൽ അടുത്ത പ്രാവശ്യം ഞാൻ നല്ല മാർക്കോടെ ജയിക്കും എന്ന് ഉറച്ച തീരുമാനമെടുക്കുക. പരീക്ഷയ്ക്കു തോൽക്കുമ്പോൾ ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം വർദ്ധിക്കുകയാണ്. സത്യത്തിൽ ഇത് ലോകമണ്ടത്തരമല്ലേ. വിജയിക്കുന്ന കൂട്ടുകാർ പരാജയപ്പെടുന്ന കൂട്ടുകാരുടെ അടുത്ത് എത്തി അവരെ ആശ്വസിപ്പിക്കുകയും അടുത്ത പ്രാവശ്യം ജയിക്കുന്നതിന് ആവശ്യമായ എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്യുകയും വേണം. പിന്നെ കഴിഞ്ഞ ലക്കത്തിൽ കൂട്ടുകാർ ചേട്ടന് കത്തെഴുതുന്നതിനെക്കുറിച്ച് സൂചിപ്പിച്ചിരുന്നല്ലോ. ചേട്ടൻ പ്രതീക്ഷിച്ചതിലും ഉപരിയായ സഹകരണമാണ് കൂട്ടുകാരിൽ നിന്ന് ലഭിച്ചത്. എല്ലാ കൂട്ടുകാരുടെയും കത്തുകൾക്ക് മറുപടി അയയ്ക്കുന്നുണ്ട്. ബാഹ്യകേരള ഭദ്രാസനത്തിൽ നിന്നും കത്തുകൾ അയയ്ക്കുന്ന കൂട്ടുകാർ അവരുടെ ഭദ്രാസനം കൂടി എഴുതുമല്ലോ. അടുത്ത വർഷം പത്താം ക്ലാസിലേക്ക് കടക്കുന്ന കുട്ടികൾ അറിഞ്ഞിരിക്കേണ്ട 25 കാര്യങ്ങൾ ഉൾപ്പെടുത്തി ചേട്ടൻ ഒരു ലഘുലേഖ തയ്യാറാക്കിയിട്ടുണ്ട്. അത് ആവശ്യമുള്ളവർ പ്രത്യേകം എഴുതണം. നിങ്ങളുടെ കത്തുകൾ ചേട്ടന് നേരിട്ടയയ്ക്കുന്നതാണ് കൂടുതൽ ഉചിതം. എബിച്ചേട്ടൻ, അജുവില്ല, മാടമൺ പി.ഓ., വടശ്ശേരിക്കര (വഴി) പത്തനംതിട്ട–689655. എന്ന വിലാസത്തിൽ അയയ്ക്കുക. എല്ലാ കൂട്ടുകാർക്കും എല്ലാവിധമായ ആശംസകളും നേർന്നുകൊണ്ടും നിങ്ങളുടെ കത്തുകൾ പ്രതീക്ഷിച്ചുകൊണ്ടും


സ്നേഹത്തോടെ

**നിങ്ങളുടെ എബിച്ചേട്ടൻ.**





## ബുദ്ധിമാൻ




## കവിത

യേശുവേ.... രക്ഷകാ പ്രഭോ.. രക്ഷകാ വിഭോ....
കാത്തരുളീടേണമേ.
പൈതങ്ങളാം ഞങ്ങളെ നേർവഴി കാട്ടീടണം
നിൻദയ ഞങ്ങളിൽ എന്നെന്നും ഉണ്ടായിടണം
കുരിശ്ശും ചുമന്ന് നീ ഞങ്ങൾ തൻ പാപങ്ങൾ ഏറ്റു.
നിൻ കരുണയും, സ്നേഹവും എന്നെന്നും ഉണ്ടായിടണം.
നിന്നെ ഞങ്ങൾ വാഴ്ത്തുന്നു. നാഥാ.. ജീവൻ
നലിനിൽക്കുവോളം.

*ശ്രീദേവി*

## വചനപാത...

മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന ഏവനെയും സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റുപറയും

(വി. മത്താ. 10:32).


## കൂട്ടുകാരുടെ രചനകൾ



ജോബിൽ പി. ഏബ്രഹാം
വള്ളിക്കാട്ട് ദയറ
വാകത്താനം


അനൂപ് പി. സി.
മങ്ങാട്


മഹിത പി. ചാക്കോ
പഴഞ്ഞി

## കുത്തുകൾ യോജിപ്പിക്കുക





റെക്സ് തോമസ്
കങ്ങഴ

ആശംസകൾ നേർന്നുകൊണ്ട്

ചങ്ങനാശ്ശേരി

SINCE 1938

കരിക്കിനേത്ത്

സെൻട്രലൈസ്ഡ് A/c ടെക്സ്റ്റയിൽ ഷോറൂം

ഫോൺ: 0481 – 2400788, 2429528, 2411223

www.karikkineth.com

''എല്ലാവിധ പള്ളി തിരുവസ്ത്രങ്ങളും കാപ്പ തുണികളും കാർപ്പറ്റുകളും മിതമായ വിലയ്ക്ക് ലഭിക്കുന്നു''

## ഗിവ്സൈറ്റ് / ഗിവ് ലൈഫ് പ്രോജക്ട്

**സെന്റ് ഗ്രീഗോറിയോസ് മിഷൻ ഹോസ്പിറ്റൽ, പരുമല, മാന്നാർ. പിൻ 689 626, ഫോൺ: 0479–312266, 312465**

**ഗിവ്സൈറ്റ് പ്രോജക്ട്**

പരുമല സെന്റ് ഗ്രീഗോറിയോസ് മിഷൻ ആശുപത്രിയിലെ നേത്രചികിത്സ വിഭാഗവുമായി ബന്ധപ്പെട്ട് ആരംഭിച്ചതാണ് `Give Sight Project'.

സന്മനസ്സുള്ള ആർക്കും `Give Sight Project'-ൽ 1000/- (ആയിരം രൂപ) നല്കി അംഗമാകാം. ഇൻട്രാ ഓക്കുലർ ലെൻസ് (IOL) വച്ചുള്ള നൂതന ശസ്ത്രക്രിയ, പദ്ധതിയിൽ അംഗങ്ങളാകുന്നവരുടെ പേരിൽ ഒരു പാവപ്പെട്ട അന്ധന് ഞങ്ങൾ ചെയ്തുകൊടുക്കും. ഓപ്പറേഷൻ സംബന്ധിച്ച് വരുന്ന മറ്റ് ചിലവുകൾ ആശുപത്രി വഹിക്കും. നിങ്ങളുടെ സഹായത്താൽ കാഴ്ച ലഭിച്ച രോഗിയെ സംബന്ധിച്ച വിവരങ്ങൾ യഥാവസരം നിങ്ങളെ അറിയിക്കുന്നതാണ്.

**നേത്രചികിത്സാക്യാമ്പ്:** ക്രിസ്റ്റഫൽ ബ്ലൈൻഡൻ മിഷൻ, ജർമ്മനിയുടെ സഹായത്താൽ എല്ലാ വ്യാഴാഴ്ചകളിലും സൗജന്യ നേത്രചികിത്സാക്യാമ്പുകൾ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്. താല്പര്യമുള്ളവർ നേത്രചികിത്സാവിഭാഗവുമായി ബന്ധപ്പെട്ടാൽ സൗജന്യ നേത്രചികിത്സാക്യാമ്പുകൾ നടത്തികൊടുക്കുന്നതാണ്.

**ഗിവ് ലൈഫ് പ്രോജക്ട്:**

പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയോട് ചേർന്ന് ഒരു അത്യാധുനിക ലഹരിവിമുക്ത ചികിത്സാകേന്ദ്രംകൂടി ആരംഭിച്ചിട്ടുണ്ട്. ലഹരി വസ്തുക്കൾക്ക് അടിമപ്പെടുക എന്നുള്ളത് ശാരീരികവും മാനസികവുമായ രോഗമാണ്. വിദഗ്ദ്ധചികിത്സയും കൗൺസലിംഗുംകൊണ്ട് ഈ രോഗത്തെ നിയന്ത്രണവിധേയമാക്കാവുന്നതാണ്. ലഹരിക്കടിമയായ ഒരാൾ രക്ഷനേടുമ്പോൾ ഒരു തലമുറയാണ് നന്നാവുന്നത്. ആസക്തി മൂലം സാമ്പത്തികമായി തകർന്ന ഒരാൾക്ക് ആശുപത്രിയിലെ ചികിത്സ ചിലവുകൾ വഹിക്കുവാൻ പ്രയാസമുണ്ട്.

തകർന്ന കുടുംബങ്ങളെ നേർവഴിക്ക് നടത്തുവാനുള്ള ഞങ്ങളുടെ പ്രയത്നത്തിൽ താങ്കൾക്കും പങ്കാളിയാകാം. ലഹരി വിമുക്ത ചികിത്സയ്ക്ക്, രണ്ടാഴ്ചത്തെ ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സയ്ക്കും മറ്റുമായിഏകദേശം 2500/- രൂപ ചിലവുവരും. സൈക്കോതെറാപ്പി കൗൺസലിംഗ് തുടങ്ങിയ മേഖലകളിൽ പ്രഗത്ഭരായ മനോരോഗ-മനഃശാസ്ത്ര വിദഗ്ദ്ധരുടെ സേവനം ഈ സെന്ററിൽ ലഭ്യമാണ്.

M.O. / D.D. / Cheque to Give Sight / Give Life Project C/o. Executive Officer, St. Gregorios Hospital, Parumala - 689 626



# ഞായർദിന ചിന്തകൾ

ഫാ. പി. എം. സഖറിയ, പള്ളിക്കപ്പറമ്പിൽ

**മെയ് 18**
**പുതുഞായറാഴ്ചയ്ക്കു ശേഷം മൂന്നാം ഞായർ**
**ലൂക്കോ. 24:13–35**

"ഉത്ഥിതനായ യേശു നമ്മുടെ സഹയാത്രികൻ"

നിരാശയുടെ ഒരു സായാഹ്നത്തിൽ യേറുശലേമിൽ നിന്നും എമ്മാവൂസിലേക്കു പോയ രണ്ടു ശിഷ്യന്മാർ- പരാജയബോധവും, ഭാവി സംബന്ധിച്ചുള്ള ആകുലതയും അവരെ വളരെ മ്ലാന വദനരാക്കി-അധിക ദൂരം പോകുന്നതിനു മുമ്പ് ഒരു അപരിചിതൻ അവരോടൊത്ത് നടക്കുവാൻ തുടങ്ങി, അവരുടെ സംഭാഷണങ്ങളിൽ പങ്കു ചേർന്നു. അവരുടെ ക്ഷണപ്രകാരം അവരുടെ ഭവനത്തിൽ ചെന്നു ഭക്ഷണം വാഴ്ത്തി നുറുക്കി അവർക്കു നൽകി. ഇതാണിന്നത്തെ വായന.

ക്രിസ്തുവിനോടുകൂടെ സഞ്ചരിച്ചിട്ടും അവനിൽ വിശ്വസിക്കാതെയും, പ്രതിസന്ധികളിൽ ദൈവാനുഭവമില്ലാതെയും, നിരാശരായി കൂട്ടംവിട്ട് പലായനം ചെയ്തവരുടെ ജീവിതഗതി ഉയിർത്തെഴുന്നേറ്റ കർത്താവ് യഥാസ്ഥാനപ്പെടുത്തുന്നു.

ഈ ശിഷ്യന്മാർ അറിയിപ്പുകാരിൽ പെട്ടവരായിരുന്നു 18-ാം വാക്യത്തിൽ ക്ലേയോപ്പാ എന്നു പേരു പറയുന്നുണ്ടെങ്കിലും ഏതു ക്ലയോപ്പയാണെന്നു ക്ലിപ്തമായി പറയുവാൻ നിവൃത്തിയില്ല. യൗസേഫിന്റെ സഹോദരനാണെന്നു വിചാരിക്കപ്പെടുന്നു. മറ്റേയാൾ വി. ലൂക്കോസു തന്നെയാണെന്നും അതുകൊണ്ട് മനഃപൂർവ്വമായി പേരു മറച്ചു വെക്കുന്നതാണെന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ട്.

യാത്രാമദ്ധ്യേയുള്ള അവരുടെ സംഭാഷണം അതിന്റെ സ്വാഭാവികത കൈവിടാതെതന്നെ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു. യരുശലേമിൽ സംഭവിച്ച കാര്യങ്ങളെപ്പറ്റിയുള്ള അവരുടെ തർക്കമദ്ധ്യേ ഉയിർത്തെഴുന്നേറ്റ കർത്താവിനെ അവർ മനസിലാക്കിയില്ല. മനുഷ്യ ജീവിതത്തിലെ ധൃതി നിറഞ്ഞ അനുഭവങ്ങളുടെ മദ്ധ്യേ. കർത്തൃസാന്നിദ്ധ്യം വേണ്ടവിധം ഗ്രഹിപ്പാൻ ആധുനിക മനുഷ്യന് പലപ്പോഴും സാധ്യമാകുന്നില്ല. ഈ വിധത്തിൽ നോക്കിയാൽ ക്രിസ്തു ഇന്നും നമുക്ക് അപരിചിതനല്ലേ?

ഈ ശിഷ്യന്മാർ രണ്ടുപേരും കർത്താവ് ഒരു ലൗകിക സാമ്രാജ്യം സ്ഥാപിച്ച് ഇസ്രായേലിന്റെ ഉദ്ധാരണം സാധിക്കുമെന്ന് ആശിച്ചിരുന്നതായി അനുമാനിക്കാം. യേശു സാക്ഷാൽ മശിഹാതന്നെയെന്നുള്ള വിശ്വാസം ഇവിടെ ദുർബലപ്പെട്ടുപോകുന്നു. അവിടുന്ന് ദൈവികശക്തിയോടുകൂടി പ്രവർത്തിച്ചിരുന്ന ഒരു ദീർഘദർശി എന്നല്ലാതെ സാക്ഷാൽ മശിഹായെന്ന് അവർ ഇവിടെ പറയുന്നില്ല. മൂന്നാം ദിവസത്തെക്കുറിച്ച് കർത്താവ് എന്തോ പറഞ്ഞിരുന്നു എന്ന് അവ്യക്തമായ ചില ഓർമ്മകൾ മാത്രം അവർക്കുണ്ടായിരുന്നു. എന്നാൽ ആ ദിവസമായിട്ടും അവരുടെ പ്രതീക്ഷകൾ ഫലപ്പെട്ടു കാണാത്തതിൽ നിരാശപ്പെടുന്നതുപോലെ തോന്നുന്നു.

അവർ കർത്താവിനെ ശക്തിയുള്ള പ്രവാചകനായും (വാക്യം 19) യിസ്രായേലിന്റെ വീണ്ടെടുപ്പുകാരനായും കണ്ടു (വാ. 21) പക്ഷെ അവരിലെ ആശ നിരാശയായി മാറി. ഇച്ഛാഭംഗത്തോടെയുള്ള അവരുടെ ഈ പ്രസ്താവന അവരുടെ ശോചനീയാവസ്ഥയെ പ്രകടമാക്കുന്നു. കർത്താവിന്റെ ക്രൂശ് അവരിൽ സംശയങ്ങൾ ഉളവാക്കി. കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പിന് സാക്ഷ്യം വഹിച്ച സ്ത്രീകളുടെ വാക്കുകൾ സ്വീകരിപ്പാൻ അവർക്ക് തോന്നിയില്ല. അവിശ്വാസം സ്ഫുരിക്കുന്ന അവരുടെ വാക്കുകളിൽ കർത്താവ് അവർക്ക് ബുദ്ധിയുപദേശിക്കുന്നു. പ്രവാചകന്മാരുടെ വാക്കുകളും, തിരുവെഴുത്തിലെ വചനങ്ങളും വേണ്ടവിധം ഗ്രഹിക്കാത്തതിൽ അവർ പഴിക്കപ്പെട്ടു. എന്നാൽ കഷ്ടത മഹത്വത്തിലേക്കുള്ള ചവിട്ടുപടിയാണെന്ന സത്യം ഇവിടെ വെളിപ്പെട്ടു വന്നു.

അപരിചിതനെന്നു കരുതിയവൻ എമ്മാവൂസിലെ ഭവനത്തിൽ ആതിഥേയനായി മാറി. ആഥിത്യം നൽകുവാൻ മനസു കാട്ടിയവർക്ക് കർത്താവ് അപ്പം എടുത്ത് അനുഗ്രഹിച്ച് നുറുക്കി നൽകി. ഇതിൽ നിന്നും അവിടുന്ന് വി. കുർബ്ബാന നടത്തുകയായിരുന്നു എന്നൊരു ധാരണ ചില ആളുകളിൽ ഉണ്ട്. വി. കുർബ്ബാനയുടെ സ്ഥാപന വചനങ്ങളിൽ ഉപയോഗിച്ചിരുന്ന വാക്കുകൾതന്നെ ഇവിടെ കർത്താവ് ഉപയോഗിക്കുന്നുണ്ടെങ്കിലും കാസായെപ്പറ്റിയാതൊന്നും പറഞ്ഞിട്ടില്ലാത്തതുകൊണ്ട് ഈ ധാരണ ശരിയാണെന്നു തോന്നുന്നില്ല. പെസഹാ ഭക്ഷണത്തിൽ ആ ശിഷ്യന്മാർ സംബന്ധിച്ചിരുന്നില്ല. അയ്യായിരം പേർക്കും, നാലായിരം പേർക്കും ഭക്ഷണം കൊടുത്ത രീതി തന്നെ ഇവിടെയും പ്രവർത്തിച്ചു. ഇതുവഴി അവർക്കു പഴയ കർത്താവിനെ മനസിലാക്കുവാൻ സാധിച്ചു. വലിയവനായ ദൈവം മനുഷ്യാനുഭവങ്ങളിൽ നമ്മോടൊപ്പം ഉള്ളവനും നമ്മെ എന്നാളും കരുതുന്നവനും അല്ലയോ?

ജീവിതത്തിന്റെ അർത്ഥ രാഹിത്യം, ഭാവിയെക്കുറിച്ചുള്ള ആകുലചിന്ത ഇവ വെടിഞ്ഞ് ഉയിർപ്പിന്റെ സന്ദേശമുൾക്കൊണ്ട് അവർ യറുശലേമിലേക്ക് ബദ്ധപ്പാടോടെ മടങ്ങിപ്പോകുന്നു. തങ്ങൾ കേട്ടതും കണ്ടതും എല്ലാം എല്ലാവരേയും അറിയിക്കുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവിൽ അവർ യഥാസ്ഥാനപ്പെട്ടു. ഉയിർപ്പിന്റെ വക്താക്കളായി മാറി. അന്ധകാരാവൃതമായ ലോകത്തെ ഉയിർപ്പിന്റെ അനുഭവത്തിലേക്ക് നയിക്കുന്ന ദൈവരാജ്യ ശുശ്രൂഷയിൽ നമുക്കു പങ്കു ചേരാം.

**മെയ് 25 പുതുഞായറാഴ്ചയ്ക്കു ശേഷം നാലാം ഞായർ**
**ലൂക്കോ. 9:51–62**

ശമര്യരുടെ അവഗണന

ശൊമറിൻകാർ നല്ല അയൽക്കാർ

## ഞായർദിന ചിന്തകൾ

(ലൂക്കോ. 10: 25–37) എന്നു ഉപമയിലൂടെ പഠിപ്പിച്ച യേശു തമ്പുരാൻ. നീയൊരു ശമര്യൻ (യോഹ. 8:48) എന്നു യഹൂദന്മാർ വിളിച്ച യേശു. ഗലീലയിൽ നിന്നും നേർവഴിയായി ശമര്യയിലൂടെ യറുശലേമിലേക്ക് പോകുവാൻ തീരുമാനിച്ച മനുഷ്യപുത്രനെ ശമര്യക്കാർ അവഗണിക്കുന്ന സംഭവമാണിന്നത്തെ ഏവൻഗേലിയോൻ ഭാഗം.

ഇവിടം മുതൽ 19:28 വരെയുള്ള സംഭവങ്ങൾ കർത്താവിന്റെ അവസാന ഊർശ്ലേം യാത്രാമദ്ധ്യേ നടക്കുന്നതായിട്ടാണ് ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മറ്റു സുവിശേഷകന്മാരുടെ വിവരണങ്ങളെ അപേക്ഷിച്ച് ഈ യാത്ര കൂടുതൽ ദീർഘവും സംഭവബഹുലവുമാണ്. ഈ ഭാഗത്തു രേഖപ്പെടുത്തിയിരിക്കുന്ന പല സംഭവങ്ങളും ഗ്ലീലായിൽ വച്ചു നടക്കുന്നതായിട്ടാണ് മറ്റു സുവിശേഷകന്മാർ വിവരിക്കുന്നത്. ആകയാൽ ഇതു മുഴുവനും ഈ യാത്രയിൽ തന്നെ നടക്കുന്നതായി വിചാരിക്കുവാൻ നിവൃത്തിയില്ല. തനിക്കു ശേഖരിക്കുവാൻ സാധിച്ച വിവരങ്ങൾ സ്ഥലകാലങ്ങളെപ്പറ്റി വലിയ നിഷ്കർഷ കൂടാതെ സുവിശേഷകന്മാർ രേഖപ്പെടുത്തുന്നതായിരിക്കണം.

ഊർശ്ലേമിലേക്കുള്ള യേശു തമ്പുരാന്റെ നിർണ്ണായക യാത്ര കേവലം ഒരു യാദൃച്ഛിക സംഭവമായിരുന്നില്ല. ആരോഹണ നാളുകൾ, തേജസ് കരണത്തിനുള്ള സമയം, മഹത്വത്തിന്റെ നാഴിക മുതലായ പ്രയോഗങ്ങൾ ക്രൂശിന്റെ അനിവാര്യത വ്യക്തമാക്കുന്നുണ്ട്. ദൈവഹിതത്തോടുള്ള അനുസരണത്തിൽ യേശു ജീവിച്ച ജീവിതത്തിനു നൽകേണ്ടി വരുന്ന വില ക്രൂശാണെന്നു വ്യക്തമായിരുന്നു. ക്രൂശിന്റെ, അനുസരണത്തിന്റെ ബലിയുടെ പാത തിരഞ്ഞെടുത്തു.

(വാക്യം 53) കർത്താവ് ശൊമറീനിൽ താമസിക്കാതെ ഊർശ്ലേമിലേക്കു പോവുകയാണെന്നുള്ള അറിവ് ശൊമറീൻകാർക്കു സന്തോഷ പ്രദമായിരുന്നില്ല. ഒരു മശിഹാ വരുമെന്ന് അവരും പ്രതീക്ഷിച്ചിരുന്നു. (യോഹ. 4: 25) എന്നാൽ അവരുടെ ആരാധനാ സ്ഥലമായ "ഈ മലയിൽ" (4:20) ആരാധന നടത്താതെ ഊർശ്ലേമിൽ ആരാധനയ്ക്കായി പോകുന്നത് അവർക്ക് ഹിതമല്ല. ആകയാൽ അവരാൽ പ്രതീക്ഷിക്കപ്പെടുന്ന മിശിഹാ ഇതല്ല എന്നും അവർ സംശയിച്ചിരിക്കണം. യഹൂദന്മാർ സാധാരണയായി ശൊമറീൻ കാരുമായി അടുത്തു പെരുമാറുകയും പതിവില്ല (യോഹ. 4:9).

2 രാജാ. 1:10-ൽ വിവരിക്കുന്ന സംഭവം ഇവിടെ വിവരിക്കുന്നുണ്ട്. യേശുവിനോട് ശമര്യർക്ക് ശത്രുതാഭാവമൊന്നും ഇല്ലെങ്കിലും യറുശലേമിനോട് വിദ്വേഷമുണ്ട്. ശമര്യരെ യഹൂദന്മാർ പ്രാന്തവൽക്കരിച്ചിരുന്നു തങ്ങളെ അംഗീകരിക്കാത്ത ശമര്യരെ ഏലിയാവ് ചെയ്തതുപോലെ ആകാശത്തു നിന്നും തീ ഇറക്കി ദഹിപ്പിക്കുവാനാണ് ശിഷ്യന്മാർ യേശു തമ്പുരാനോട് നിർദ്ദേശിക്കുന്നത്. ഇവിടെ ശ്രദ്ധേയമായ ഒരു കാര്യം, ശമര്യരും ശിഷ്യന്മാരും മനുഷ്യപുത്രന്റെ ഉള്ളിലുള്ള ആത്മാവിനെ ഉൾക്കൊള്ളുന്നില്ല എന്നുള്ളതാണ് അതായത് പുതിയ നിയമത്തിന്റെ ആത്മാവ് ഏതാണെന്ന് അവർ അറിയുന്നില്ല. പുതിയ നിയമാദർശം പ്രതികാരപരമല്ല, സ്നേഹപൂർണ്ണവും, തിന്മയ്ക്കു പകരം നന്മചെയ്യുന്നതും, അതിർത്തിയില്ലാത്ത ക്ഷമയും ആണ്.

ശമര്യരോട് ശത്രുതാഭാവം പുലർത്തുന്ന ശിഷ്യന്മാരുടെ അൽപ്പത്തത്തെ യേശു തമ്പുരാൻ ഒരു ദുരവസ്ഥയായി കാണുന്നു (വാ. 55). യേശു ശമര്യരരുടെ വികാരം മനസിലാക്കുന്നുണ്ടെങ്കിലും ശിഷ്യന്മാർക്ക് അതിനു കഴിയുന്നില്ല. ദൈവ സ്നേഹവും ദീർഘക്ഷമയും നിറഞ്ഞ യേശുവിന്റെ മനോഭാവത്തിൽ അവഗണിക്കപ്പെട്ടവരേയും അവഗണിക്കുന്നവരേയും രമ്യപ്പെടുത്തുന്ന ദൈവരാജ്യ ശുശ്രൂഷ ചെയ്യുവാൻ നാമോരോരുത്തരും പ്രതിജ്ഞാബദ്ധരാണ്.

വാക്യം 57–62 വരെയുള്ള ഭാഗത്ത് കർത്താവിനെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവരോടുള്ള ഉപദേശമാണ്. നിലം ഉഴുന്ന ആൾ പിന്നോട്ടു നോക്കുകയോ, മറ്റു കാര്യങ്ങളിൽ ശ്രദ്ധ പതിക്കുകയോ ചെയ്താൽ അയാളുടെ ജോലി ശരിയാവാത്തതുപോലെ സുവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ മറ്റു കാര്യങ്ങളിൽ ശ്രദ്ധിക്കാതെ തങ്ങളുടെ ചുമതല നിർവഹണത്തിൽ ഏകാഗ്ര ചിത്തരായിരിക്കണം.


## MATRIMONIAL

Orthodox Parents settled in USA invite marriage proposals for their daughter 25/168 B.Sc Nurse, studied and working in North India, beautiful, God-fearing, from boy of Orthodox parents of well qualified, preferably Engineers, CA, B.Pharm, MBA, medical etc who wish to proceed to USA shortly. Apply immediately with biodata and latest Photograph (returnable) to:-

**Box No. 297**
**Malankara Sabha**
**Devalokam, Kottayam-686038**

## MATRIMONIAL

Orthodox Parents invite proposals for their daughter 26 yrs. doing MVSc and going to join as TA at Veterinary College Trissur. Prefering Veterinarian or Professionally employed with clean habits and family back grounds.

Contact with Details

**Box No. 295**
**Malankara Sabha**
**Devalokam**
**Kottayam-686038**




### ജൂൺ 1
### പെന്തിക്കോസ്തിക്കു മുമ്പുള്ള ഞായർ
### യോഹ. 17:13–26

പിതാവ് തന്നെ ഏൽപ്പിച്ച ശിഷ്യർക്കുവേണ്ടിയുള്ള പ്രാർത്ഥനയാണ് ഇന്നത്തെ വായനയിൽ കാണുന്നത്. ഈ പ്രാർത്ഥനയും മുൻപ് നടന്ന സംഭാഷണങ്ങളും ഭാവിയിൽ ശിഷ്യന്മാർക്കു സന്തോഷവും, സമാധാനവും, മനോധൈര്യവും നൽകുവാൻ പര്യാപ്തമായിരുന്നു. അങ്ങനെ അവർ ആത്മീകമായി അഭിവൃദ്ധിപ്പെട്ട് അവിടുത്തെ കൽപ്പനകൾ യഥാവിധി അനുഷ്ഠിക്കുകയും പരസ്പര സ്നേഹമുള്ളവരായി വർത്തിക്കുകയും ചെയ്യുന്നതാണ് അവിടുത്തെ സന്തോഷം പൂർണ്ണമാക്കുന്നത്.

ശിഷ്യർക്ക് ഒരു ദൗത്യമുണ്ട്. പിതാവ് യേശുവിന് നൽകിയ ദൗത്യം തന്നെയാണ് യേശു ശിഷ്യർക്കും നൽകുന്നത്. 9-ാം വാക്യത്തിൽ, ലോകത്തിനുവേണ്ടിയല്ല.... ഞാൻ അപേക്ഷിക്കുന്നത് എന്ന പ്രസ്താവം ഈ ബന്ധത്തിലാണ് മനസിലാക്കേണ്ടത്. ലോകത്തിലേക്കയയ്ക്കുന്ന ശിഷ്യർ യേശുവിന്റെ ദൗത്യം നിറവേറ്റി ലോകത്തെ ദൈവത്തിങ്കലേക്ക് നയിക്കുവാൻ ഇടയാകും. അതിനായി യേശുതമ്പുരാൻ ശിഷ്യർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

തന്റെ അഭാവത്തിൽ ശിഷ്യർക്കുണ്ടാകുവാൻ പോകുന്ന പ്രയാസങ്ങളെക്കുറിച്ച് യേശു ബോധവാനായിരുന്നു. ശിഷ്യർ നേരിടുന്ന അവസ്ഥയുടെ വിരോധാഭാസം യേശു സൂചിപ്പിക്കുന്നു. ലോകത്തിന്റേതല്ലാതിരിക്കെ ലോകത്തിലായിരിക്കുക എന്ന ഈ സംഘർഷത്തിനു പരിഹാരം ലോകത്തിൽ നിന്നും അവരെ എടുക്കുക എന്നതായിരുന്നു. പക്ഷേ യേശു തമ്പുരാൻ അതല്ല ചെയ്തത്. അവരെ ലോകത്തിലേക്ക് അയയ്ക്കുകയാണ് ചെയ്തത്. ഒരു കാര്യം വാഗ്ദാനം ചെയ്തു. ഞാൻ നിങ്ങളെ കാത്തുകൊള്ളും. ലോകാവസാനത്തോളം ഞാൻ നിങ്ങളോടൊപ്പമുണ്ടായിരിക്കും. ലോകത്തിൽ നിന്ന്, പ്രയാസങ്ങളിലും, പ്രശ്നങ്ങളിലും നിന്ന് ഒഴിഞ്ഞിരിക്കുന്ന ഒന്നല്ല ശിഷ്യത്വം. സുരക്ഷിതത്വം യേശു വാഗ്ദാനം ചെയ്യുന്നില്ല. ക്രിസ്തീയ മാർഗ്ഗം സുരക്ഷിതത്വത്തിന്റെ മാർഗ്ഗമല്ല, വിജയത്തിന്റെ മാർഗ്ഗമാണ്. അതാണ് ക്രൂശിൽ വെളിപ്പെട്ടത്.

വാക്യം 19 "അവർക്കു വേണ്ടി ഞാൻ എന്നെ ശുദ്ധീകരിക്കുന്നു." എന്നുള്ളത് അവിടുന്ന് അർപ്പിക്കുന്ന മഹാബലിയുടെ സൂചനയാണ്. ശുദ്ധീകരിക്കുക എന്ന പദത്തിന് പരിശുദ്ധമാക്കിത്തീർക്കുക എന്നതിനേക്കാൾ പ്രത്യേകം ഒരു സംഗതിക്കായി വേർതിരിക്കുക എന്ന അർത്ഥം നൽകുന്നത് കുറേക്കൂടി ഉചിതമായിരിക്കും. ശുദ്ധീകരിക്കുന്നു എന്ന വാക്കിന് സുറിയാനി വേദപുസ്തകത്തിൽ ബലി അർപ്പിക്കുക, ബലി മൃഗത്തെ തിരഞ്ഞെടുത്ത് നിശ്ചയിക്കുക എന്ന അർത്ഥവും കാണുന്നു. അതുകൊണ്ട് കർത്താവ് ലോകത്തിനുവേണ്ടിയുള്ള യാഗവസ്തുവായിട്ട് സ്വയം സമർപ്പിക്കുന്നതായി ഗണിക്കാം.

ശിഷ്യസമൂഹത്തിനു വേണ്ടി പ്രാർത്ഥിച്ചശേഷം അവരിലൂടെ, തന്നെ അറിയാൻ പോകുന്ന പിൽക്കാല വിശ്വാസികൾക്കു വേണ്ടിയും പ്രാർത്ഥിക്കുന്നു. വ്യത്യസ്ത ശുശ്രൂഷാ രീതികളുടെ മദ്ധ്യത്തിലും ദൈവത്തിന്റെ മക്കൾ എന്ന നിലയിൽ ഒരുമിച്ച് സാക്ഷ്യ നിർവ്വഹണം നടത്തണമെന്നതാണ് കർത്താവിന്റെ ആഗ്രഹം. സത്യത്തെ ബലികഴിച്ചുകൊണ്ടുള്ള സംഖ്യാ ശാസ്ത്രപരമായ ഏകതയല്ല ഇവിടെ കർത്താവ് ലക്ഷ്യമിടുന്നത്. ഈ പ്രാർത്ഥനയുടെ അവസാന ഭാഗത്ത് അന്തർലീനമായിരിക്കുന്ന ഒരുമയുടെ മാനദണ്ഡങ്ങളിലൂടെ ആയിരിക്കണം.

അനുസരണത്തിന്റെയും, സമർപ്പണത്തിന്റെയും അനുഭവത്തിലൂടെ താൻ പുത്രത്വം ഒരു അതുല്യപദവിയാക്കി. സ്വന്തം അജണ്ടകളില്ലാതെ ക്രൂശിലെ മരണത്തോളം ദൈവഹിതം നിവർത്തിച്ചു. പിതാവിനാൽ 'അയയ്ക്കപ്പെട്ടവൻ' എന്ന ബോധ്യമായിരുന്നു ഇതിന്റെ പിന്നിലെ പ്രേരക ശക്തി. കൂദാശാരീതികൾ, സമീപനങ്ങൾ ഇവ വ്യത്യസ്തമായേക്കാം. എങ്കിലും എല്ലാ വിശ്വാസികൾക്കും നൽകപ്പെട്ടിരിക്കുന്നത് കർത്താവിലൂടെ സമാരംഭിച്ച ദൈവരാജ്യ പ്രവർത്തനമാണ്. ഈ വിശ്വാസികളെ ഭിന്നിപ്പിക്കുന്ന ഘടകങ്ങൾ ക്രിസ്തീയമല്ല.

ദൈവസ്നേഹം ക്രിസ്തുവിൽ മജ്ജയും, മാംസവും ധരിച്ചതിലൂടെ പുത്രനു പിതാവിനെക്കുറിച്ചുള്ള അറിവ് വ്യക്തമാക്കപ്പെട്ടു. ഒരേ ഉണ്മ പങ്കിടുമ്പോൾത്തന്നെ ആളത്തപരമായ വ്യത്യസ്തത നിലനിന്നു. അന്യോന്യം 'വിധേയപ്പെട്ടും, വിധേയപ്പെടുത്താതെയുമുള്ള' വി. ത്രിത്വത്തിലെ ബന്ധമാണ് വിശ്വാസികളുടെ ഏകതയ്ക്ക് നിദാനം സഭാ വിശ്വാസികൾ അന്യോന്യം കീഴ്പ്പെടുത്താനുള്ള വ്യഗ്രത ദൈവികമല്ല. ക്രിസ്തു വിശ്വാസികൾ ഐക്യത എന്നുള്ളത് ദൗത്യനിർവഹണത്തിലും, പരസ്പരതയിലും, ക്രൂശിന്റെ മഹത്വത്തിലും പങ്കിടണമെന്ന് ക്രിസ്തു ഗുണദോഷിക്കുന്നു.

അവസാനമായി, ദൈവത്തെ അറിയാത്ത ലോക വിഭാഗത്തെ കുറിച്ച് അവിടുന്ന് ഖേദപൂർവ്വം അനുസ്മരിക്കുന്നു. ഇവിടെ ക്രിസ്തു പിതാവിനെ അഭിസംബോധന ചെയ്യുമ്പോൾ 'നീതിമാൻ' എന്ന വിശേഷണം കൂടി ചേർക്കുന്നു. ലോകം ദൈവത്തെ അറിയാതിരുന്നത് ലോകത്തിന്റെ കുറ്റമാണ്, മനഃപൂർവ്വമായി. അതുകൊണ്ട് ദയാപൂർവ്വകമോ, സ്നേഹപൂർവ്വകമോ ആയ പെരുമാറ്റമല്ല, നീതിയോടെ, നിർദാക്ഷിണ്യമായ പെരുമാറ്റമാണ് പിതാവിൽ നിന്ന് അവർ അർഹിക്കുന്നത്.

ക്രിസ്തുവുമായി നാം ഒന്നായി തീരുമ്പോൾ പിതാവിനു പുത്രനിലുള്ള സ്നേഹം പിതാവിനു നമ്മിലുള്ള സ്നേഹമായിത്തീരുന്നു. ദൈവത്തെ പിതാവെന്നു വിളിക്കുവാൻ പഠിപ്പിച്ചുകൊണ്ട് കർത്താവ് നമ്മെ ദൈവപുത്രന്മാരാക്കി തീർക്കുകയാണ് ചെയ്തത്.

## ജൂൺ 8
## പെന്തക്കോസ്തി ഞായർ
## യോഹ. 15:1-14

പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെ വി. സഭ ആഴത്തിൽ ധ്യാനിക്കുന്ന അവസരമാണ് സ്വർഗ്ഗാരോഹണം മുതൽ പെന്തിക്കോസ്തിവരെയുള്ള നാളുകൾ. പെന്തിക്കോസ്തി പെരുനാളിൽ മാളിക മുറിയിൽ ഒരുമിച്ചു കൂടിയവർ പരി. റൂഹാ പ്രാപിച്ചതിന്റെ ഓർമ്മ സജീവമാകുകയാണിന്ന്.

വി. ത്രിത്വത്തിൽ ഒരുവനായ പരിശുദ്ധാത്മാവ് വി. സഭയെ ഉണർത്തുന്നവനും, സാക്ഷ്യത്തിന് ശക്തനാക്കുന്നവനുമായ ക്നൂമായാണ്. ഇന്നത്തെ ഏവൻഗേലിയോന്റെ അടിസ്ഥാനത്തിൽ പരിശുദ്ധാത്മ പ്രവർത്തനങ്ങളെ മനസിലാക്കുവാൻ ശ്രമിക്കാം. യേശു തമ്പുരാന്റെ ഉയിർപ്പിനുശേഷം രൂപപ്പെട്ട സഭയും അതിന്റെ വളർച്ചയും സംബന്ധിച്ചുള്ള ഒരു ദർശനമാണിവിടെ കാണുന്നത്.

ഇന്നത്തെ വായനയായ മുന്തിരിച്ചെടിയുടേയും കർഷകന്റെയും ഉപമ വളരെ യാഥാർത്ഥ്യ ബോധമുള്ളതാണ്. വെട്ടിയൊരുക്കുമ്പോൾ മുന്തിരിച്ചെടി സഹിക്കുന്ന വേദന കൂടുതൽ ഫലം തരുന്നതിനാണ്. ദൈവപ്രവൃത്തിയുടെ ഏറ്റവും ആകർഷണീയമായ പ്രതിബിംബം. ശാഖ വള്ളിയോട് നിരന്തരമായി ബന്ധപ്പെട്ടു നിൽക്കേണ്ടത് ഫലോല്പാദനത്തിന് അത്യന്താപേക്ഷിതമെന്നതുപോലെ ശിഷ്യർക്കും ഫലം പുറപ്പെടുവിക്കുന്നതിന് യേശുവിനോടുള്ള നിരന്തര ബന്ധം ആവശ്യമാണ്. യേശുവിൽ നിലനിൽക്കുന്നതിലുള്ള പരാജയം സ്വയം നാശം വിളിച്ചു വരുത്തുന്നു. ഫലം ഉൽപ്പാദിപ്പിക്കുന്നത് ശിഷ്യത്വത്തിന്റെ തെളിവും. ഫലശൂന്യത വിശ്വാസിയല്ല എന്നതിന്റെ ഉദാഹരണവുമാണ്. (മത്താ. 7:20, ലൂക്കോ. 6: 43,44).

വി. കുർബ്ബാന സ്ഥാപനത്തിൽ മുന്തിരിച്ചാറ്. ഉപയോഗപ്പെടുത്തിയതിനെ തുടർന്ന് അതുമൂലം ക്രിസ്തുവും, ക്രിസ്തു സഭയിലെ അംഗങ്ങളും തമ്മിലുളവാകുന്ന ബന്ധത്തെ ഈ ഉപമ ശരിയായി തെളിയിക്കുന്നു. പഴയ നിയമ സഭയായ ഇസ്രയേലിനെ പൂർവ്വിക ദീർഘദർശിമാർ മുന്തിരിവള്ളിയോട് ഉപമിച്ചിരിക്കുന്നു. (സങ്കീ. 80:8, ഏശായ 5:1, യിരെമ്യ 2:21 ഹോശേയാ 10:1) ഇവിടെ യഥാർത്ഥ ഇസ്രായേൽ, കർത്താവിനെ അനുഗമിക്കുന്നവരാണ്. മുന്തിരിത്തണ്ട് അതിന്റെ ചെറുശാഖകൾക്കെന്നപോലെ അവിടുന്ന് ക്രിസ്തു സഭയുടെ അടിസ്ഥാനമാകുന്നു.

പിതാവാണ് തോട്ടത്തിന്റെ ഉടമസ്ഥൻ. അവിടുത്തെ ഇഷ്ടപ്രകാരവും, അവിടുത്തെ മഹിമയ്ക്കും വേണ്ടിയാണ് തോട്ടം സ്ഥിതിചെയ്യുന്നത്. മുന്തിരി വള്ളിയിൽ ഫലം നൽകാത്ത ചെറുശാഖകളും ഉണ്ടായിരിക്കും. വി: മാമോദീസാ മൂലം എല്ലാവരും ക്രിസ്തുവാകുന്ന മുന്തിരി തണ്ടിൽ ഒട്ടിച്ചു ചേർക്കപ്പെട്ട് അതിലെ ശാഖകളായി തീരുന്നുവെങ്കിലും ഒട്ടിക്കപ്പെടുന്ന എല്ലാ ശാഖകളും പിടിക്കുകയോ, പിടിച്ചു എന്നുവെച്ച് തഴച്ചു വളരുകയോ, തഴച്ചു വളർന്നാൽത്തന്നെയും ഫലം കായ്ക്കുകയോ ചെയ്യാതിരിക്കുന്നതുപോലെ മാമോദീസാ സ്വീകരിച്ചു ക്രിസ്ത്യാനികളായി തീരുന്നവരിലും സംഭവിക്കാം.

ബുദ്ധിമാനായ ഒരു കർഷകൻ ഒരു ചെടിയെ പല വിധത്തിൽ പരിചരിക്കും. ചില ശാഖകൾ കോതിക്കളയുന്നത് അപരിചിതനായ ഒരാളിനു നിർദ്ദയമായി തോന്നാം. എന്നാൽ ഇതെല്ലാം കൂടുതൽ ഫലം നൽകുന്നതിനു വേണ്ടിയാണ്. യഥാർത്ഥ ക്രിസ്ത്യാനികളിലും പലപ്പോഴും ഈദൃശങ്ങളായ അനുഭവങ്ങൾ ഉണ്ടാകാം. അവയെല്ലാം നമ്മുടെ മഹിമ, വിശ്വാസ സ്ഥിരത ആദിയായ ഉദ്ദേശ്യങ്ങളോടുകൂടി ചെയ്യപ്പെടുന്നവയാണ്.

ഇന്നത്തെ ദീർഘമായ ശുശ്രൂഷയിൽ പല വായനകളുമുണ്ട്. പെന്തിക്കോസ്തി നാളിൽ വി. പത്രോസ് ചെയ്ത പ്രസംഗത്തിന്റെ ആദ്യ ഭാഗം യോവേൽ 2: 28 -32 വരെയുള്ളത് ഇന്നത്തെ ശ്ലീഹാ വായനയിൽ ഉണ്ട്. (നടപ്പുകൾ 2:16-21). ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെത്തന്നെ, ദൈവം കർത്താവും ക്രിസ്തുവുമാക്കി എന്നു യിസ്രായേൽ ഗൃഹം ഒക്കെയും നിശ്ചയമായി അറിഞ്ഞുകൊള്ളട്ടെ എന്നുള്ള സാക്ഷ്യം യറുശലേമിൽ ശത്രുക്കളുടെ മദ്ധ്യേ വെച്ചാണ് പ്രസ്താവിക്കുന്നത്. യഹൂദർ തള്ളിക്കളഞ്ഞ ക്രിസ്തു അവരുടെ ജീവിതത്തിൽ മൂലക്കല്ലും, രക്ഷകനുമാണെന്നു സഭ ഒന്നായി സാക്ഷ്യം വഹിക്കുന്ന സന്ദർഭം വിലപ്പെട്ടതാണ്.

ലോകത്തിൽ കാലികമായ പ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുവാൻ സഹായിക്കുന്നതാണ് പ്രവചനം. തലമുറകൾ പരിശുദ്ധാത്മാവിന്റെ ഈ നടത്തിപ്പിനു സാക്ഷ്യം വഹിക്കുകയും, വിധേയരായി പ്രവർത്തിക്കുകയും ചെയ്യും. യഹോവയുടെ രക്ഷാദിവസത്തിൽ ആരേയും തള്ളിക്കളയാനാഗ്രഹിക്കുന്നില്ല എന്ന ദൂത് വിലപ്പെട്ടതാണ്. സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറിപ്പോയാലും അനുഗ്രഹിക്കപ്പെട്ടവരായി നമ്മെ കാത്തു സൂക്ഷിക്കുന്ന ദൈവകൃപ എത്ര വലുത്! ദൈവിക സ്വപ്നങ്ങൾ ഹൃദയത്തിൽ കൊണ്ടു നടക്കുന്ന വൃദ്ധന്മാരും, ദൈവിക ദർശനങ്ങൾ ഉൾക്കൊള്ളുന്ന ചിന്താധാരകൾ ഉള്ള യുവജനങ്ങളും അനുഗ്രഹത്തിന്റെ അടയാളങ്ങളായി യോവേൽ പ്രവചാകൻ പറയുന്നു. ഇതു നമ്മൾക്ക് അന്യമായി പോയൊ?

പരിശുദ്ധാത്മാവ് നിറഞ്ഞവരായ ശിഷ്യ സമൂഹം ജനമദ്ധ്യേ നിന്നുകൊണ്ട് വൻ കാര്യങ്ങൾ പ്രസ്താവിച്ചു. അത് എല്ലാ ഭാഷക്കാർക്കും, വിഭാഗങ്ങൾക്കും സുഗ്രാഹ്യമായിത്തീർന്നു. ഇന്നും സഭയ്ക്കാവശ്യം പ. റൂഹായുടെ ഈ കൃപാവരമാണ്. ദൈവത്തിന്റെ വൻ കാര്യങ്ങൾ മറ്റുള്ളവർക്ക് മനസിലാകും വിധം പ്രസ്താവിപ്പാനുള്ള ശക്തി. ഇതാണ് ഒന്നാം നൂറ്റാണ്ടിലേയും ഇന്നത്തെയും അന്യഭാഷകൾ തമ്മിലുള്ള അന്തരം. സഭയ്ക്ക് നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവ് നമ്മിൽക്കൂടി വെളിപ്പെടുവാൻ മുന്തിരിച്ചെടിയിലെ ശാഖകൾ എന്നപോലെ അനുദിനം വെട്ടിയൊരുക്കപ്പെടണം. അതു നമ്മുടെ മേന്മ വെളിപ്പെടുത്തുവാനല്ല, പൊതുപ്രയോജനത്തിനായിരിക്കണം. ക്രിസ്തീയ സഭ ജന്മദിനമാഘോഷിക്കുന്ന ഈ സന്ദർഭത്തിൽ പരിശുദ്ധാത്മാഭിഷേകത്തിനു നമ്മെത്തന്നെ സമർപ്പിക്കാം. ●



ഒരു വിശ്വാസി



# വിശ്വാസപാഠം

ചോദ്യം: എന്റെ പിതാവേ! കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീങ്ങിപ്പോകേണമേ എന്നു കർത്താവ് ഗത്സമനയിൽ വച്ച് പ്രാർത്ഥിച്ചത് കുരിശുമരണത്തിനുള്ള വൈമനസ്യമല്ലെ പ്രകടമാക്കുന്നത്?

ഉത്തരം:

ഈ ഭാഗം വിവിധ വ്യാഖ്യാനങ്ങൾക്കും പല വേദവിപരീതങ്ങൾക്കുപോലും വഴി തെളിച്ചിട്ടുള്ള ഒന്നാണ്. മനുഷ്യനെന്ന നിലയിൽ അവിടുത്തെ കഷ്ടാനുഭവങ്ങളും, മരണവും കർത്താവിനു ദുസ്സഹങ്ങൾ തന്നെയായിരുന്നു. ഗത്സീമോനിൽ വച്ച് അവിടുന്ന് മനുഷ്യവർഗ്ഗത്തിന്റെ പാപം മുഴുവനും കൂടി സ്വശരീരത്തിൽ വഹിക്കുകയായിരുന്നു. പാപം തീണ്ടിയിട്ടുപോലുമില്ലാത്ത അവിടുത്തേക്ക് ഈ ഭാരം ദുർവഹമായി തോന്നി. ഈ കഠിന പ്രയത്നത്തിൽ അവിടുത്തെ ശരീരത്തിനുണ്ടായ ക്ലേശം, രക്തകണങ്ങളായി പുറത്തുവന്ന വിയർപ്പ് സൂചിപ്പിക്കുന്നു. വിയർപ്പു മുഴുവനും വറ്റി അവസാന രക്തം കൂടി പുറത്തു വരണമെങ്കിൽ ആ ശരീരത്തിനുണ്ടായ അദ്ധ്വാനം എത്ര ഭയങ്കരമായിരിക്കണം! ഒരു കണക്കിൽ പറഞ്ഞാൽ അവിടുന്ന് കുരിശിൽ കിടന്നുകൊണ്ടും, അതിനു മുമ്പും അനുഭവിച്ച കഷ്ടതകളെക്കാൾ അതികഠിനമായ കഷ്ടതയാണ് ഈ തോട്ടത്തിൽ വച്ച് അനുഭവിക്കുന്നത്.

'പാനപാത്രം എങ്കൽനിന്നു നീങ്ങിപ്പോകണമേ' എന്നുള്ള പ്രാർത്ഥന കർത്താവ് അവിടുത്തെ മാനുഷികാവസ്ഥയിൽ നടത്തുന്നതാണ്. ഇതു പിശാചിന്റെ ഒരു പരീക്ഷണം തന്നെയായിരിക്കണം. മാനുഷിക നിലയിൽ നോക്കുമ്പോൾ ഈ പ്രാർത്ഥന ഏറ്റം ഉചിതം തന്നെയാണ്. ഇത്രയെല്ലാം ദുർവഹമായ കഷ്ടതകൾക്ക് അവിടുന്ന് വിധേയനാകുന്നെങ്കിലും സർവ്വവും പിതാവിന്റെ ഇഷ്ടത്തിന് വിട്ടിരിക്കുകയാണ്. ആദാം കാണിച്ച അനുസരണക്കേടിനു പകരമായി അവിടുന്ന് അനുസരണത്തിന്റെ പരമകാഷ്ഠ ഇവിടെ പ്രദർശിപ്പിക്കുന്നു. ഇത് ആദാമിന്റെ ശരിയായ പ്രാതിനിധ്യം വഹിക്കുന്ന ഒരു പൂർണ്ണ മനുഷ്യൻ തന്നെ നിർവഹിക്കേണ്ടത് ആവശ്യവുമായിരുന്നു.

കർത്താവ് കഷ്ടതയേയും, മരണത്തേയും അതിയായി ഭയപ്പെട്ടിരുന്നു, പാനപാത്രം മാറുമോ ഇല്ലയോ എന്നു നിശ്ചയമില്ലായിരുന്നു എന്നിത്യാദി സംശയങ്ങൾക്കൊന്നും ഇവിടെ സ്ഥാനമില്ല. അവിടുന്ന് സ്വന്ത ആടുകൾക്കുവേണ്ടി പ്രാണാർപ്പണം ചെയ്യുവാനാണ് മനുഷ്യാവതാരം ചെയ്തതുതന്നെ. മറ്റവസരങ്ങളെക്കാൾ കൂടുതലായി അവിടുത്തെ മനുഷ്യത്വം ഇവിടെ പ്രകടിപ്പിക്കുന്നുണ്ട് എന്നത് ശരിതന്നെ. ഇതായിരിക്കണം കർത്താവിന്റെ സ്വഭാവത്തെക്കുറിച്ച് ചില തെറ്റിധാരണകൾക്കു ഇതു നിദാനമായി തീരുവാൻ കാരണം. തോട്ടത്തിൽ വെച്ചുള്ള അവിടുത്തെ പെരുമാറ്റം വെറും മാനുഷികമായിരുന്നുവെന്നോ, ഈ കഷ്ടതയിൽ അവിടുത്തെ ദൈവത്വം പങ്കു കൊണ്ടില്ല എന്നുള്ളതോ ശരിയായി തോന്നുന്നില്ല. ഈ പ്രാർത്ഥനയിലെ 'എന്റെ പിതാവേ' എന്നുള്ള സംബോധനതന്നെ അവിടുന്ന് സാക്ഷാൽ ദൈപുത്രൻ തന്നെയാണെന്നുള്ളത് അനുസ്മരിക്കുകയാണ്. തോട്ടത്തിൽ വച്ച് അവിടുന്ന് മാനുഷികത്വം കൂടുതലായി പ്രദർശിപ്പിക്കുന്നുണ്ടെങ്കിലും അപ്പോഴും അവിടുന്ന് പരിപൂർണ്ണ ദൈവംതന്നെയായിരുന്നു. ഓരോ അവസരങ്ങളിൽ മാറി നിൽക്കത്തക്കവണ്ണം, അഥവാ ഇടയ്ക്കിടയ്ക്ക് വരികയും പോവുകയും ചെയ്തുകൊണ്ടിരുന്ന, അസ്ഥിരമായ ഒന്നായിരുന്നില്ല അവിടുത്തെ ദൈവികത്വം. പടകിൽ വച്ച് അവിടുന്ന് മനുഷ്യനെപ്പോലെ ഉറങ്ങിയെങ്കിൽ അപ്പോൾ തന്നെ അവിടുന്ന് കാറ്റിനെ ശാസിച്ചുകൊണ്ട് ദൈവത്വം പ്രകടമാക്കുന്നു. ലാസറിന്റെ മരണത്തിൽ മനുഷ്യനെപ്പോലെ കണ്ണീർ വാർത്തെങ്കിൽ അടുത്ത നിമിഷത്തിൽ അവനെ ഉയിർപ്പിച്ചുകൊണ്ട് ദൈവത്വം വെളിപ്പെടുത്തി. ഇങ്ങനെ ഏതവസരങ്ങളിലും അവിടുന്ന് പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായിരുന്നു. അവിടുത്തെ ദൈവത്വമോ, മനുഷ്യത്വമോ ഒരവസരത്തിലും ഒന്നു മാത്രമായി കർത്താവിൽ സ്ഥിതിചെയ്തിട്ടില്ല. ദൈവത്വം, മനുഷ്യത്വം എന്ന രണ്ടു സ്വഭാവങ്ങളും ഒന്നിന്റെയും പരിപൂർണ്ണതയ്ക്ക് യാതൊരു ഭംഗവും വരികയോ, ദൈവസ്വഭാവം ഭേദപ്പെട്ട് മനുഷ്യ സ്വഭാവമായി തീരുകയോ, മറിച്ചോ തമ്മിൽ സമ്മിശ്രപ്പെടുകയോ, കൂടി കലർന്ന് വേറൊന്നായി തീരുകയോ, ഒന്നിനാൽ ഒന്നു നശിപ്പിക്കപ്പെടുകയോ ചെയ്യാതെ ഏക സ്വഭാവമായി കർത്താവിൽ സ്ഥിതി ചെയ്തിരുന്നു. ഇങ്ങനെയുള്ള ഒരു മശിഹായിൽ മാത്രമേ മനുഷ്യരക്ഷ സാധ്യമാകുകയുള്ളു. ●


**1. ഒരു നൂറ്റാണ്ടു പിന്നിട്ട സഭാതർക്കം**
**നീതിക്കുവേണ്ടിയുള്ള നീണ്ട നിയമയുദ്ധം**

സഭാ കേസുകളുടെ 1889 മുതൽ 2003 വരെയുള്ള സമഗ്ര ചരിത്രം ഗ്രന്ഥകർത്താക്കൾ: അഡ്വ. സജി. കൊടുവത്ത്, അഡ്വ. പി. സി. മാത്യു പുലിക്കോട്ടിൽ,

പ്രകാശനം
ജൂലൈ 3-ന്, വില: 100 രൂപ
അവതാരിക റി. ജഡ്ജി കെ. ജോൺ മാത്യു, 2003 ജൂൺ 30
പ്രീ പബ്ലിക്കേഷൻ വില 50 രൂപ.

**2. ഇലഞ്ഞിക്കൽ ജോൺ വക്കീൽ**

സമ്പൂർണ്ണ ജീവചരിത്രം, വട്ടിപ്പണക്കേസ് മൊഴി സഹിതം. വില 100 രൂപ, പ്രീ പബ്ലിക്കേഷൻ 50 രൂപ. സെപ്റ്റംബർ 30 വരെ
പ്രകാശനം ഡിസംബർ 14

**3. ഇൻഡ്യൻ ഓർത്തഡോക്സ് സഭ ചരിത്രവും സംസ്കാരവും**
ഏ. ഡി. 52. 2003 - വില 500 രൂപ
പ്രസാധകൻ: കെ. വി. മാമ്മൻ
കോട്ടയ്ക്കൽ പബ്ലിഷേഴ്സ്
പി. ബി. - 10, മാങ്ങാനം
കോട്ടയം - 18, ഫോൺ: 0481-2578936

*With Best Compliments From*



THE VICAR,
MANAGING COMMITTEE MEMBERS AND
THE PARISHIONERS OF ST. JOHN'S ORTHODOX CHURCH.
THE CHAIRMAN, GOVERNING BOARD & STAFF OF ST. JOHN'S SCHOOL

INSTITUTIIONAL AREA, POCKET III, MAYUR VIHAR-1
DELHI-110091
TEL: 22713919


# മലങ്കരസഭയ്ക്കു മറക്കാനാവാത്ത മഹാനായ മല്പാനച്ചൻ

കെ. വി. മാമ്മൻ



'മലങ്കരസഭയുടെ ഗമാലിയേൽ' എന്നു വിശേഷിപ്പിക്കപ്പെടുന്ന ചെറിയ മഠത്തിൽ സ്ക്കറിയാ മല്പാനച്ചന്റെ ചരമ കനക ജൂബിലി, അദ്ദേഹത്തിന്റെ സഹ പ്രവർത്തകനും ശിഷ്യനുമായ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവായുടെ നേതൃത്വത്തിൽ മല്പാനച്ചൻ അന്ത്യ വിശ്രമം കൊള്ളുന്ന വാഴൂർ സെന്റ് പീറ്റേഴ്സ് പള്ളിയിൽ മെയ് 11-ന് ആചരിക്കുന്നതിനാൽ ബഹുമുഖ സിദ്ധികളുണ്ടായിരുന്ന അതുല്യനായ അദ്ദേഹത്തെപ്പറ്റി ചില കാര്യങ്ങൾ അനുസ്മരിപ്പിക്കുന്നതു പ്രയോജനകരമായിരിക്കുമെന്നു കരുതുകയാണ്.

ദൈവശാസ്ത്ര രംഗത്ത് ഉന്നത വിദ്യാഭ്യാസം നേടിയ സ്ക്കറിയാ മല്പാനച്ചൻ ഒരേ സമയം ഉത്തരവാദിത്വമുള്ള പല ജോലികൾ ഭംഗിയായി നിറവേറ്റിയിരുന്നു. വാഴൂർ സെന്റ് പോൾസ് സ്ക്കൂൾ ടീച്ചർ, വൈദിക സെമിനാരി മല്പാൻ, പ്രിൻസിപ്പൽ, മലങ്കര സഭാ ഭാസുരൻ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ പ്രൈവറ്റ് സെക്രട്ടറി, കുമരകം, മദ്രാസ്, തിരുവനന്തപരും പള്ളി വികാരി, മാങ്ങാനം എബനേസർ ദയ്റാ സ്ഥാപകൻ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഉത്തമനായ വൈദികൻ, സുറിയാനി പണ്ഡിതൻ, ചിട്ടയും നിഷ്ഠയും അങ്ങേയറ്റം പാലിച്ച മാതൃകാ പുരുഷൻ, സമയ നിഷ്ഠയുടെ കാര്യത്തിൽ സൂര്യനെ വെല്ലുന്ന കൃത്യത പാലിച്ച് സെമിനാരി മല്പാൻ എന്നീ രംഗങ്ങളിലെല്ലാം അദ്ദേഹം അനുപമനാണ്.

മലങ്കര സഭയിലെ തർക്ക വിതർക്കങ്ങളെ തുടർന്നു വൈദിക വിദ്യാഭ്യാസം പഴയ സെമിനാരിയിൽ നില്ക്കുന്നതും മാങ്ങാനം എബനേസർ ദയറാ സ്ഥാപിക്കുന്നതും എല്ലാം പിന്നീട് ചരിത്രം സൃഷ്ടിച്ച സംഭവങ്ങളായി മാറി. 1951-ൽ സമുദായക്കേസിൽ കാതോലിക്കാഭാഗത്തിനു തോൽവി സംഭവിച്ചപ്പോൾ സഭയുടെ ആസ്ഥാനമായ പഴയസെമിനാരി കൈവിട്ടുപോയേക്കുമെന്നുള്ള ആശങ്ക ആകാശത്തിൽ തങ്ങിനിൽക്കുമ്പോൾ പ. ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ, എബനേസർ ദയറായിൽ താമസിക്കയാണുണ്ടായത്. ഇതിനകം ദേവലോകം അരമന വാങ്ങാൻ സഭയിലെ പ്രബുദ്ധരായ നേതാക്കന്മാർക്കു സാധിച്ചു. പിന്നീടു കേസു ജയിച്ചപ്പോൾ പഴയ സെമിനാരിക്കു പുറമേ ദേവലോകവും ലഭിച്ചു. സെമിനാരിയിൽ വൈദിക വിദ്യാഭ്യാസം തുടങ്ങാൻ ആയില്ലെങ്കിലും എബനേസർ ദയറായിൽ പല പ്രമുഖ ശെമ്മാശന്മാരും അച്ചന്മാരും വന്നു മല്പാനച്ചന്റെ ശിഷ്യരായി. അങ്ങനെ പഠിച്ചവരിൽ പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായും, യൂഹാനോൻ മാർ സേവേറിയോസ്, ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ്, മാർത്തോമ്മാ സഭാധ്യക്ഷനായിരുന്ന ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്ത (അന്ന് സി. എം. ജോൺ അച്ചൻ - മാങ്ങാനം സെന്റ് പീറ്റേഴ്സ് പള്ളി വികാരി) മുതലായവർ ഉൾപ്പെടുന്നു. മഹാചാര്യന്മാരുടെ മല്പാനായി തീരുക എന്നത് മഹനീയസ്ഥാനമാണെല്ലോ. "ഞാൻ ഗമാലിയേലിന്റെ ശിഷ്യനാണ്" എന്നു സെന്റ് പോൾ പറഞ്ഞു അഭിമാനം കൊള്ളുന്നതുപോലെ മേൽപറഞ്ഞ മേൽപട്ടക്കാരും അഭിമാന ഭരിതരായിരിക്കണം. അവർ മല്പാനച്ചന്റെ സന്തോഷവും കിരീടവുമായിരുന്നു.

വട്ടശ്ശേരിൽ തിരുമേനിയെപ്പോലും തിരുത്തുന്നതിനും തിരുമേനിക്കു നല്ല ആലോചനകൾ പറഞ്ഞു കൊടുക്കുന്നതിനും മല്പാനച്ചനു സാധിച്ചിരുന്നു. അതിനു സ്വാതന്ത്ര്യവും നൽകപ്പെട്ടിരുന്നു. ഇതു പോലെയുള്ള ഒരു ഭാഗ്യം ഇരുപതാം ശതകത്തിൽ മറ്റൊരു വൈദിക പ്രമുഖനും ലഭിച്ചിരുന്നില്ല.

സഭാ സമാധാന ആലോചനകൾക്കായി മദീനിലും പിന്നീട് ഹോംസിലും യഥാക്രമം വട്ടശ്ശേരിൽ തിരുമേനി, ഗീവർഗീസ് രണ്ടാമൻ കാതോലിക്കാ ബാവാ എന്നിവരോടൊപ്പം മല്പാനച്ചൻ പോയിരുന്നു. സഭാധ്യക്ഷന്മാർ കെണിയിൽ വീഴാതിരിക്കാനും സമാധാന വ്യവസ്ഥകൾ നല്ല സുറിയാനി ഭാഷയിൽ വിശദീകരിക്കാനുമാണ് മല്പാനച്ചൻ തെരഞ്ഞെടുക്കപ്പെട്ടത്. അദ്ദേഹത്തിന്റെ യരുശലേം യാത്രാ വിവരണം ഒരു നല്ല സഞ്ചാര സാഹിത്യകൃതിയാണ്.

സ്വന്തം ഇടവകയിൽ ദീർഘനാൾ ഭരണം നടത്തിയില്ലെങ്കിലും ഒരു കുടുംബ വ്യവസ്ഥിതിക്കു പ്രാമുഖ്യമുണ്ടായിരുന്ന വാഴൂർ ഇടവക, ഇടവകാംഗങ്ങൾക്കു സമ്പൂർണ്ണ സ്വാതന്ത്ര്യം ലഭിക്കത്തക്ക നില കൈവരുത്തിയും മല്പാനച്ചനാണ്.

സ്ഥാനമാനങ്ങളും മെത്രാൻസ്ഥാനവും വേണ്ടെന്നു പറഞ്ഞു സഭാ സേവനത്തിന്റെ ബലിപീഠത്തിൽ ജീവിതം സമർപ്പിച്ച ചെറിയ മഠത്തിൽ സ്ക്കറിയാ മല്പാന്റെ വലിയ മാതൃക സഭയിലെ എല്ലാ വൈദികസ്ഥാനികൾക്കും എന്നും മാർഗ്ഗദർശകം തന്നെ. ഈ ചരമ കനക ജൂബിലി ആചരിക്കുമ്പോൾ ഇത്ര വലിയ ഒരു ദൈവ പുരുഷനെ സഭക്കു ദാനം ചെയ്ത ദൈവത്തോടു നന്ദി പറയാം അദ്ദേഹത്തെ പ്രാർത്ഥനകളിൽ ഓർക്കുകയും ചെയ്യാം.

## സഭാമക്കൾക്ക് അനുയോജ്യരായ വധുവിനേയും വരനേയും തെരഞ്ഞെടുക്കാൻ വിശ്വസ്ത സ്ഥാപനം



**Welcome**
**MATRIMONIAL LIBRARY**
KS Hall, 2nd floor, Kaloor Tower, Kochi - 17.
www.welcomemarriages.com Ph: 0484-2342800, 2531456.

പ്രത്യേകതകൾ
* റിട്ടേർഡ് ഉദ്യോഗസ്ഥർ നടത്തുന്ന സ്ഥാപനം * വിവിധ വിഭാഗങ്ങളിലായി ആയിരക്കണക്കിന് ബയോഡേറ്റകൾ * അനുയോജ്യമായവ കണ്ടെത്താൻ കമ്പ്യൂട്ടർ സഹായം * വെബ് സൈറ്റ് വഴി വിദേശത്തു നിന്നുള്ള ആലോചനകൾ * രജിസ്റ്റർ ചെയ്താൽ മികച്ച ആലോചനകൾ ഉറപ്പ്.

രജിസ്റ്റർ ചെയ്യുന്നതിന് നേരിൽ ബന്ധപ്പെടുകയോ ഈ ഫോറം പൂരിപ്പിച്ച് സ്വന്തം വിലാസമെഴുതിയ സ്റ്റാമ്പ് ഒട്ടിച്ച കവർ സഹിതംഅയക്കുകയോചെയ്യുക.

Candidate's Name :------------------------------------

Sex : Age and Date of Birth :

Community : Jacobite / Orthodox / RC / LC / Marthomite / CSI

Height : Weight : Complexion :

Address :------------------------------------

------------------------------------

------------------------------------Phone No. with STD Code------------------------------------

Qualifications :------------------------------------

Occupation with Details :------------------------------------

------------------------------------

Details of Family

| Relation | Name | Age | Occupation |
|---|---|---|---|
| Father | | | |
| Mother | | | |
| Brothers/ Sisters | Married/Unmarried | | |
| | Married/Unmarried | | |
| | Married/Unmarried | | |

Expected Share Property/Rs (optional) :------------------------------------

Expected Requirements of Partner :------------------------------------

Other Details in brief :------------------------------------

------------------------------------

Note : (i) Use this form or xerox copy (ii) Attach color photograph along with the form (iii) Furnished details will be treated as confidential (iv) Send self addressed cover for future communication (v) Registration valid upto 3 months (vi) Please specify in case of 2nd marriage (vii) introduction between interested parties will be arranged by us conveniently


# സൺഡേസ്ക്കൂൾ വാർത്തകൾ

**1) സുന്നഹദോസ് അംഗീകരിച്ചു:**

കേരളത്തിനു വെളിയിലുള്ള ഭദ്രാസനങ്ങളിലെ സൺഡേസ്ക്കൂളുകളെ ഏകോപിപ്പിച്ച് ഒരു പൊതു മേഖലയാക്കാനുള്ള ഒ.എസ്.എസ്.എ. എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ശുപാർശ സുന്നഹദോസ് അംഗീകരിച്ചു. ഈ പുതിയ മേഖല ഔട്ട്സൈഡ് കേരള റീജിയൻ എന്നറിയപ്പെടും. ഡോക്ടർ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ പ്രസിഡണ്ടായിട്ടുള്ള ജേക്കൊബൈറ്റ് സൺഡേസ്ക്കൂൾ അസോസിയേഷൻ ഒ.എസ്.എസ്.എയുമായി ഏകോപിപ്പിക്കാനുള്ള നീക്കങ്ങൾ എത്രയും വേഗത്തിൽ പൂർത്തിയാക്കണമെന്നും തീരുമാനിച്ചു. ഇപ്പോൾത്തന്നെ തൃശൂർ ഭദ്രാസനത്തിലെ പല സൺഡേസ്ക്കൂളുകളും ഒ.എസ്.എസ്.എയുമായി അഫിലിയേറ്റു ചെയ്തിട്ടുണ്ട്. ഇവിടെ നിന്നുള്ള പാഠപ്പുസ്തകങ്ങളും ഒ.വി.ബി.എസ്. മെറ്റീയൽസും ഉപയോഗിക്കുന്നു.

**(2) സൺഡേസ്ക്കൂൾ ദിനം:** പെന്തിക്കോസ്തി ഞായറാഴ്ചയായ ജൂൺ എട്ടാം തീയതിയാണ് സൺഡേസ്ക്കൂൾ ദിനമായി ആചരിക്കുന്നത്. ദീർഘമായ പ്രത്യേക ശുശ്രൂഷ അന്നു നടക്കുന്നതിനാൽ സൺഡേസ്ക്കൂളിനു വേണ്ടി പ്രത്യേക പ്രാർത്ഥന, കുർബ്ബാന മദ്ധ്യേ നടത്തുന്നത് പ്രയോഗികമല്ല. എങ്കിലും വൈദികർ തൂയോബോയിലും, രഹസ്യ പ്രാർത്ഥനയുടെ മറ്റവസരങ്ങളിലും പ്രസ്ഥാനത്തെ ഓർത്തു പ്രാർത്ഥിക്കണമെന്ന് താല്പര്യപ്പെടുന്നു.

ആ ദിവസത്തെ പള്ളിക്കാണിക്ക മുഴുവൻ സൺഡേസ്ക്കൂൾ പ്രവർത്തനങ്ങൾക്കായി വേർതിരിച്ചിട്ടുള്ളതായി ബാവാ തിരുമേനിയുടെ കല്പനയിൽക്കൂടി അറിയിച്ചിട്ടുള്ളതാണ്. അന്നു നടത്തുന്ന കവർപിരിവ് സൺഡേസ്ക്കൂൾ പ്രവർത്തകരാണ് വിജയിപ്പിക്കേണ്ടത്. അതു നാമമാത്രമായ സംരംഭമായിത്തീരാതെ ഉത്സാഹമായി പ്രവർത്തിച്ചാൽ ധനശേഖരണം വിജയമായിത്തീരും. ഇപ്രകാരം ലഭിക്കുന്ന തുകയുടെ 60 ശതമാനം യൂണിറ്റ്, ഡിസ്ട്രിക്ട്, ഭദ്രാസനതലങ്ങളുടെ വിഹിതമാണ്. 40 ശതമാനം കേന്ദ്രത്തിലും ലഭിക്കുന്നു.

കമ്മറ്റിയംഗങ്ങൾക്ക്, മീറ്റിങ്ങുകൾക്കുള്ള യാത്രച്ചെലവു നൽകുന്ന പ്രസ്ഥാനങ്ങൾ ഒന്നും തന്നെ വേറെയില്ല. വർഷം തോറും യാത്രച്ചെലവിനത്തിൽ ഗണ്യമായ ഒരു തുക ചെലവു വരുന്നു. അതുപോലെ വാർഷിക സമ്മേളനവും വലിയ ചെലവു വരുന്ന പരിപാടിയാണ്. ഇതെല്ലാം പരിഗണിക്കുമ്പോൾ സൺഡേസ്ക്കൂൾ ദിനപ്പിരിവ് (കവർപിരിവുൾപ്പെടെ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. എന്നു മാത്രമല്ല അതു യഥാസമയം കേന്ദ്രത്തിൽ ലഭിക്കുകയും വേണം.

**3) കാര്യമ്പാടി കണ്ണാശുപത്രിയിൽ നിന്നുള്ള റിപ്പോർട്ട്**

നിരാലംബരായ രോഗികൾക്ക് ചികിത്സാ സഹായത്തിനായി സണ്ടേസ്ക്കൂളിന്റെ ജീവകാരുണ്യ ദിനപ്പിരിവിൽ നിന്നുള്ള എൻഡോവ്മെന്റ് ഏർപ്പെടുത്തിയിട്ടുള്ളതിനെ കാര്യമ്പാടി കണ്ണാശുപത്രി ചുമതലക്കാർ കൃതജ്ഞതാപൂർവ്വം സ്മരിക്കുകയും, കഴിഞ്ഞ വർഷം അതിൽ നിന്നു ലഭിച്ച വരുമാനം ഏതെല്ലാം രോഗികൾക്ക് ലഭ്യമാക്കി എന്ന് വിശദമായി സണ്ടേസ്ക്കൂൾ കേന്ദ്ര ഓഫീസിൽ അറിയിക്കുകയും ചെയ്തിട്ടുണ്ട്. വർഷം തോറും അങ്ങനെ ചെറിയ ഒരു സഹായം തുടരുവാൻ ഇടയാക്കുന്നു എന്നതിൽ സന്തോഷിക്കാം.

**4) പരുമല മാർ ഗ്രീഗോറിയോസ് സെന്റർ നിർമ്മാനം പുരോഗതിയിൽ**

വാകത്താനം, ഞാലിയാകുഴി, മാർ ബസേലിയോസ് ദയറായ്കു സമീപം പണി ആരംഭിച്ചിട്ടുള്ള കോൺഫറൻസ് സെന്ററിന്റെ നിർമ്മിതി നന്നായി പുരോഗമിക്കുന്നു.

ഒരു ബ്ലോക്കിന്റെ ഒന്നാം നില വാർക്കുന്ന പണിയാണു ചെയ്തുകൊണ്ടിരിക്കുന്നത്. പണി, വേഗത്തിൽ പൂർത്തിയാക്കുവാൻ തക്കവണ്ണം ഊർജ്ജിതമായി നടക്കുന്നു. പക്ഷേ യഥാസമയം പണം കൊടുക്കാനുള്ള ബുദ്ധിമുട്ട് മുമ്പിലുണ്ട്. ചില മുറികളും ഹാളുകളും സ്പോൺസർ ചെയ്യാൻ ചില സൺഡേസ്ക്കൂളുകളോട് ആവശ്യപ്പെട്ടിരിക്കുന്നുവെങ്കിലും, ഇറാക്കു യുദ്ധവും അതു വരുത്തി വച്ച പ്രയാസങ്ങളും ചെറിയ തടസ്സമായി കടന്നു വന്നു. ഏതായാലും യുദ്ധം വേഗം അവസാനിച്ചു, ഗൾഫ് മേഖലയിലുള്ള നമ്മുടെ ആളുകൾക്ക് വലിയ പ്രശ്നങ്ങൾ ഒന്നും ഉണ്ടാകാൻ ഇടയായില്ല എന്നുള്ളതും കൃതജ്ഞതാപൂർവ്വം ദൈവമുമ്പാകെ സ്മരിക്കുന്നു. ഈ സാഹചര്യത്തിൽ കുവൈറ്റ്, യു.എ.ഇ., തുടങ്ങിയ ഇടവകകളിലെ സൺഡേസ്ക്കൂളുകൾ അവരുടെ സഹായ സഹകരണം നിശ്ചയമായും ലഭ്യമാക്കും എന്നു വിശ്വസിക്കുന്നു.

**5) ഒ. വി. ബി. എസ്.**

മുൻ വർഷങ്ങളിലെപ്പോലെ മിക്ക ഇടവകകളിലും ഒ.വി.ബി.എസ്. യൂണിറ്റ് പ്രവർത്തിച്ചു. പുതിയ പാഠപുസ്തകങ്ങൾ അവതരിപ്പിച്ചതിൽക്കൂടി വേദപുസ്തകത്തെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ കൂടുതലായി വരുത്തുവാൻ ശ്രദ്ധിച്ചിട്ടുണ്ട്. സൺഡേസ്ക്കൂൾ പാഠങ്ങൾക്ക് അനുബന്ധമായിത്തീരത്തക്കവണ്ണമാണ് വിഷയങ്ങൾ ക്രമീകരിച്ചത്.

മുൻവിധികളും ഉപരിപ്ലവമായ ചിന്തകളും യാഥാർത്ഥ്യം കാണുവാനോ അംഗീകരിക്കാനോ സഹായിക്കാത്ത സാഹചര്യം ഉളവാക്കാം എന്നു തെളിയിക്കുന്നതായിരുന്നു ചില കേന്ദ്രങ്ങളിലെ നീക്കങ്ങൾ. ഏതു വിഷയത്തിനും ഭിന്നാഭിപ്രായങ്ങളും വീക്ഷണങ്ങളുമുണ്ടാകാം. അവയെ സമന്വയിപ്പിച്ചുകൊണ്ടു പോവുകയാണ് നേതൃത്വത്തിന്റെ കർത്തവ്യം.

ഫാ. റ്റി. ജെ. ജോഷ്വ

## ഗിവ്സൈറ്റ് പ്രോജക്ട് - കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.**

തിമിരംമൂലം അന്ധരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കുന്ന പദ്ധതിയാണ് ഗിവ്സൈറ്റ്. ഇൻട്രാ ഒക്കുലർ ലെൻസ് അഥവാ 10L കണ്ണിനുള്ളിൽ നിക്ഷേപിച്ചു നടത്തുന്ന ഓപ്പറേഷൻ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു. വ്യക്തവും സൂക്ഷ്മവുമായ കാഴ്ച ലഭിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ ആശുപത്രിയിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഓപ്പറേഷനും ഇതുതന്നെയാണ്. സന്മനസ്സുള്ളവരിൽ നിന്നു സംഭാവനകൾ സ്വീകരിച്ച് പാവപ്പെട്ട അന്ധരോഗികളുടെ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്തുന്നു.

താല്പര്യമുള്ള ആർക്കുവേണമെങ്കിലും ഗിവ്സൈറ്റ് പദ്ധതിയിൽ അംഗങ്ങളാകാം. ലെൻസ്വച്ചുള്ള ഓപ്പറേഷന് 1000 (ആയിരം) രൂപയും സാധാരണ ഓപ്പറേഷന് 500 (അഞ്ഞൂറു) രൂപയും വീതം സംഭാവന നല്കിയാൽ നിങ്ങളുടെ പേരിൽ ഞങ്ങൾ ഏതെങ്കിലും പാവപ്പെട്ട ഒരന്ധനു കാഴ്ചനല്കുന്നു. കാഴ്ച ലഭിച്ചയാളെ കുറിച്ചുള്ള വിവരം യഥാസമയം നിങ്ങളെ അറിയിക്കുകയും ചെയ്യും.

1986-ലാണ് ഈ കണ്ണാശുപത്രി ആരംഭിച്ചത്. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും, വൈസ് പ്രസിഡണ്ട് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനിയുമാണ്. M.S. (ophthal) ബിരുദമുള്ള 4 വിദഗ്ദ്ധ ഡോക്ടർമാരും സേവനസന്നദ്ധരായ പാരാമെഡിക്കൽ സ്റ്റാഫും, താക്കോൽ ദ്വാരശസ്ത്രക്രിയ ഉപകരണമായ ഫേക്കോ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 1006705.75- രൂപയുടെ സൗജന്യചികിത്സ, അർഹിക്കുന്നവർക്കായി നല്കുകയുണ്ടായി. 11921 ഓപ്പറേഷൻ ആകെ നടത്തിയതിൽ 3809-ഉം സൗജന്യമായിരുന്നു. ഇൻട്രാ ഒക്കുലർ ലെൻസുവച്ച് ഇതിനകം 2573 പേർക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കാനും സാധിച്ചു.

അനേകരുടെ വിലപ്പെട്ട സഹായം ലഭിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്കിതു സാധിക്കുന്നത്. സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. മേലിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജന്മദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം കൂടാതെ മറ്റേതെങ്കിലും വിശേഷദിനം വരുമ്പോൾ നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയുടെ ഭാഗമായ ഈ ആതുരശുശ്രൂഷയിൽ ഒരു ജീവകാരുണ്യപ്രവൃത്തിയെന്ന നിലയിൽ ഗിവ്സൈറ്റ് പ്രോജക്ടിലേക്ക് സംഭാവനകൾ നല്കാൻ അഭ്യർത്ഥിക്കുന്നു.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ F.C.R.A. അനുവാദവും ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവന ട്രഷറാർ, ഗിവ്സൈറ്റ് പ്രോജക്ട്, M.O.S.C. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ. 673 591, വയനാട്, കേരള, ഇൻഡ്യ എന്ന അഡ്രസ്സിൽ ചെക്ക്/ ഡി.ഡി./എം.ഒ. ആയി അയച്ചുതരുന്നത് ഉപകാരമായിരുന്നു. ആശുപത്രി അക്കൗണ്ട് കാനറാ ബാങ്ക് മീനങ്ങാടി ശാഖയിലാണ്.

ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)

With Best Compliment from

HIGHRANGE
RESIDENCY

The Right Place to Stay

Thekkady Junction, Kumily

Ph: 04869 223343
Fax: 04869 223743
E-mail - High Range - r@yahoo.com

22 ct Gold

CHENNATTUMATTAM

Fashion Jewellery

PAMPADY

PHONE : 2505550


ലേഖനം

# 'സേല': ഒരു പഠനം


ഫാ. ഡോ. മാത്യു ബേബി
(ഓർത്തഡോക്സ് സെമിനാരി)


പഴയനിയമത്തിൽ പ്രത്യേകിച്ച് സങ്കീർത്തനങ്ങളിൽ നിരവധി പ്രാവശ്യം കാണുന്ന ഒരു പദമാണ് സേല. സേലായുടെ അർത്ഥതലങ്ങളെപ്പറ്റി പഴയനിയമ പണ്ഡിതൻമാരുടെ ഇടയിൽ വ്യത്യസ്തങ്ങളായ അഭിപ്രായമാണുള്ളത്. അഭിപ്രായ ഐക്യം ഇതുവരെയും രൂപപ്പെട്ടിട്ടില്ല. പഴയ, പുതിയ നിയമങ്ങളുടെ ഇടയില്ുള്ള കാലഘട്ടത്തിൽ (Inter testamental period) രൂപപ്പെട്ട സങ്കീർത്തനങ്ങളിലും യഹൂദ കൃതികളിലും (ഉദാഹരണമായി പതിനെട്ട് അനുഗ്രഹങ്ങൾ' (Eighten Benedictions) സേല എന്ന പദം ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇത് സൂചിപ്പിക്കുന്നത് ബി.സി. ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന യഹൂദൻമാർക്ക് ഇതിന്റെ അർത്ഥവും ഉപയോഗവും അറിയാമായിരുന്നു എന്നാണ്. നിർഭാഗ്യവശാൽ പിൽക്കാലങ്ങളിൽ ഇതിന്റെ അർത്ഥവും ഉപയോഗവും വ്യക്തമാകുന്ന പ്രത്യേകം രേഖകൾ ലഭ്യമായിട്ടില്ല. ഇത് ഒരു പുരാതന 'അടയാള'മായി സങ്കീർത്തനങ്ങളിൽ നിലകൊള്ളുന്നു.

'സേല' എന്ന പദം 39 സങ്കീർത്തനങ്ങളിലായി 71 പ്രാവശ്യം ആവർത്തിച്ചിരിക്കുന്നു. ഹബക്കൂക്ക് പ്രവചനം മൂന്നാം അദ്ധ്യായത്തിലും ഇത് മൂന്ന് പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. പഴയനിയമത്തിന്റെ ഗ്രീക്ക് ഭാഷാന്തരമായ 'സെപ്റ്റുജിന്റി'ൽ സേല 92 പ്രാവശ്യം ആവർത്തിച്ചിട്ടുണ്ട്.

ഈ പദത്തിന്റെ വ്യക്തമായ ഒരു നിർവ്വചനം വേദപുസ്തക പണ്ഡിതൻമാരോ യഹൂദ മത നേതാക്കൻമാരോ നല്കിയിട്ടില്ല. യഹൂദ സംസ്ക്കാരത്തിലും സാഹിത്യത്തിലും പാട്ടുകാർക്ക് എന്തെങ്കിലും നിർദ്ദേശം കൊടുക്കുന്നതിന് ഉപയോഗിച്ച ഒരു പദമായിരിക്കാം ഇത്. പിൽക്കാലത്ത് ഇതിന്റെ സാംഗത്യം കൈമോശം വന്ന് ഒരു 'അവശിഷ്ടമായി' പരിണമിച്ചിരിക്കാം. വേദപുസ്തകത്തിന്റെ എല്ലാ ഭാഷാന്തരങ്ങളിലും 'സേലാ' എന്ന പദം അതേ നിലയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. 'സേലാ'യ്ക്ക് ഉചിതമായ അർത്ഥമോ ഭാഷാന്തരമോ ചേർക്കുവാൻ വേദപുസ്തക വിവർത്തകർ ശ്രമിച്ചില്ല.

പഴയനിയമം ലത്തിൻ ഭാഷയിലേക്ക് ഭാഷാന്തരം ചെയ്ത വി. ജെറോം 'സേല', 'എല്ലായ്പ്പോഴും' (always) എന്നയർത്ഥത്തിൽ വിശദീകരിക്കുന്നു. സാധാരണയായി പ്രാർത്ഥനകളുടെ അവസാനത്തിൽ 'തലമുറതലമുറയായി എന്നേക്കും തന്നെ' [per Omnia Saecula Sacculorum (Latin)] എന്ന് ചൊല്ലി അവസാനിപ്പിക്കുന്നതുപോലെ ഈ പദം സങ്കീർത്തനങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു. വി. ജെറോമിന്റെ അഭിപ്രായം ചില സങ്കീർത്തനങ്ങളിൽ അനുയോജ്യമായി തോന്നാമെങ്കിലും (സങ്കീ. 24: 6, 10) എല്ലായിടത്തും ഇത് അർത്ഥവത്താകുന്നില്ല.

വി. ജെറോമിന്റെ ആശയത്തോട് സാമ്യം പുലർത്തുന്ന ഒരു തർജ്ജമയാണ് ഗ്രീക്ക് ഭാഷയിൽ നല്കിയിരിക്കുന്നത്. ഗ്രീക്കിൽ സേലാ Diafatma = Interlude എന്ന് കൊടുത്തിരിക്കുന്നു. രണ്ട് പ്രധാന ആശയങ്ങളുടെ ഇടയിലുള്ള ഒരു 'ഇടവേള' യായി സേലാ'യെ കണക്കാക്കുന്നു.

സേല എന്ന എബ്രായ പദത്തിന്റെ നിഷ്പത്തിയെപ്പറ്റി ചില പണ്ഡിത മതം ഇങ്ങനെയാണ്. സേലാ (Sall) 'സലാൻ' എന്ന എബ്രായ ധാതുവിൽ നിന്ന് ഉൽഭവിച്ചതായി കരുതുന്നു. ഇതനുസരിച്ച് ഈ 'സേല' എന്ന പദത്തിന്റെ അർത്ഥം ഉയർത്തുക (to lift up) എന്ന് ലഭ്യമാകുന്നു. അതായത് സങ്കീർത്തനത്തിലെ ആരോഹണ ക്രമീകരണത്തെ ഇത് സൂചിപ്പിക്കുന്നു. സങ്കീർത്തനത്തിൽ എവിടെയൊക്കെ ശബ്ദം ഉയർത്തണം എന്ന് പാട്ടുകാർക്ക് നൽകുന്ന നിർദ്ദേശമായി ഈ പദത്തെ വിശകലനം ചെയ്യുന്നു.

പൗരസ്ത്യ സഭാ പിതാവായ 'ബാർ എബ്രായ' എഡേസ്സായിലെ യാക്കോബിനെ ഉദ്ധരിച്ചുകൊണ്ട് ഈ പദത്തിന് വ്യാഖ്യാനം നല്കുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സേലാ സൂചിപ്പിക്കുന്നത് സങ്കീർത്തനങ്ങളുടെ ഇടയിൽ ജനങ്ങൾക്ക് "ദൈവം എന്നേക്കും വാഴ്ത്തപ്പെട്ടവനാകുന്നു" എന്ന പ്രതിവാക്യം ഉപയോഗിക്കുന്നതിന് വേണ്ടിയാണ്. പഴയനിയമ പണ്ഡിതനായ ബി.ഡി. എർദ്മാൻ (B.D. Eerdman) ന്റെ അഭിപ്രായത്തിൽ 'സേലാ' എന്ന പദം ഉൽഭവിച്ചിരിക്കുന്നത് 'സേൽ' (sl) എന്ന ധാതുവിൽ നിന്നാണ്. ഇതിന്റെ അർത്ഥം 'വണങ്ങുക' 'കുമ്പിടുക' (to bow) എന്നാണ്. അപ്പോൾ സേലാ എന്ന പദം സൂചിപ്പിക്കുന്നത് സങ്കീർത്തനങ്ങളുടെ ഇടയിൽ ജനങ്ങൾക്ക് കുമ്പിടുന്നതിനുള്ള അടയാളമായിട്ടായിരിക്കാം. എല്ലാ പൗരസ്ത്യ മത സംസ്ക്കാരത്തിലും അനുഷ്ഠാനങ്ങളിലും ആരാധനയുടെ പ്രധാന സന്ദർഭങ്ങളിൽ സാഷ്ടാംഗ പ്രണാമം ചെയ്യുന്ന പതിവ് ഉണ്ട്. ആരാധനയിൽ സങ്കീർത്തനങ്ങൾ പാടുമ്പോൾ കുമ്പിടുന്ന, സാഷ്ടാംഗ പ്രണാമം നടത്തുന്ന പാരമ്പര്യം നിലനിന്നിരുന്നതായി ഇത് വ്യക്തമാക്കുന്നു. സേല എന്ന പദത്തിൽ തൊട്ടു മുമ്പിലുള്ള വാക്യങ്ങൾ പരിശോധിച്ചാൽ താഴെ സൂചിപ്പിക്കുന്ന ആശയങ്ങൾ ലഭിക്കുന്നു.

ഒന്നാമതായി ദൈവത്തിലുള്ള വിശ്വാസം പ്രഖ്യാപിക്കുന്നതോ ദൈവത്തിന്റെ മഹത്വം വർണ്ണിക്കുന്നതോ ആയ വരികൾക്ക് ശേഷമാണ് സേല ഉപയോഗിച്ചിരിക്കുന്നത്. (സങ്കീ. 24: 10, 59: 14, 68: 7, 76: 9).

രണ്ടാമതായി, അധാർമ്മികൾക്കുള്ള ശിക്ഷയെപ്പറ്റിയുള്ള വിവരണമോ (സങ്കീ. 57: 6: 52: 5) ദൈവകരത്തിൽ നിന്നുള്ള ശിക്ഷയെപ്പറ്റിയുള്ള പ്രതിപാദനത്തിന് (സങ്കീ. 32: 4: 55: 8; 88: 8, 143: 6) ശേഷമോ ആണ് സേലാ എന്ന പദം വരുന്നത്.

സേലാ എന്ന പദം പ്രധാന ആശയങ്ങളുടെയോ അപേക്ഷകളുടെയോ ശേഷമോ ദൈവത്തിന്റെ ശക്തമായ ഇടപെടലിനെപ്പറ്റിയുള്ള വിവരണങ്ങൾക്ക് ശേഷമോ ഉപയോഗിക്കുന്നു എന്ന് വെളിപ്പെടുത്തുന്നു. അപ്പോൾ ആരാധകരുടെ സമ്പൂർണ്ണ സമർപ്പണം കാണിക്കുന്നതിനോ ഗായകർക്ക് പ്രധാന ആശയങ്ങൾക്ക് യോഗ്യമായ ശബ്ദ വ്യതിയാനം

ലേഖനം

# "രക്ഷപ്രാപിക്കാൻ ഞാൻ എന്തു ചെയ്യണം"

ഫാ. കെ. എസ്. ജോർജ്ജ്, ഒമാൻ

ഈ ചോദ്യം മനുഷ്യവർഗ്ഗത്തിന്റെ യൊരന്വേഷണമാണല്ലോ. അപ്പോസ്തോല പ്രവൃത്തികൾ 16:3–ൽ കാരാഗ്രഹപ്രമാണി ഈ ചോദ്യം പൗലോസ് ശ്ലീഹായോട് ചോദിക്കുന്നുണ്ട്. അതിനുള്ള ഉത്തരവും അവിടെയുണ്ട്. കർത്താവിന്റെ ശിഷ്യന്മാർ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക എന്നുത്തരം കൊടുക്കുമ്പോൾ അവർ എന്താണ് അർത്ഥമാക്കിയത് എന്ന് ഇതര വേദഭാഗങ്ങൾ കൂടി പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. ശിഷ്യന്മാർ പഠിപ്പിച്ച സത്യം വേണ്ട വിധം മനസ്സിലാക്കാതെ ഇന്നു പലയാളുകളും ജനങ്ങളെ പഠിപ്പിക്കുന്നുണ്ട്. അനേകമാളുകൾ അതിൽ ആകൃഷ്ടരാകുകയും യഥാർത്ഥ സത്യത്തെ ഉപേക്ഷിച്ച് ഭാഗികമായ സത്യത്തെ സ്വീകരിക്കുകയും ചെയ്യുന്ന പ്രവണത മറ്റു പലസ്ഥലങ്ങളിലുമെന്ന പോലെ ഗൾഫുനാടുകളിലും വളർന്നുവരുന്നു. ഇത്തരുണത്തിൽ ഈ ചോദ്യത്തിന്റെ ശരിയായ ഉത്തരം മനസ്സിലാക്കേണ്ടത് സഭാ മക്കളുടെ ആവശ്യമാണ്.

കർത്താവായ യേശു ക്രിസ്തുവിൽ വിശ്വസിക്ക എന്ന് ശിഷ്യന്മാർ ലോകത്തോട് പറയുകയും പ്രസംഗിക്കുകയും ചെയ്യുമ്പോൾ അതിന്റെ പശ്ചാത്തലം എന്താണ് എന്ന് ആദ്യം മനസ്സിലാക്കാൻ ശ്രമിക്കാം.

അന്നത്തെ ജനസമൂഹത്തിന്, യഹൂദന്മാർക്ക് പ്രത്യേകിച്ചും യേശുവിനെ സംബന്ധിച്ചുണ്ടായിരുന്ന അറിവ് എന്തായിരുന്നു വി. മത്തായി 16:13–18 വരെയുള്ള വാക്യങ്ങളിൽ യേശുതന്നെ തന്റെ ശിഷ്യന്മാരോട് ഇതു ചോദിക്കുന്നുണ്ടല്ലോ? മനുഷ്യ പുത്രനെക്കുറിച്ച് ജനങ്ങൾ എന്തു പറയുന്നു?

അവർ പറയുന്ന ഉത്തരങ്ങൾ:–

1) ചിലർ യോഹന്നാൻ സ്നാപകൻ എന്ന്,

2) ചിലർ ഏലിയാവോ യിരമ്യാവോ പോലുള്ള പ്രവാചകന്മാരിൽ ഒരുത്തൻ

വി. യോഹന്നാൻ 6:14–ൽ അവൻ ചെയ്ത അടയാളം ആളുകൾ കണ്ടിട്ട് ലോകത്തിലേയ്ക്കു വരുവാനുള്ള പ്രവാചകൻ ഇവനാകുന്നു സത്യം എന്നു പറഞ്ഞു. കർത്താവിന്റെ ശിഷ്യഗണത്തിൽപ്പെട്ടവരുടെയും വിശ്വാസം ഇതുതന്നെയായിരുന്നു. യേശുവിന്റെ മരണത്തിൽ നിരാശരായി യരുശലേമിൽ നിന്ന് എമ്മാവുസിലേക്കു പോകുന്ന ശിഷ്യന്മാർ ഉയിർത്തെഴുന്നേറ്റ യേശുവിനോടു പറയുന്നു.

"ദൈവത്തിനും സകല ജനത്തിനും മുമ്പാകെ ശക്തിയുള്ള പ്രവാചകനായ യേശു" വി. ലൂക്കോസ് 24:19. പണ്ഡിതനായ നിക്കോദിമോസ് യേശുവിനെ സംബോധന ചെയ്യുന്നത് റെബ്ബീ (ഗുരോ) എന്നാണ് വി. യോഹന്നാൻ 3:2)

ഇതിൽ നിന്നെല്ലാം നമുക്കു മനസ്സിലാക്കാവുന്നത് യേശുവിനെ അറികയും അനുഗമിക്കുകയും ചെയ്തിരുന്ന ജനസമൂഹത്തിന് യേശുവിനെ സംബന്ധിച്ചുണ്ടായിരുന്ന അറിവ്

1) മറിയാമിന്റെ മകനായി ജനിച്ചു വളർന്ന ഒരു മനുഷ്യൻ

2) നല്ലവനായ ഗുരു

3) ശക്തിയേറിയ പ്രവാചകൻ

കർത്താവിന്റെ തിരഞ്ഞെടുക്കപ്പെട്ട പന്ത്രണ്ടു ശ്ലീഹന്മാരിൽത്തന്നെയും ഇതിലുപരിയായ അറിവ് കർത്താവിന്റെ ഉയിർപ്പുവരെ ഉണ്ടായിരുന്നോ എന്നു സംശയമാണ്. അതുകൊണ്ടാണല്ലോ നീ ദൈവപുത്രനായ ക്രിസ്തു എന്നു പത്രോസ് പറയുമ്പോൾ കർത്താവ് അവരോടു പറയുന്നത്" ജഡരക്തങ്ങളല്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ നിനക്ക് ഇവ വെളിപ്പെടുത്തിയത് എന്ന്. യേശുവിനെസംബന്ധിച്ച് ഇതുമാത്രമറിയുകയും മനസ്സിലാക്കുകയും ചെയ്ത ജനസമൂഹത്തോട് യേശു ദൈവപുത്രനാണ് എന്ന സത്യം പറഞ്ഞു കൊടുക്കുകയും പഠിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു ആ ശിഷ്യ സമൂഹത്തെ സംബന്ധിച്ചിടത്തോളം പരമ പ്രധാനമായ കാര്യം. വി. യോഹന്നാൻ സുവിശേഷം എഴുതിയത് എന്തിനാണ് എന്ന് വി. യോഹന്നാൻ 20:31–ൽ വ്യക്തമാക്കുന്നു.

1) യേശു ദൈവപുത്രനായ ക്രിസ്തു എന്ന നിങ്ങൾ വിശ്വസിക്കേണ്ടതിന്

2) വിശ്വസിച്ചിട്ട് നിങ്ങൾക്ക് ജീവൻ ഉണ്ടാകേണ്ടതിന് (ഈ വിഷയം സംബന്ധിച്ച വിശദീകരണം ഇതിൽ എഴുതുന്നുണ്ട്)

റോമാ ലേഖനം 10:9ൽ "യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൻ നീ രക്ഷിക്കപ്പെടും"

നമ്മൾ എല്ലാവരുംതന്നെ യേശുവിനെ കർത്താവായി അംഗീകരിക്കുകയും അവനെ ആരാധിക്കുകയും ചെയ്യുന്നു. അവന്റെ ഉയിർത്തെഴുന്നേൽപ്പിൽ വിശ്വസിക്കുകയും ചെയ്യുന്നു. നമ്മുടെ എല്ലാ പ്രാർത്ഥനയിലും ആരാധനയിലും ഈ വിശ്വാസം നാം ഏറ്റുപറയുകയും ചെയ്യുന്നുണ്ട്. വിശ്വാസ പ്രമാണത്തിന്റെ രണ്ടാം ഖണ്ഡികയിൽ ദൈവത്തിന്റെ ഏകപുത്രനും.... വിശ്വസിക്കുന്നു.

യേശു ദൈവപുത്രനാണെന്നും അവൻ മനുഷ്യപുത്രനായി ജനിച്ച് മരിച്ച് ഉയർത്തെഴുന്നേറ്റു എന്നും നമ്മൾ വിശ്വസിക്കുകയും ഏറ്റു പറയുകയും ചെയ്യുന്നുണ്ട്.

അന്നത്തെ സാഹചര്യത്തിൽ യേശുവിനെ മനുഷ്യനായിട്ടും പ്രവാചകനായിട്ടും യെഹൂദന്മാർക്കും മറ്റു ജാതികൾക്കും അറിയാമെങ്കിലും ദൈവപുത്രനാണ് എന്നും മരിച്ച് ഉയിർത്തെഴുന്നേറ്റു എന്നും അറിയുകയില്ല. ശിഷ്യസമൂഹത്തിനു മാത്രമേ അറിയുകയുള്ളൂ. കർത്താവായ യേശുവിൽ വിശ്വസിക്ക എന്നു പറയുമ്പോൾ ഈ സത്യം ലോകം മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യണം എന്നാണ് ശിഷ്യന്മാർ ആഗ്രഹിച്ച പ്രധാനപ്പെട്ട കാര്യം. ഇന്ന് മറ്റു മതസ്ഥരായ ധാരാളം ആളുകൾ പോലും ഈ സത്യം അംഗീകരിക്കുന്നുണ്ട്. യേശുവിനെ ദൈവമായി ആരാധിക്കുന്നുമുണ്ട്. കർത്താവായ യേശുവിൽ വിശ്വസിക്ക എന്ന് ശിഷ്യന്മാർ പറയുകയും പ്രസംഗിക്കുകയും ചെയ്യുമ്പോൾ അവർ അർത്ഥമാക്കിയ രണ്ടാമത്തെ കാര്യം വി. യോഹന്നാൻ ശ്ലീഹ പറയുന്ന പ്രകാരം വിശ്വസിച്ചിട്ട് ജീവൻ പ്രാപിക്കുക എന്നതായിരുന്നു.

യേശു കർത്താവ് എന്ന് ബുദ്ധി പരമായി വിശ്വസിച്ചാൽ മതി എന്നാൽ രക്ഷ പ്രാപിക്കും എന്നാണോ ശിഷ്യന്മാർ പഠിപ്പിച്ചത്? വി. യോഹന്നാൻ 3:16–ൽ "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു." എന്നു നാം വായിക്കുന്നു. അതേ അദ്ധ്യായത്തിന്റെ 36–ാം വാകൃത്തിൽ പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട് പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല, ദൈവക്രോധം അവന്റെ മേൽ വസിക്കുന്നതേയുള്ളൂ. എന്നു വായിക്കുന്നു.

വി. യോഹന്നാന്റെ ഒന്നാം ലേഖനം 2:4–ലും നാം വായിക്കുന്നു. "അവനെ അറിഞ്ഞിരിക്കുന്നു എന്നു പറയുകയും അവന്റെ കല്പനകളെ പ്രമാണിക്കാതിരിക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു സത്യം അവനിൽ ഇല്ല."

ഈ വാക്യങ്ങളിൽ നിന്നും നമുക്കു മനസ്സിലാക്കാവുന്ന ലളിതമായ സത്യം വിശ്വസിക്ക എന്നു പരയുന്നതുകൊണ്ട് ശിഷ്യന്മാർ അർത്ഥമാക്കിയത് ബുദ്ധിപരമായ വിശ്വാസം മാത്രമല്ല. യേശുക്രിസ്തുവിന്റെ കല്പനകളനുസരിച്ച് ജീവിക്കുവാനുള്ള നമ്മുടെ സന്നദ്ധതയും സമർപ്പണവുമാണ്. ന്യായശാസ്ത്രി യേശുതമ്പുരാന്റെ അടുത്തുവന്ന് നിത്യജീവൻ (രക്ഷ) പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യണം എന്നു ചോദിക്കുമ്പോൾ കർത്താവു കൊടുക്കുന്ന ഉത്തരവും ഇതുതന്നെയാണ്. നീ കല്പനകൾ അനുസരിച്ച് ജീവിക്കണം. എന്നാൽ നീ നിത്യജീവൻ പ്രാപിക്കും. വി. ലൂക്കോസ് 10:25–28. ഈ വേദഭാഗങ്ങളിൽ നിന്നും നമുക്ക് മനസ്സിലാക്കാവുന്നത് പിതാക്കന്മാരോട് ദൈവം വാഗ്ദാനം ചെയ്തതുപോലെ "നിങ്ങൾ എന്റെ വാക്കു കേട്ടനുസരിച്ച് ഞാൻ നിങ്ങളോട് കല്പിച്ചതുപോലെ ഒക്കെയും ചെയ്താൽ നിങ്ങൾ എനിക്കു ജനവും ഞാൻ നിങ്ങൾക്ക് ദൈവവും ആയിരിക്കും" വാഗ്ദാനം നമുക്കും തരുകയാണ്.

### രക്ഷ ദൈവകൃപയിലൂടെ

വി. യോഹന്നാൻ 1:16–17 ൽ നാം വായിക്കുന്നു "അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും കൃപമേൽ കൃപ

☞ കാണിക്കുന്നതിനോ ഈ പദം ഉപയോഗിച്ചിരുന്നു.


ചില പണ്ഡിതൻമാർ ഇതിനെ പ്രധാന ആശയങ്ങളുടെ ആവർത്തനത്തിന്റെ സൂചനയായും കണക്കാക്കുന്നു. അതായത് പ്രധാന ആശയങ്ങൾക്ക് ശേഷം 'സേല' വരുമ്പോൾ അത് ആവർത്തിച്ച് ശബ്ദമുയർത്തി ജനഹൃദയങ്ങളിൽ എത്തിക്കുന്നതിന് സാധിക്കുന്നു.

ഉപസംഹാരം

സങ്കീർത്തനങ്ങളിൽ ആവർത്തിച്ച് വരുന്ന 'സേല ആരാധകർക്ക് നല്കുന്ന സംഗീത പ്രധാനമായ സൂചനകളാണ്. സങ്കീർത്തനങ്ങളുടെ ആരോഹണ ക്രമത്തിന്റെ ശബ്ദക്രമം എങ്ങനെയാവണമെന്ന് 'സേല' നിർദ്ദേശിക്കുന്നു. വിവിധ ഭാഷാന്തരങ്ങളുണ്ടായിട്ടും 'സേല' എന്ന പദം മൂലരൂപത്തിൽ തന്നെ കൊടുത്തിരിക്കുന്നു എന്നത് ശ്രദ്ധേയമത്രെ.

## 5–ാം ചരമ വാർഷികം

03–05–2003



*Inserted by*

Annamma Itty (wife)

V.I. George & Ciji George (Manipal)

V.I. Thomas & Bijili Thomas (Vazhoor)

V.I. Jolly & Johnson Joseph (Mulanthuruthy)

**വി.വി. ഇട്ടി (ഇട്ടിസാർ)**

സെന്റ് ജോർജ്ജ് ബാങ്കേഴ്സ്, വാഴൂർ

## പൗരസ്ത്യ കാതോലിക്കേറ്റ് യൂണിയൻ സൊസൈറ്റിയുടെ 80-ാമതു വാർഷിക സമ്മേളനം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ കഴിഞ്ഞ 80 വർഷമായി പ്രവർത്തിച്ചു വരുന്ന പൗരസ്ത്യ കാതോലിക്കേറ്റ് യൂണിയൻ സൊസൈറ്റിയുടെ എൺപതാമതു വാർഷിക സമ്മേളനം കൈപ്പട്ടൂർ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് സൊസൈറ്റിയുടെ രക്ഷാധികാരിയും കൊല്ലം-തിരുവനന്തപുരം ഭദ്രാസന മെത്രാപ്പോലീത്തായുമായ അഭിവന്ദ്യ എപ്പിപ്പാനിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു.

## അവധിക്കാല ക്ലാസ്സ്

മദ്ധ്യവേനൽ അവധിക്കാലത്ത് മാവേലിക്കര എം. റ്റി. സി.യിൽ വച്ചു നടത്തുന്ന ബൈബിൾ ക്ലാസ്സ് ഈ വർഷം മെയ് 18 മുതൽ 31 വരെ നടത്തപ്പെടുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ പ്രിൻസിപ്പാൾ, സെന്റ് പോൾസ് എം.റ്റി.സി. മാവേലിക്കര-3 എന്ന വിലാസത്തിൽ ബന്ധപ്പെടുക.

## സമ്മാനം നേടിയവർ



സഹപാഠ്യമത്സരത്തിൽ സെൻട്രൽ സോണിൽ നിന്നും ജൂനിയർ വിഭാഗം ഗ്രൂപ്പ് സോംഗിൽ രണ്ടാം സ്ഥാനം ലഭിച്ച ജിഷാ മറിയം ജോർജ്ജ്, സോനു ആൻ മത്തായി, സോജി റ്റി. ജോൺ എന്നിവർ നിരണം സെന്റ് മേരീസ് വലിയപള്ളി ഇടവകാംഗങ്ങളാണ്.

## ഒന്നാം റാങ്ക് നേടി



സൗത്തു പാമ്പാടി സെന്റ് തോമസ് സൺഡേസ്ക്കൂൾ വിദ്യാർത്ഥിനി ബിനിജ മെറിൻ ജോയി, സൺഡേസ്ക്കൂൾ പത്താം ക്ലാസ്സ് പരീക്ഷയിൽ അഖില മലങ്കര അടിസ്ഥാനത്തിൽ ഒന്നാം റാങ്ക് നേടി. പാമ്പാടി കെ. ജി. കോളജ് അദ്ധ്യാപകരായ ജോയി കെ. വർക്കിയുടെയും ലില്ലി ജോയിയുടെയും പുത്രിയാണ്. വാകത്താനം കൊച്ചേരിൽ കുടുംബാംഗമാണ്.

## ഗുഡ്ഷെപ്പേർഡ് സ്ക്കൂളിൽ 'പഞ്ചദശി'

ചങ്ങനാശ്ശേരി തെങ്ങണ ഗുഡ്ഷെപ്പേർഡ് സ്ക്കൂൾ 15-ാം വാർഷികം വിപുലമായ പരിപാടികളോടെ ആഘോഷിക്കുന്നു. മേയ് 19-ന് സ്ക്കൂൾ ചാപ്പലിൽ ഫാ. എം. പി. ജോർജ്ജ് വി. കുർബ്ബാന അർപ്പിക്കും. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത പഞ്ചദശി ഉത്ഘാടനം ചെയ്യും. അർഹരായ 15 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, 15 സ്ക്കൂളുകളുമായി വിദ്യാഭ്യാസ സമ്പർക്കം, അഖിലേന്ത്യാ വിദ്യാഭ്യാസ സെമിനാർ, അഖില കേരള ക്വിസ്സ്, ഡിബേറ്റ്, വോളിബോൾ മത്സരങ്ങൾ, മികച്ച വിദ്യാഭ്യാസ പ്രവർത്തകന് ഗുഡ്ഷെപ്പേർഡ് അവാർഡ് പൂർവ്വ വിദ്യാർത്ഥി സംഗമം, രക്ഷകർത്താക്കൾക്ക് മാർഗ്ഗ നിർദ്ദേശം തുടങ്ങിയവയാണ് പരിപാടികൾ.

പ്ലസ്ടു 5-ാമത് ബാച്ചിലേക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. എഞ്ചിനീയറിംഗ്-കമ്പ്യൂട്ടർ, മെഡിക്കൽ-എഞ്ചി., മെഡി. ലാംഗ്വേഡ്, കൊമേഴ്സ്-കമ്പ്യൂട്ടർ എന്നീ 4 ഗ്രൂപ്പുകളാണ്. പ്രവേശനം മെരിറ്റടിസ്ഥാനത്തിൽ പാലാ ബ്രില്ല്യന്റ് നയിക്കുന്ന എൻട്രൻസ് കോച്ചിംഗ് സ്ക്കൂളിൽ തന്നെ. ഫാ. പ്രൊഫ. കെ. വി. പൗലോസ്, ബേബി ഫിലിപ്പ്, പ്രൊഫ. പി. സി. ഏലിയാസ്, പ്രൊഫ. സഖറിയ ദാനിയേൽ, ഷൈനി ജോസഫ് എന്നിവർ ചെയർമാൻ, മാനേജർ പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽസ് എന്നീ നിലകളിൽ തുടരുന്നു.

Tel: 2473732,

www.goodsheperdjc.org



മലങ്കരസഭ വാർത്തകൾ

## മലബാർ ഭദ്രാസന ജൂബിലി തുടങ്ങി

കോഴിക്കോട്: മലബാർ ഭദ്രാസനത്തിന്റെ ഒരു വർഷം നീണ്ടു നിൽക്കുന്ന കനകജൂബിലി-ഗ്രാൻഡിയ 50-ആഘോഷങ്ങൾക്ക് തുടക്കമായി. കെ. മുരളീധരൻ എം. പി. ഭദ്രദീപം കൊളുത്തി ഉദ്ഘാടനം നിർവഹിച്ചു.

നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ് ആദ്ധ്യക്ഷ്യം വഹിച്ചു. നിരണം ഭദ്രാസനാധിപൻ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് ജൂബിലി സന്ദേശം നൽകി. സഭാ സെക്രട്ടറി അലക്സാണ്ടർ കാരയ്ക്കൽ, കോഴിക്കോട് കത്തീഡ്രൽ വികാരി. ഫാ. സി. പി. അലക്സാണ്ടർ, ജനറൽ കൺവീനർ ഫാ. ഗീവർഗീസ് പൊന്നോല, ഭദ്രാസന സെക്രട്ടറി ഫാ. വർഗീസ് പുന്നക്കൊമ്പിൽ എന്നിവർ പ്രസംഗിച്ചു.

ജൂബിലി വർഷത്തിൽ ഭവന രഹിതരായ 50 പേർക്ക് വീടുകൾ നൽകും. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കും. തൊഴിൽ ഉപകരണങ്ങൾ വിതരണം ചെയ്യും വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകും. ഭദ്രാസന ഡയറക്ടറി പ്രസിദ്ധീകരിക്കും. മിഷനറി പ്രവർത്തനങ്ങൾക്ക് 50 യുവതീ യുവാക്കളെ കണ്ടെത്തും.

## ഉദ്ഘാടനം ചെയ്തു



ഡൽഹി:- മയൂർ വിഹാർ, സെന്റ്. ജോൺസ് ഓർത്തഡോക്സ് ഇടവകയുടെ ആഭിമുഖ്യത്തിൽ സെ. ജോൺസ് സ്ക്കൂൾ ആരംഭിച്ചു.

ഭദ്രാസന മെത്രാപ്പോലീത്താ ഇയ്യോബ് മാർ പീലക്സീനോസ് ഉദ്ഘാടനം ചെയ്തു. ബ്രഹ്മപാൽ എം.എൽ.എ. ശ്രീ. റ്റി. തോമസ്, ഡോ. മാത്യൂസ് വർഗീസ് തുടങ്ങിയവർ പ്രസംഗിച്ചു. സ്ക്കൂൾ ചെയർമാൻ ഫാ. ബിജു പി. തോമസ് സ്വാഗതവും, സെക്രട്ടറി കെ. പി. വർഗീസ് നന്ദിയും പ്രകാശിപ്പിച്ചു.

## ചരിത്ര സെമിനാർ

കോട്ടയം:- കേരള ചരിത്ര ഗവേഷണ കൗൺസിലും സ്റ്റഡി ഫോർ കേരള ക്രിസ്ത്യൻ കൾച്ചർ & ഹെറിറ്റേജും സംയുക്തമായി മെയ് 30, 31 തീയതികളിൽ കോട്ടയം സോഫിയാ സെന്ററിൽ വച്ച് കൂനൻ കുരിശു സത്യവും, സാമൂഹ്യ ചരിത്രവും എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുന്നു. ഡോ. എം. ആർ. രാഘവ വാര്യർ, ഡോ. കെ. എം. ഗണേഷ്, ഫാ. ഡോ. കെ. എം. ജോർജ്ജ് തുടങ്ങിയവർ നേതൃത്വം നൽകുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലജു പി. തോമസ്, കോ-ഓർഡിനേറ്റർ, ചരിത്ര സെമിനാർ, സോഫിയാ സെന്റർ, കോട്ടയം-1. എന്ന വിലാസത്തിൽ അറിയിക്കുക.

## ഓർത്തഡോക്സ് യുവജന സമ്മേളനം മെയ് 14 മുതൽ

കോട്ടയം: ഓർത്തഡോക്സ് യുവജന പ്രസ്ഥാനം 67-ാം ദേശീയ സമ്മേളനം തണ്ണിത്തോട് സെന്റ് ആന്റണീസ് വലിയ പള്ളിയിലെ ഫാ. പി.എ. സാമുവേൽ നഗറിൽ വച്ച് മെയ് 14 മുതൽ 17 വരെ നടക്കും. "മാറുന്ന ലോകത്തിലെ ക്രിസ്തു സാന്നിധ്യം" എന്നതാണ് മുഖ്യ ചിന്താവിഷയം. പരിശുദ്ധ കാതോലിക്കാ ബാവ തിരുമേനി, ഡോ. യൂഹാനോൻ മാർ മിലിത്തിയോസ്, ഡോ. യാക്കൂബ് മാർ ഐറേനിയോസ്, ഫാ. ഡോ. ഒ. തോമസ്, ഫാ. ഡോ. എ. ടി. ഏബ്രഹാം, ഫാ. ഡോ. ഒ. തോമസ്, ഫാ. ഡോ. എ. ടി. ഏബ്രഹാം, ഫാ. ടൈറ്റസ് ജോർജ്ജ്, ഡോ. അലക്സാണ്ടർ കാരയ്ക്കൽ, പ്രൊഫ. സി. രവീന്ദ്രനാഥ് എന്നിവർ നേതൃത്വം നൽകും.

## തിരുവനന്തപുരത്ത് എം.ജി.ഒ.സി.എസ്.എം. അതിഥി മന്ദിരം

തിരുവനന്തപുരത്ത് ഓർത്തഡോക്സ് സ്റ്റുഡന്റ് സെന്റർ കോംപ്ലക്സിൽ എം.ജി.ഒ.സി.എസ്.എം. ഗസ്റ്റ് ഹൗസ് പ്രവർത്തനം ആരംഭിച്ചു. പുതിയ അതിഥി മന്ദിരത്തിന്റെ കൂദാശയും ഉദ്ഘാടനവും ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു.

ഹ്രസ്വകാല സന്ദർശനത്തിനായി എത്തുന്ന വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ സ്നേഹിതർക്കും മുൻകാല പ്രവർത്തകർക്കും തലസ്ഥാന നഗരിയിൽ സൗജന്യനിരക്കിൽ താമസത്തിനും വിശ്രമത്തിനും ഇവിടെ സൗകര്യം ലഭിക്കും.

## മാർ ദീയസ്ക്കോറോസ് സ്മൃതി മന്ദിരം ഉദ്ഘാടനം ചെയ്തു

പ്രഥമ തിരുവനന്തപുരം ഭദ്രാസനാധിപൻ ഗീവറുഗീസ് മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്തായുടെ നാമധേയത്തിലുള്ള സ്മൃതിമന്ദിരം ഉദ്ഘാടനം ചെയ്തു. പത്തു വർഷങ്ങൾക്കുമുമ്പ് തിരുവനന്തപുരം പട്ടണത്തിൽ നിന്ന് 20 കിലോമീറ്റർ മാറി മലയിൻകീഴ് അണപ്പാട് എന്ന ഗ്രാമത്തിൽ ആരംഭിച്ച ഒരു വിജാതീയ മിഷൻ കേന്ദ്രമാണ് മാർ ഗ്രീഗോറിയോസ് മിഷൻ സെന്റർ. നാല്പത് അക്രൈസ്തവ കുടുംബങ്ങളെ മാമൂദീസ മുക്കി സഭയോടു ചേർത്ത് ഇടവകാംഗങ്ങളായി തുടർന്നു വരുന്ന നൂറോളം വിശ്വാസികൾ ഇവിടെയുണ്ട്. അവർക്കായിഒരു ദേവാലയവും സുവിശേഷ പ്രവർത്തനങ്ങളും നടന്നു വരുന്നു. തിരുവനന്തപുരം പട്ടണത്തിലെ ഡോക്ടർമാർ എല്ലാ ഞായറാഴ്ചയും ഉച്ചയ്ക്ക് കേന്ദ്രത്തിൽ കടന്നു ചെന്ന് തദ്ദേശ വാസികളായ രോഗികളെ പരിശോധിച്ച് അവർക്കായി സൗജന്യമായി മരുന്നുകൾ നൽകിവരുന്നു ഒരു ക്ലിനിക്ക് പ്രവർത്തിക്കുന്നു.

## ADMISSION NOTICE FOR 2003-2004

SHRIDEVI EDUCATION SOCIETY (R)

# SHRIDEVI HOSPITALS
# &
# SHRIDEVI COLLEGE OF ENGINEERING AND TECHNOLOGY

**K.R. EXTENSION, TUMKUR, BANGALORE**

ബാംഗ്ലൂർ, തുംകൂറിലെ പ്രമുഖവും വിഖ്യാതവുമായ ശ്രീദേവി ഹോസ്പിറ്റൽ & എഞ്ചിനീയറിംഗ് കോളജിൽ അഡ്മിഷൻ നേടുന്നതിനുള്ള അവസരം

| | | |
|---|---|---|
| 1. MSc Nursing 2nd Batch (OBG & Medical Surgical) | 2 years | Affiliated Indian Nursing Council, Rajiv Gandhi Health University, Nursing Council Govt. of Karnataka. |
| 2. B.Sc. Nursing 6th Batch | 4 years | Affiliated Indian Nursing Council, F.No. 18-661/2000 INC. Rajiv Gandhi Health University, Nursing Council Govt. of Karnataka. |
| 3. B.Sc. Nursing Post Certificate 3rd Batch | 2 years | Affiliated Indian Nursing Council ACA 25- 0-42 2000-2001 Eligibility: 1. should hold a certificate in General Nursing. 2. Should be a registered Nurse. 3. Should have minimum of 2 years Experience. 4. Should have passed PDC. |
| 4. Gen, Nursing 12th Batch | 3 years | PDC/VHSE/+2 any group pass. Recognised by Indian Nursing Council, I.N.C. (Pt 1V) Dt. 5-3-2001 KNC Govt. of Karnataka. |
| 5. BPT 6th Batch | 4 years | Affiliated Rajiv Health University, IAO and Govt. of Karnataka (PDC Science Group) |
| 6. DMLT | | PDC/SSLC pass-2 years and 3 years Diploma Recognised by Karnataka Paramedical Board, Directorate of Medical Education, Karnataka. |
| 7. B.C.A. | 3 years | Bangalore University |

## B.E. Degree Courses are offered in the following

**1. Computer Science, 2. Electronics & Communication Engineering, 3. Bio-Technology**

***(Affiliated to V.T.U. Balgam Approved by AICTE, New Delhi.)***

* സ്വന്തമായി 300 ബെഡ് ആശുപത്രി * ഇവിടെ നിന്ന് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ വർക്ക് സ്വദേശത്തും വിദേശത്തും ജോലി * സുരക്ഷിതമായ ഹോസ്റ്റൽ * പ്രഗത്ഭരായ അദ്ധ്യാപകർ * ഓപ്പറേഷൻ തിയേറ്ററുകളിലും ഡയഗണോസ്റ്റിക് സെന്ററുകളിലും പ്രായോഗിക പരിശീലനം * അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ സഹിതം രക്ഷകർത്താ വിനോടൊപ്പം താഴെപറയുന്ന സ്ഥലത്ത് കോളജ് വാർഡനെ നേരിൽ കണ്ട് സീറ്റ് ഉറപ്പുവരുത്തുക.

Provisions are made for students to participate in worship every sunday under the Leadership of A.G. Church, I.P.C. Church, St. John's Marthoma Church, R.C. Church and **St. Gregorios Orthodox Syrian Church, at Tumkur.**

Contact Address in Kerala: **M.K. Thomaskutty (warden), Marathuvelil Puthenveettil (H), Opp (N.S.S.H.S.), Near Manesha College, Thadiyoor P.O., Thiruvalla-689545, Kearala.**

**Phone: 0469-2654377, 2654755**

Director: **DR. M.R. HULINAYKAR. M.B.B.S., M.S.**


**സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന പരിശുദ്ധ ബാവാ തിരുമേനിക്ക് എല്ലാ മംഗളങ്ങളും നേർന്നുകൊണ്ട്**



*Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2003-05*

**THE MALANKARA SABHA**, CATHOLICATE OFFICE, KOTTAYAM-686 038

# ചരമവാർഷികം



## കുഞ്ഞമ്മസാർ

### ചെങ്ങന്നൂർ

PRINTED AND PUBLISHED BY FR. T.A. EDAYADI FOR ORTHODOX VISWASA PARIPALANA SAMITHY, KOTTAYAM.
PRINTED AT GRAPHICS & CO., MALLAPPALLY. 0473-682260, 784163 FOR CATHOLICATE PRESS KOTTAYAM-38; CHIEF EDITOR FR. DR. JOHN PANICKER. RS. 7/-